32JG PRETHA MANUSHIAN SHELLEY

O:3L97:1
32J9

13L97:L 32J9

MURUGAN B
ELEPH
MAD
NO. 8. BOMMU LIVER ST.

MUL
202662

**Madras University Library**

Call Number

Accession Number

Available for loan from

This book should be return[ed on or before]
the date last marked be[low]

5 FEB 1990

12 MAR 1992

O. 61

# പ്രേതമനുഷ്യൻ

# PRETHA MANUSHIAN

(MARY SHELLEY)

Translated by

M. R. NARAYANA PILLAI

Published by

P. K. BROTHERS—CALICUT

Price Re 1

# പ്രേതമനുഷ്യൻ

(മേരി ഷെല്ലി)

വിവർത്തകൻ:

എം. ആർ. നാരായണപ്പിള്ള

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ് — കോഴിക്കോട്

വില: ഒരുറുപ്പിക

ഒന്നാംപതിപ്പ് 1959
കോപ്പി 1000
പകർപ്പവകാശം
പ്രസാധകന്മാർക്ക്

അച്ചടി:
അരുണോദയം പ്രസ്സ്–വടക്കാഞ്ചേരി

202662
O:3L97:1
32J9

# പ്രേതമനുഷ്യൻ

## I

ഞങ്ങളുടെ കപ്പൽ മഞ്ഞുകട്ടിയിൽ ഉറച്ചു. ചുററും മൂടൽമഞ്ഞു വ്യാപിച്ചിരുന്നു. പകൽ രണ്ടുമണിസമയമായപ്പോൾ അതു തെല്ലു ശമിച്ചു. പ്രകാശം കണ്ടുതുടങ്ങി. എന്നോടൊന്നിച്ചു വന്നിരുന്നവരെ ഈ അനുഭവങ്ങൾ അത്യന്തം ഭീതരാക്കി. ഈ അവസരത്തിൽ അതിശയകരമായ ഒരു കാഴ്ച കാണ്മാനിടയായി. ആരോ ഒരുവൻ രണ്ടു നായ്ക്കളെ കെട്ടി ഒരു മഞ്ഞുവണ്ടി വലിപ്പിച്ചുകൊണ്ടു് ഉത്തരധ്രുവത്തെ ലക്ഷ്യമാക്കി അതിവേഗത്തിൽ പായുന്നുണ്ടായിരുന്നു. അത്ഭുതത്തോടെ ഞാൻ ആ കാഴ്ച നോക്കിനിന്നു. തെല്ലുനിമിഷങ്ങൾക്കുള്ളിൽ ആ മനുഷ്യനും വണ്ടിയും എൻെറ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞു.

പിറേറദിവസം രാവിലെ കപ്പലിൻെറ മേൽത്തട്ടിൽനിന്നും അസാധാരണമായി പുറപ്പെട്ടുകേട്ട ശബ്ദം

---

* വാൽടൻ എന്നയാൾ തൻെറ ഉത്തരധ്രുവപര്യടനത്തിലുണ്ടായ അനുഭവങ്ങളെ ഇംഗ്ലണ്ടിൽ പാക്കുന്ന സഹോദരി സാവിലിനെ എഴുതി അറിയിക്കുന്ന ഭാവനയിലാണു് ഈ കഥ നിബന്ധിച്ചിരിക്കുന്നതു്:

എന്നെ അവിടേക്കാകർഷിച്ചു. ഏതോ ഒരപരിചിതനുമായി കപ്പലിലെ പണിക്കാർ സംസാരിക്കുകയായിരുന്നു. മഞ്ഞുരുകുകയാൽ വെള്ളത്തിൽ താഴ്ന്നുകിടന്നിരുന്ന ഒരു വണ്ടിയും ജീവനുള്ള ഒരു നായയും എന്റെ ദൃഷ്ടിയിൽ പെട്ടു.

ഞാൻ കടന്നുചെന്ന മാത്രയിൽ തന്റെ അത്യാഹിതത്തേയും ദുഃഖത്തേയും വകവെയ്ക്കാതെ ആ അപരിചിതൻ എന്നോടു് "നിങ്ങൾ എവിടേക്കാണു് പോകുന്നതു്?" എന്നു ചോദിച്ചു.

"ഉത്തരധ്രുവത്തിലേയ്ക്കു്" ഞാൻ മറുപടി പറഞ്ഞു

എന്റെ മറുപടി അയാൾക്കു് എന്തെന്നില്ലാത്ത സന്തോഷത്തെയുണ്ടാക്കി എന്നു് മുഖഭാവത്തിൽനിന്നും ഞാൻ അനുമാനിച്ചു.

"ദയവുചെയ്തു് എന്നെക്കൂടി നിങ്ങളുടെ കപ്പലിൽ കയററുക" എന്നയാൾ വിനയപൂർവ്വം അപേക്ഷിച്ചു.

അയാളെ കപ്പലിൽ കയററി ചൂടുള്ള കമ്പിളിയും, മററും കൊടുത്തു് ഞങ്ങൾ വേണ്ടത്ര ശുശ്രൂഷിച്ചു.

മഞ്ഞിൽ മരവിച്ചുപോയിരുന്ന അയാൾക്കു പരിപൂർണ്ണസുഖം ലഭിക്കുവാൻ ഏതാനും ദിവസങ്ങൾ വേണ്ടിവന്നു.

അസ്വാസ്ഥ്യങ്ങൾ നീങ്ങി എഴുന്നേററപ്പോൾ അയാൾ എന്റെ സമീപം വന്നു് ഇങ്ങിനെ പറഞ്ഞു:—

"നിങ്ങളുടെ അനുകമ്പാമസൃണമായ സഹായങ്ങൾക്കു നന്ദി. നിങ്ങൾ എന്നെ രക്ഷിച്ചുവെങ്കിലും അതുകൊ

ണ്ടു പ്രയോജനമില്ല. ഞാൻ ഒരു കാര്യം ബദ്ധപ്പാടോടെ പ്രതീക്ഷിക്കുന്നു. അതു സാധിച്ചാലുടൻ ഞാൻ കൃതാൎത്ഥതയോടെ മരിക്കുന്നതാണു്. എന്റെ ജീവചരിത്രം ഞാൻ നിങ്ങളെ കേൾപ്പിക്കാം. അപ്പോൾ ഞാൻ പറഞ്ഞതിന്റെ പരമാൎത്ഥം നിങ്ങൾക്കു മനസ്സിലാകും."

അയാൾ വീണ്ടും ഇങ്ങിനെ തുടൎന്നു:—

"ഞാൻ ഒരു ജനീവക്കാരനാണു്. അവിടത്തെ പുരാതനകുടുംബങ്ങളിൽവെച്ചു പ്രാധമ്യം അൎഹിച്ചിരുന്നു എന്റേതു്. അവിടത്തെ ജനകീയഭരണസമിതിയിൽ എന്റെ പ്രപിതാമഹന്മാർ അംഗങ്ങളും നേതാക്കന്മാരുമായിരുന്നിട്ടുണ്ടു്. എന്റെ പിതാവു പ്രായം വളരെ അതിക്രമിച്ച ശേഷമാണു് വിവാഹം ചെയ്തതു്.

എന്റെ പിതാവിന്റെ വിവാഹകഥ ബഹുവിചിത്രമാണു്. അദ്ദേഹത്തിന്റെ ഔദാൎയ്യത്തിനും സൌഹൃദത്തിനും അതൊരു ദൃഷ്ടാന്തംകൂടിയാണു്. ബോവർട്ടു് എന്നു പേരായ ഒരു വ്യാപാരി അദ്ദേഹത്തിന്റെ പ്രധാനചങ്ങാതിയായിരുന്നു. അയാൾ തന്റെ കഷ്ടകാലത്തിനു് ഐശ്വൎയ്യപൂൎണ്ണമായി ജീവിച്ചുപോന്നിരുന്ന സ്വന്തനാട്ടിൽ ഇരിപ്പുറയ്ക്കാതെ കച്ചവടവും, കൊടുക്കൽ വാങ്ങൽ മുതലായ എല്ലാ ഏൎപ്പാടുകളും അവസാനിപ്പിച്ചു് ഒരു ദിവസം ലൂബർസ് എന്ന ദിക്കിലേയ്ക്കു താമസം മാററി. ജീവിതമാൎഗ്ഗത്തിനുള്ള വരുമാനം മുട്ടി അയാൾ അങ്ങിനെ കഷ്ടപ്പെട്ടു് അവിടെ കഴിഞ്ഞുകൂടി. എന്റെ പിതാവിനു് ബോവർട്ടു് എന്നുവെച്ചാൽ ജീവനായിരുന്നു. അ

യാളുടെ വേർപാടിൽ അദ്ദേഹം വളരെ ദുഃഖിക്കുകയും അയാളുടെ പുതിയ സ്ഥലത്തെ ജീവിതരീതിയെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. സ്നേഹിതൻ വളരെ ദാരിദ്ര്യത്തിലും ദുഃഖത്തിലുമാണെന്നറിഞ്ഞപ്പോൾ പിതാവിനു അയാളിൽ ഏതെന്നില്ലാത്ത സഹതാപം ജനിച്ചു. അയാളെ അന്വേഷിച്ചുപിടിച്ച് വീണ്ടും സ്വദേശത്തുതന്നെ കൊണ്ടുവന്നു പാർപ്പിക്കണമെന്നദ്ദേഹം തീർച്ചയാക്കി പുറപ്പെട്ടു. ബോവർട്ടിൻെറ പുതിയ പാർപ്പിടം അന്വേഷിച്ചുപിടിച്ച് അദ്ദേഹം അയാളെ കണ്ടെത്തി. വളരെ അന്തസ്സിലും സുഭിക്ഷതയിലും ജീവിച്ചിരുന്ന ഒരുവൻ നിർധനനായിത്തീർന്നാൽ അതിൽ കൂടുതലായി എന്തൊരു രോഗമാണു് ബാധിക്കാനുള്ളത്? അയാളുടെ ഈ അവസ്ഥാന്തരം അയാളെ ഒരു രോഗിയാക്കിത്തീർത്തു. ഏകപുത്രിക്കുവേണ്ടി അയാൾ അത്രയും കാലം തൻെറ ജീവനെ നിലനിർത്തി പോന്നതാണെന്നു വേണം പറയുവാൻ.

എൻെറ പിതാവു് അവിടെ എത്തിയപ്പോൾ ബോവർട്ടിൻെറ ജീവൻ പരലോകത്തേയ്ക്കു ഗമിച്ചിരുന്നു. നിരാധാരയായിത്തീർന്നിരുന്ന അയാളുടെ പുത്രി മൃതശരീരത്തിനു സമീപമിരുന്നു നിലവിളിക്കുന്നുണ്ടായിരുന്നു. പിതാവു് ഉടൻതന്നെ ബോവട്ടിൻെറ ശവസംസ്കാരക്രിയ നടത്തിച്ചശേഷം അയാളുടെ പുത്രിയായ കരോലൈൻ ബോവട്ടിനേയും കൂട്ടിച്ചുകൊണ്ടു വീട്ടിലേയ്ക്കു മടങ്ങി. രണ്ടു വർഷങ്ങൾക്കുശേഷം പിതാവു് ആ സ്ത്രീയെ വിവാ

ഹം ചെയ്തു. അവരുടെ പ്രായത്തിനു തമ്മിലുള്ള വ്യത്യാസം വളരെ അകന്നതായിരുന്നുവെങ്കിലും സന്ദർഭം അവരെത്തമ്മിൽ ബന്ധിച്ചു. നന്നേ ചെറുപ്പത്തിൽത്തന്നെ ഇത്ര വലിയ ക്ലേശങ്ങളും ദാരിദ്ര്യദുഃഖവും അനുഭവിക്കാനിടവന്നതുനിമിത്തം എന്റെ മാതാവിന്റെ ശരീരാരോഗ്യം വളരെ ക്ഷയിച്ചിരുന്നു. അവരുടെ ആരോഗ്യത്തെ അഭിലഷിച്ചു് അച്ഛൻ അവരേയും കൂട്ടിച്ചുകൊണ്ടു ദേശസഞ്ചാരത്തിനു പുറപ്പെട്ടു. ഇററലിയിൽ ഏതാനും നാൾതങ്ങിയശേഷം നേരെ ജർമ്മനിയിലേക്കു പോയി. അവിടെനിന്നും ഫ്രാൻസിലേക്കു വന്നു. അവരുടെ ഈ യാത്രയിൽ എന്നെ നേപ്പിൾസിൽ വെച്ചുപ്രസവിച്ചു. അവരുടെ ആദ്യത്തെ സന്താനം ഞാനാണു്. എന്റെ ജനനശേഷം വളരെക്കാലത്തേക്കു് അവക്കു സന്താനങ്ങളൊന്നുമുണ്ടായില്ല. എന്നാൽ, എന്റെ മാതാവിനു് ഒരു പെൺകുട്ടി ഉണ്ടായിക്കാണണമെന്നതിൽ അതിയായ അഭിവാഞ്ഛ ജനിച്ചിരുന്നു.

എനിക്കു കഷ്ടിച്ചു് അഞ്ചുവയസ്സു പ്രായമായി. അപ്പോൾ ഞങ്ങൾ ഇററലിക്കുമപ്പുറത്തൊരു സുഖവാസസ്ഥലത്തേക്കു പോകയും അവിടെ ഏററവും ദാരിദ്ര്യകുടുംബമായ ഒരിടത്തുനിന്നും ഒരു പെൺകുട്ടിയെ അമ്മ ദത്തെടുക്കുകയും ചെയ്തു. ആ പെൺകുട്ടി അഴകിനൊപ്പം ശീലഗുണവുമുള്ളവളായിരുന്നു. അവളുടെ പേർ എലിസബത്തു ലാവെൻസാ. ആരുടെ ശ്രദ്ധയേയും സവിശേഷം ആകർഷിക്കുന്ന ഒരു തങ്കവിഗ്രഹം. അവളും ഞങ്ങളുടെ ചെറിയ കുടുംബത്തിലെ ഒരംഗമായി വളർന്നുവന്നു.

ചെറുപ്രായത്തിൽ ഞങ്ങളിരുവരും ഇണപിരിയാതെ കളിച്ചുമേളിച്ചു ദിനങ്ങൾ നയിച്ചു. പ്രായം അതിക്രമിച്ചതോടെ ഞങ്ങളുടെ ബുദ്ധിയും വികസിക്കുവാൻ തുടങ്ങി. പ്രകൃതിസൌകുമാര്യത്തെ ആസ്വദിക്കുന്നതിലും അതിന്റെ അനന്തമഹിമയെ ആരാധിക്കുന്നതിലും അവൾ വെമ്പൽകൊണ്ടു. ഞാനാകട്ടെ, പ്രകൃതിയിലുള്ള ഓരോ വസ്തുക്കളുടേയും കാര്യകാരണബന്ധം ആരായുന്നതിൽ അതീവ തല്പരനായി.

എനിക്കൊരു സഹോദരൻ ജനിച്ചതോടെ മാതാപിതാക്കന്മാരുടെ പാദങ്ങൾ ബന്ധിച്ചു എന്നുതന്നെ പറയാം. അവന്റെ ജനനത്തോടുകൂടി ഞങ്ങളുടെ ദേശാന്തരഗമനം നിശ്ശേഷം നിലച്ചു. സ്വദേശത്തു തിരിച്ചുവന്ന ഞങ്ങൾ അവിടെത്തന്നെ സ്ഥിരമായി പാർപ്പുറപ്പിച്ചു. എന്റെ സഹോദരനും എനിക്കും തമ്മിൽ പ്രായത്തിൽ ഏഴുവർഷത്തെ വ്യത്യാസമാണുള്ളതു്.

ജനീവയിലെ ഞങ്ങളുടെ ഗൃഹത്തിനു സമീപത്തായിരുന്നു ബെൽറീവു തടാകം. അതിന്റെ തൊട്ടുതന്നെ വിസ്തീർണ്ണമായ ഒരുദ്യാനവുമുണ്ടു്. അധികമാരുമായി ഇടപഴകുന്നതിലും ജനനിബിഡമായ സ്ഥലങ്ങളിൽ പെരുമാറുന്നതിലും എനിക്കത്ര ഇഷ്ടമില്ലായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ എന്റെ സതീർത്ഥ്യരൊന്നിച്ചുകൂടി കളിക്കുന്നതുപോലും എനിക്കത്ര ഇഷ്ടമായിരുന്നില്ല. അവരെ കാണുന്നതുതന്നെയും എനിക്കസഹ്യമായിരുന്നു എന്നുവേണം പറവാൻ. സഹപാഠികളിൽ ഒരൊററയാൾ മാത്ര

ട എന്റെ ഉററമിത്രമായുണ്ടായിരുന്നുള്ളു. അയാൾക്കു മാത്രമേ എന്റെ ഹൃദയത്തെ വശീകരിക്കുവാൻ കഴിഞ്ഞുള്ളു. അയാൾ ജനീവയിലെ ഒരു പ്രബലകച്ചവടക്കാരന്റെ പുത്രനായിരുന്നു. അയാളുടെ പേർ ഹെൻറി ക്ലേർവെൽ. അഗാധചിന്തകനും നിരീക്ഷണപടുവുമായിരുന്നു അയാൾ. പുരാതനചരിത്രലക്ഷ്യങ്ങൾ ആരായുന്നതിലും ചരിത്രഗ്രന്ഥങ്ങൾ വായിക്കുന്നതിലും അയാൾ അതീവ തല്പരനായിരുന്നു. ഞങ്ങളെപ്പോലെ ബാല്യത്തിന്റെ പരമാനന്ദം ആസ്വദിക്കുവാൻ മനുഷ്യവർഗ്ഗത്തിൽ മററാർക്കും സാധിച്ചിട്ടില്ലെന്നുവേണം പറവാൻ. അത്ര ആനന്ദമയമായ ഒരു ജീവിതമാണു് അന്നു ഞങ്ങൾ നയിച്ചിരുന്നതു്.

പ്രകൃതിരഹസ്യങ്ങൾ ആരാഞ്ഞുകണ്ടുപിടിക്കണമെന്ന വൈരാഗ്യബുദ്ധി വിധിതന്നെയാണു് എനിക്കു നല്കിയതെന്നുവേണം പറവാൻ. എനിക്കു കഷ്ടിച്ചു പതിമൂന്നു വയസ്സു പ്രായമേ ആയിരുന്നുള്ളു. അന്നൊരിക്കൽ ഞാൻ ചിലരൊന്നിച്ചു വിശ്രമാർത്ഥം തോണാനിലേയ്ക്കു പോകയുണ്ടായി. അപ്പോൾ അവിടത്തെ പ്രകൃതി അത്ര അനുകൂലമല്ലായിരുന്നതിനാൽ ഏതാനും ദിവസം ഒരു ഹോട്ടലിൽ തങ്ങേണ്ടിവന്നു. അവിടെ കിടന്നിരുന്ന ഏതാനും പുസ്തകങ്ങൾ എന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. അതിൽ ഒന്നു് * കാർനീലിയസ് അഗ്രിഫാ എഴുതിയ ഗ്രന്ഥമായിരുന്നു. അതു വായിച്ചു ഞാൻ ആവേശം

* ഒരു പ്രസിദ്ധ രസവാദി.

കൊണ്ടു. അതോടെ പുതിയ പുതിയ വിഷയങ്ങൾ എൻെറ ഹൃദയത്തിൽ ഉദിച്ചുപൊന്തി. ഞാൻ വായിച്ചിത്ത വിഷയത്തെപ്പററി എൻെറ പിതാവിനോടു പറഞ്ഞു. "വിക്റ്റർ! കാർനീലിയസ് ആഗ്രിഹാവോ? നീ വെറുതെ ആ വക അബദ്ധപ്പഞ്ചാംഗങ്ങളൊന്നും വായിച്ചു വിലയേറിയ സമയം പാഴാക്കേണ്ട." എന്നൊരാജ്ഞയായിരുന്നു അതിന്നു സമാധാനമായി അദ്ദേഹത്തിൽനിന്നും എനിക്കു ലഭിച്ചതു്.

ഞാൻ എത്രയോ ആവേശത്തോടെ പറഞ്ഞ ഇക്കാര്യം വെറും അബദ്ധമെന്നു പറഞ്ഞു് എന്നെ തടസ്സപ്പെടുത്താതെ അദ്ദേഹം ആഗ്രിഷയുടെ സിദ്ധാന്തങ്ങൾ ഇന്നവയെന്നും അവ എങ്ങിനെ വ്യർത്ഥങ്ങളെന്നും വിവരിച്ചുതന്നിരുന്നുവെങ്കിൽ എനിക്കതിൽ അപ്പോൾ തന്നെ ഒരു വിരക്തി വന്നുപോകുമായിരുന്നു. എന്നാൽ, അദ്ദേഹത്തിൻെറ നിഷേധം എൻെറ ജിജ്ഞാസയെ വർദ്ധിപ്പിക്കുകയാണു് ചെയ്തതു്. ഒരു കാര്യം ചെയ്യരുതെന്നു തടുത്താൽ അതു ചെയ്യണമെന്ന ശാഠ്യത്തിലേക്കാണല്ലോ ഇളംബുദ്ധി കുതിച്ചുപായുക. ഞാൻ ഗൃഹത്തിൽ മടങ്ങി എത്തിയതോടുകൂടി ആ വക ഗ്രന്ഥങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിച്ചു. പ്രകൃതിയുടെ പരമരഹസ്യങ്ങൾ അറിയണമെന്ന വൈരാഗ്യമാണു് എന്നെ ഇതിനൊക്കെ പ്രേരിപ്പിച്ചതു്. നവീനശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തങ്ങളെക്കുറിച്ചും സിദ്ധാന്തങ്ങളെക്കുറിച്ചുമെല്ലാം ഞാൻ വേണ്ടത്ര വായിച്ചുവെങ്കിലും അവയിലൊന്നിലും

എൻെറ മനസ്സു തൃപ്തിപ്പെട്ടില്ല. എൻെറ വിജ്ഞാനതൃഷ്ണയെ ശമിപ്പിക്കുവാൻ അവയൊന്നും പര്യാപ്തമായില്ല തന്നെ.

സർ ഐസക്ക ന്യൂട്ടൻ തൻെറ വിജ്ഞാനത്തെ സംബന്ധിച്ചു് ഒരിക്കൽ പറഞ്ഞതു് താൻ സാഗരകരയിൽ കല്ലെറിഞ്ഞുകളിക്കുന്ന ഒരു ചെറിയ കുട്ടിക്കു സമാനനെന്നാണു്. നവീനശാസ്ത്രപണ്ഡിതന്മാരെല്ലാം ഈ മാതിരി കല്ലെറിഞ്ഞു കളിക്കുന്ന കുട്ടികളാണെന്നു ഞാൻ കണക്കാക്കി.

കലാശാലയിൽനിന്നും കിട്ടാവുന്നിടത്തോളമുള്ള വിജ്ഞാനമൊക്കെ എനിക്കു ജനീവയിൽവെച്ചു ലഭിച്ചുവെങ്കിലും യഥാർത്ഥത്തിൽ എനിക്കുള്ള അറിവൊക്കെ സ്വന്തസമ്പാദ്യമെന്നുവേണം പറവാൻ. എൻെറ അച്ഛനാണെങ്കിൽ ശാസ്ത്രീയവിഷയങ്ങളിൽ കേവലം അജ്ഞനായിരുന്നു. ആയതിനാൽ എൻെറ വിജ്ഞാനദാഹശമനാർത്ഥം ഞാൻതന്നെ പണിപ്പെട്ടദ്ധ്വാനിക്കേണ്ടിവന്നു. ഞാൻ സമ്പാദിച്ച വിജ്ഞാനം, സിദ്ധാന്തങ്ങളേയും ജീവരസത്തേയും ആരായുന്നതിൽ എന്നെ പ്രേരിപ്പിച്ചു. ഒടുവിൽ ജീവൻെറ രഹസ്യം കണ്ടുപിടിക്കുന്നതിൽ എൻെറ മുഴുവൻ ചിന്തയും വൃത്തിയും വ്യാപരിച്ചു. ഐശ്വര്യമെന്നതു് വെറും തുച്ഛമായ ഒന്നാണു്. അതിൽ അത്രയൊന്നും ശ്രദ്ധിക്കാനില്ല. ശരീരത്തിൽനിന്നും രോഗബീജങ്ങളെ നിശ്ശേഷം അകററി മനുഷ്യനെ ഒരു സ്ഥിരജീവിയാക്കി— അനശ്വരവസ്തുവാക്കി— തീർക്കാൻ കഴിയുമെങ്കിൽ അതെത്ര മഹത്തായ ഒരു സേവനമാണു്.

എൻെറ ചിന്തകൾ അവിടെയെങ്ങും നിന്നില്ല. ഭൂതപ്രേതപിശാചങ്ങളെ ആവാഹിച്ചുവരുത്തുന്നതെങ്ങിനെയെന്നും എൻെറ ഗ്രന്ഥകൎത്താക്കന്മാർ എനിക്കു പഠിപ്പിച്ചുതന്നിരുന്നു. അതും പ്രയോഗിച്ചു പരീക്ഷിക്കണമെന്നു തീൎച്ചയാക്കി. എൻെറ ഉപാസനകളും മന്ത്രോച്ചാടനങ്ങളും സഫലമായില്ലെങ്കിൽ സാധകക്കുറവെന്നു സമാധാനപ്പെടാം. ഗ്രന്ഥകാരന്മാരായ ഗുരുനാഥന്മാരെ ഞാൻ തെല്ലും അവിശ്വസിക്കയാകട്ടെ അപലപിക്കയാകട്ടെ ചെയ്തില്ല. അവരുടെ നിൎദ്ദേശങ്ങളിൽ അടിയുറച്ച വിശ്വാസത്തോടെ എൻെറ ബുദ്ധി പ്രവൎത്തിച്ചു.

എനിക്കു വയസ്സു പതിനഞ്ചാണു്. ഞാൻ ചെൽറിയിലുള്ള സ്വഗൃഹത്തിലേക്കു താമസം മാററിയിരുന്നു. ആ അവസരത്തിൽ ലോകം അവസാനിക്കുവാൻ പോകയാണോ എന്നു സംശയിക്കുമാറു് അത്ര കഠോരമായ ഒരു കൊടുങ്കാററുണ്ടായി. യൂറോമലഞ്ചെരുവിൽനിന്നാണു് ആ കാററു് ആദ്യമായി പുറപ്പെട്ടതു്. നാലു ദിക്കുകളിൽനിന്നും ഇടിനാദം മുഴങ്ങി മാറെറാലിക്കൊണ്ടു. ഞാൻ ഈ ഘോരനാടകത്തെ ആശ്ചൎയ്യത്തോടും ആനന്ദത്തോടും വീക്ഷിച്ചു. ഇങ്ങിനെ ഞാൻ ഈ പ്രകൃതിവിക്ഷോഭത്തിൻെറ കരാളഗൎത്തത്തിൽ ഹൃദയം ചെലുത്തി ഇരിക്കുമ്പോൾ എൻെറ വീട്ടിന്നഭിമുഖമായി തെല്ലുദൂരത്തിൽ ആകാശമണ്ഡലത്തോളം ഉയൎന്നുനിന്നിരുന്ന ഒരു കൂററൻമരം തീപിടിച്ചെരിയുന്നതായി കണ്ടു. കണ്ണഞ്ചിച്ചിരുന്ന ആ തീജ്വാല അണഞ്ഞുനോക്കുമ്പോൾ ആ വൃക്ഷത്തിൻെറ ഒരു

ട്ടയാളുംപോലും അവിടെ കണ്ടുമാനുണ്ടായിരുന്നില്ല. പിറേറദിവസം ഞാൻ അവിടെ ചെന്നുനോക്കി. ആ വൃക്ഷം അശനിപാതത്താൽ പിളൎന്നുപോകാതെ നാരുനാരായി ചതഞ്ഞുകാണപ്പെട്ടു. ഇതുപോലെ നാശമായ ഒരു വസ്തുവും ഞാൻ ഒരിക്കലും കാണുകയുണ്ടായിട്ടില്ല.

വിദ്യുത്ശക്തിയെപ്പററി സാധാരണജനങ്ങൾക്കറിയാമായിരുന്ന സാമാന്യവിവരങ്ങൾപോലും എനിക്കിതേവരെ അറിവില്ലായിരുന്നു. ഇടിവെട്ടേററു നശിച്ച വസ്തുക്കൾ കാണ്മാനായി വന്നിരുന്ന കൂട്ടത്തിലുണ്ടായിരുന്ന ഒരു ശാസ്ത്രജ്ഞൻ അതേപ്പററി കൂടുതൽ വിവരങ്ങൾ നല്കി. അദ്ദേഹത്തിന്റെ വാക്കുകൾ അഗ്രഫാ തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങളെ എന്റെ ഹൃദയത്തിൽനിന്നും തെല്ലകററിനിൎത്തി. എന്നാൽ, വിധി വലുതാണു്. താമസംവിനാ അവർ എന്റെ ഹൃദയനഭസ്സിൽ ഉജ്ജ്വലതാരങ്ങളായി പ്രശോഭിച്ചു.

എനിക്കു വയസ്സു പതിനേഴായി. എന്നെ ഇൻകോൽസ്റ്റാട്ടു് സൎവ്വകലാശാലയിൽ ചേൎത്തു പഠിപ്പിക്കുവാൻ അച്ഛൻ തീൎച്ചയാക്കി എനിക്കു പുറപ്പെടേണ്ട തീയതിയും നിശ്ചയിച്ചുകഴിഞ്ഞു. അപ്പോൾ എന്റെ ജീവിതത്തെ ഗ്രസിക്കുവാൻപോകുന്ന അന്ധകാരത്തിന്റെ നാന്ദിയെന്നോണം ഒരു വിപരീതസംഭവം യാത്രക്കു വിലങ്ങടിച്ചുനിന്നു.

എലിസബെത്തിനു സന്നിപാതജ്വരത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. എന്നല്ല, ക്ഷണത്തിൽ ജ്വരം

അവളെ കിടപ്പിലാക്കി. എൻെറ അമ്മ രാത്രി പകലെ
ന്നില്ലാതെ അവളെ സമീപത്തിരുന്നു ശുശ്രൂഷിച്ചു. രോ
ഗം അവളെ വിട്ടൊഴിഞ്ഞു. എന്നാൽ, അതു് അമ്മയി
ലേക്കു സംക്രമിക്കയാണുണ്ടായതു്. അമ്മയുടെ സ്ഥിതി
നിമിഷംതോറും രൂപാന്തരപ്പെട്ടുവന്നു. അവർ അതോ
ടെ ഞങ്ങളെ എന്നെന്നേക്കുമായി വിട്ടുപിരിയുകയും ചെ
യ്തു. മരണവേളയിൽ അമ്മ എന്നോടായിട്ടു് ഞാനും എ
ലിസബെത്തും തമ്മിൽ വിവാഹം നടത്തി സഹോദരങ്ങ
ളെ വേണ്ടവണ്ണം ശുശ്രൂഷിച്ചാൽ വയ്യാത്ത കാലത്തു് അ
ച്ഛനു വളരെ ആശ്വാസമായിരിക്കുമെന്നു പറഞ്ഞു. അ
മ്മയുടെ അന്ത്യക്രിയകളൊക്കെ ഭംഗിയായി നിർവ്വഹിച്ച
ശേഷം ഞാൻ ഇൻഗോൾസ്റ്റാട്ടിലേക്കു പോയി.

അവിടെ എത്തിച്ചേർന്നതിൻെറ അടുത്തദിവസം
പരിചയപ്പെടുവാനുള്ള എഴുത്തുകൾ കൊടുത്തു. പ്രധാന
പ്പെട്ട പണ്ഡിതന്മാരെയെല്ലാം കാണുവാനായി ഞാൻ അ
വരെ അന്വേഷിച്ചു തിരിച്ചു. ആദ്യമായിത്തന്നെ എ
ന്നെ തത്വശാസ്ത്രപണ്ഡിതനായ ക്രെമ്പിൻെറ സമീപ
ത്തേക്കു നയിച്ചതു് അപ്പോഴും എന്നെ ഞെരുക്കുവാൻ തീ
ർച്ചയാക്കിയ വിധിയുടെ മനഃപൂർവ്വമാണെന്നാണു് ഞാൻ
കരുതുന്നതു്. കാഴ്ചയിൽ അദ്ദേഹമൊരു വിരൂപിയായി
രുന്നു. എന്നിൽ പ്രകൃതിയുടെ പരമതത്വങ്ങൾ നിറച്ച
ഒരു കലവറയായിരുന്നു അദ്ദേഹം. ആദ്യമായി അദ്ദേഹം
എൻെറ അറിവിനെ പരിശോധിച്ചു. വായിച്ചിരുന്ന ഗ്ര
ന്ഥങ്ങളുടെ കർത്താക്കന്മാരായ രസവാദികളുടെ പേർ മുഴു

വൻ ഞാൻ വിവരിച്ചു. "ഈ വക അബദ്ധങ്ങളൊക്കെ പഠിക്കുന്നതിലാണ് നീ നിൻെറ വിലപിടിച്ച സമയം മുഴുവൻ ചെലവഴിച്ചതു്. അല്ലേ?" അദ്ദേഹം ചോദിച്ചു.

'അതേ' എന്നു ഞാൻ ഉത്തരം പറഞ്ഞു.

"ഇതുവരെ നീ ചെലവഴിച്ച ഓരോ നിമിഷവും വ്യത്ഥമാണ്. നശിച്ചുപോയ തത്വങ്ങളെയാണ് ചുമക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയാതെ ഇതേവരെ നീ ഏതു മരുഭൂമിയിലാണ് ജീവിച്ചതു്? ആ വക കെട്ടുകഥകളെല്ലാം വെറും നിരത്ഥങ്ങളെന്നു നിനക്കു പറഞ്ഞുതരുവാൻ തിരിച്ചറിവുള്ള ആരും ഇല്ലാതെ പോയോ? നീ വായിച്ചതായി പറയുന്ന ഗ്രന്ഥങ്ങളുടെ കത്താക്കന്മാരായ ആൽഫ്രഡ് സ്മാകനസ്, ഫാർസൽസസ് എന്നിവരുടെ ശിഷ്യരായി ഒരാളെയെങ്കിലും ഈ ഭൂമുഖത്തു കണ്ടുകിട്ടുമെന്നു വിശ്വാസമേ എനിക്കില്ലായിരുന്നു. അതൊക്കെ പോകട്ടെ. ഇനി നീ ആദ്യമായിത്തന്നെ പഠിപ്പുതുടങ്ങേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞു ഞാൻ വായിക്കേണ്ട പുസ്തകങ്ങളുടെ ഒരു പട്ടിക എനിക്കു നല്കി. അനന്തരം അദ്ദേഹം, അടുത്ത ആഴ്ചമുതൽ പ്രകൃതിശാസ്ത്രം താൻതന്നെ പഠിപ്പിച്ചുതുടങ്ങാമെന്നാണുദ്ദേശിക്കുന്നതെന്നും അദ്ദേഹത്തിൻെറ സഖാവായ വാൽട്മൻ രസതന്ത്രം പഠിപ്പിക്കുമെന്നും പറഞ്ഞു.

ഞാൻ വീട്ടിലേയ്ക്കു മടങ്ങി. ഗ്രമ്പിൻെറ വഴി എനിക്കത്ര പിടിച്ചില്ല. രസതന്ത്രം പഠിച്ചേറിയണമെന്നു് എനിക്കു മുൻപുതന്നെ ഉണ്ടായിരുന്ന ആശയമാണ്. ന

വീനശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണങ്ങളും കണ്ടുപിടിത്തങ്ങളും ഞാൻ വില വച്ചില്ല. രസവാദം വെറുമൊരു സ്വപ്നമാണു്. നിരൎത്ഥങ്ങളായ എത്രയെത്ര സ്വപ്നങ്ങൾ ഉണ്ടു്. നിത്യത്വം, ശക്തി മുതലായ അല്പമായ പരമാൎത്ഥങ്ങൾ കൊടുത്തു് ഈ പെരും സ്വപ്നങ്ങളെ വാങ്ങുവാനാണു് ആഗ്രഹിക്കുന്നതു്. ഞാൻ ഇൻകോൽസ്റ്റാട്ടിൽ വന്നു രണ്ടുമൂന്നാഴ്ചകൾവരേയ്ക്കും എനിക്കു് ഇതേവിചാരംതന്നെയായിരുന്നു.

വാൽട്ട്മൻ എന്ന പണ്ഡിതൻ എത്രത്തോളമുണ്ടെന്നു് ഒന്നു പരീക്ഷിക്കുവാൻതന്നെ ഉറച്ചു. വാൽട്ട്മൻ തന്റെ ചങ്ങാതിക്കു നേർ വിപരീതക്കാരനാണു്. വയസ്സു് അൻപതോളം വരും. ധാരാളത്തിലധികം ദയയും അനുകമ്പയും അദ്ദേഹത്തിനുണ്ടു്. രസായനശാസ്ത്രം വളൎന്നുവന്നതിനെ അദ്ദേഹം പടിപടിയായി വിവരിച്ചു. അനന്തരം, ശാസ്ത്രത്തിന്റെ തല്ക്കാലനിലയെക്കുറിച്ചു് ഒരു നീണ്ട പ്രസംഗം ചെയ്തു. ശാസ്ത്രപരിഭാഷകളെക്കുറിച്ചു് വിശദീകരിച്ചു. താല്ക്കാലികരസവാദം ഏതൊരു നിലയിൽ ഇരിക്കുന്നു എന്നതിനെക്കുറിച്ചദ്ദേഹം ഉപന്യസിച്ചതു് ഇപ്പോഴും എന്റെ ഹൃദയത്തെ വിട്ടകന്നിട്ടില്ല.

"പൌരാണികർ വളരെയൊക്കെ പ്രസംഗിച്ചിട്ടുണ്ടു്. എന്നാൽ പ്രവൎത്തിച്ചതൊന്നുമില്ല. നവീനപണ്ഡിതന്മാരാകട്ടെ വാക്കുകളിൽ അത്രയൊന്നും ആൾ്ക്കാടം കൂട്ടീട്ടില്ല. ഒരു ലോഹത്തെ മറ്റൊന്നായി മാറുവാൻ കഴിയുകയില്ലെന്നു് അവൎക്കറിയാം. ജീവരസം എന്നതു് കാണൽ

[illegible] അവൎക്കറിയാം. അവർ തലപുകഞ്ഞു ചിന്തിച്ചും പരീക്ഷിച്ചും നിരവധി പരമാൎത്ഥങ്ങൾ കണ്ടുപിടിച്ചു. അതിരററ ശക്തിവിശേഷങ്ങളും അവർ കൈക്കലാക്കി. അവൎക്കു വേണമെന്നു തോന്നുമ്പോൾ ആകാശമണ്ഡലത്തിൽ ഇടിമുഴക്കമുണ്ടാക്കുവാൻ കഴിയും. ഭൂകമ്പത്തെ പിടിച്ചു് അമ്മാനമാട്ടുവാൻ സാധിക്കും. അവൎക്കു സാധിക്കാത്തതൊന്നുമില്ല."

എൻെറ ബുദ്ധി മററു വഴികളിലൂടെ സഞ്ചരിച്ചു. സൃഷ്ടിയുടെ പരമരഹസ്യം ആരായുന്നതിലാണു് അതു കാൎയ്യമായി പ്രവൎത്തിച്ചതു്. അന്നുരാത്രി എനിക്കുറക്കമേ ഉണ്ടായില്ല. പിറേറദിവസം ഞാൻ വാൽട്മൻ പണ്ഡിതനെ കണ്ടു് എൻെറ അഭിലാഷമറിയിച്ചു. യുവസഹജമായ ഉത്സാഹം അതിൻെറ മുഴുവൻ ശക്തിയോടെ ഞാൻ പ്രകടിപ്പിച്ചു. ഞാൻ എന്താണു് വായിക്കേണ്ടതെന്നു വിനയപൂൎവ്വം അദ്ദേഹത്തോടു ചോദിച്ചു.

"നീയാണു് എൻെറ യഥാൎത്ഥ ശിഷ്യൻ. വിശ്വസിക്കുന്നതുപോലെ പ്രവൎത്തിക്കുന്നപക്ഷം വിജയം നിശ്ചയമാണു്" എന്നു പറഞ്ഞശേഷം അദ്ദേഹം എന്നെ കൂട്ടിച്ചു് അദ്ദേഹത്തിൻെറ പരീക്ഷണശാലയിൽ കൊണ്ടുപോയി ഓരോ സാമഗ്രികൾ എടുത്തുപയോഗിക്കേണ്ട വിധങ്ങൾ പറഞ്ഞുതന്നു.

# II

ഇങ്ങിനെ രണ്ടുകൊല്ലം ഇൻകോൽസ്റ്റാട്ടിൽ കഴിഞ്ഞുകൂടി. ഞാൻ വിദ്യാഭ്യാസത്തെ ഒരുതരം വൈരാഗ്യത്തോടെ തുടൎന്നു. അക്കാലത്തു ഞാൻ സ്വദേശത്തേക്കു പോകയാകട്ടെ കത്തുകൾ എഴുതുകയാകട്ടെ ചെയ്തില്ല.

ഈ രണ്ടുവൎഷവും എന്റെ മനസ്സു ചില രഹസ്യങ്ങൾ ആരാഞ്ഞു് അതിനെ പിൻതുടൎന്നുകൊണ്ടേ ഇരുന്നു. ഈ വക ശാസ്ത്രീയനിരീക്ഷണങ്ങൾ ഒരുതരം പിശാചുക്കളെപ്പോലെയാണു്. ബാധിച്ചാൽപിന്നെ വിട്ടുപോകാനാണു് പ്രയാസം. ഈ രണ്ടുവൎഷത്തെ പരീക്ഷണം ഗവേഷണാലയത്തിലെ സാമഗ്രികളിൽ ചിലതിന്റെ ആധിക്യം വൎദ്ധിപ്പിക്കുവാൻ എനിക്കു വഴിയുണ്ടാക്കിത്തന്നു. അതെനിക്കു കീൎത്തിക്കും കാരണമായിത്തീൎന്നതിൽ ഞാൻ അതിശയിച്ചു. അവിടത്തെ പഠിപ്പു പൂൎത്തിയായി എന്നെനിക്കു തോന്നി. എന്റെ ബുദ്ധി ആരായുന്ന നിരീക്ഷണത്തിനു പററിയ സ്ഥലം അവിടമല്ലാ എന്നും എനിക്കു ബോദ്ധ്യമായി. സ്വന്തനാട്ടിലേയ്ക്കുതന്നെ മടങ്ങാമെന്നു തീൎച്ചയാക്കി. എന്നാൽ ഒരു സംഭവം എന്റെ അവിടത്തെ താമസത്തെ ദീൎഘിപ്പിച്ചു.

മനുഷ്യന്റെ ശരീരഘടന എന്റെ ശ്രദ്ധയെ സവിശേഷം ആകൎഷിച്ചു. ജീവനോടുകൂടി സഞ്ചരിക്കുന്ന ഓരോ പ്രാണിയേയും ഞാൻ പ്രത്യേകം സൂക്ഷിച്ചു. ജീവിയെ ചരിപ്പിക്കുവാനും ചലിപ്പിക്കുവാനും സഹായിക്കുന്ന ശക്തി എന്താണു്? എന്റെ മനസ്സിൽ ഉദിച്ചുയൎന്ന

ചോദ്യമിതാണു്. ജീവതത്ത്വം എന്താണു്? ഒരു വിഷമിപ്പിക്കുന്ന ചോദ്യമാണിതു്. അറിവാൻ കഴിയാത്ത എന്തോ ഒരു ശക്തിവിശേഷം എന്നുമാത്രം ഞാൻ കരുതിപ്പോന്നു. ശരീരശാസ്ത്രപ്രതിപാദകങ്ങളായ അനവധി ഗ്രന്ഥങ്ങൾ ഞാൻ വായിക്കുവാൻ തുടങ്ങി. എന്റെ അഭിലാഷം വിജയപ്രദമായി കലാശിക്കാത്തപക്ഷം ഈ അദ്ധ്വാനങ്ങളെല്ലാം എനിക്കു വൻപിച്ച ഒരു ഭാരമായിക്കലാശിക്കുമെന്നതിൽ സംശയമില്ല. ഞാൻ ശരീരശാസ്ത്രം വിശദമായി പഠിച്ചു. എന്നാൽ, ഇതുകൊണ്ടുമാത്രമായില്ല. മനുഷ്യശരീരം സ്വാഭാവികമായി അഴുകിനശിക്കുന്നതിനേയും വളരെ സൂക്ഷ്മമായി നോക്കി മനസ്സിലാക്കേണ്ടിയിരുന്നു. എന്റെ വിദ്യാഭ്യാസംകൊണ്ടു ഞാൻ പ്രധാനമായി ഗ്രഹിച്ചിരുന്നതു് ഭയമില്ലായ്മയാണു്. അതിനെ കുട്ടിക്കാലത്തുതന്നെ പഠിപ്പിച്ചതിനു ഞാൻ എന്റെ അച്ഛനെ വളരെ ബഹുമാനിക്കേണ്ടതാണു്. പ്രേതപിശാചുക്കളെപ്പറ്റി യാതൊരു ഭയവുംകൂടാതെ ഏതുസമയത്തും ശ്മശാനങ്ങളിലും ശവക്കുഴികളിലും ചെന്നു് ശവം പടിപടിയായി അഴുകിനശിക്കുന്ന രീതി ഞാൻ നോക്കി മനസ്സിലാക്കി. മരിച്ചാലുടൻ മനുഷ്യശരീരം നികൃഷ്ടമായ ഒരു പ്രേതമായി അവശേഷിക്കുന്നു. രക്തം തുളുമ്പിയ ജീവൻ നശിക്കുന്ന നിമിഷംമുതല്ക്കു ശരീരം അഴുകുവാൻ ആരംഭിക്കുന്നു. കണ്ണും തലച്ചോറും കൃമികളുടെ ആക്രമണത്തിനു വിധേയമായിത്തീരുന്നു. സജീവാവസ്ഥയിൽ നിന്നു് നിർജ്ജീവാവസ്ഥയിലേയ്ക്കു നീങ്ങുവാൻ പ്രേരകമാ

കനാ കാരണങ്ങളെക്കുറിച്ച് വളരെ സൂക്ഷ്മമായി പരിശോധിക്കവാനം പരിശ്രമം തുടങ്ങി. ജീവൻ; പിന്നീട് നിർജ്ജീവത്വം അതുപോലെതന്നെ മരണം; അനന്തരം ജീവൻ അതായത്ര മരണത്തിനു സഹായമായി നിന്നാ കാരണങ്ങളെ നീക്കിയാൽ നിർജ്ജീവത്വം മുഴുവൻ സംജാതമാകയില്ലേ? പെട്ടെന്നു ഈ ആലോചനയുണ്ടായി. മുൻപാപിൻപാ ജീവശക്തി ഉണ്ടായിട്ടില്ലാത്ത ഒരു വസ്തുവിൽ ജീവനെ പ്രയോഗിച്ചുണ്ടാക്കാതെ മരിച്ചതിനെ മാരണശക്തി നശിപ്പിച്ചു വീണ്ടും ജീവശക്തിയുള്ളതാക്കിത്തീർക്കാം; അല്ലേ? സാധിക്കുമെന്നുതന്നെ എനിക്കു തോന്നി.

ഞാൻ പറയുന്നതു വെറും ഭ്രാന്തന്മാരുടെ ജല്പനങ്ങളൊന്നുമല്ല. പരിശ്രമം വിജയിച്ചു. ജീവരഹസ്യം ഞാൻ ഗ്രഹിച്ചു. അതു മാത്രമോ? ജഡവസ്തുവിൽ ജീവനെ പ്രവേശിപ്പിച്ച് അതിനെ ചലിപ്പിക്കുവാനുള്ള ശക്തിയും ഞാൻ കരസ്ഥമാക്കി.

ഈ ദേവരഹസ്യത്തെ വെച്ചുകൊണ്ടു ഞാൻ സംഭ്രാന്തനായിത്തീന്നു. എന്തുചെയ്യട്ടെ, അതിനെ ഞാൻ ഏതു രൂപത്തിലാണുപയോഗിക്കേണ്ടതു്? ഞാൻ വിഷമിച്ചു. എന്തിനാണു് ഞാൻ ജീവൻ കൊടുത്തു പരീക്ഷിക്കേണ്ടതു്? അതിനു പറ്റിയ ഒരു ജഡശരീരം നിർമ്മിക്കുവാനുള്ള വസ്തുക്കൾ എന്താണു്? വളരെ കുഴഞ്ഞ ഒരു പ്രശ്നം. ഞാൻ ധർമ്മസങ്കടത്തിലായി. നമ്മുടെ ശരീരത്തിൽ കണ്ടന്ന നാഡിഞരമ്പുകൾ മുതലായ വസ്തുക്കളെ എങ്ങി

ങ്ങനെയാണെന്നൊക്കെ ഘടിപ്പിക്കുക. എൻെറ മുഴുവൻ ശ്രദ്ധയും ഇതിൽ കേന്ദ്രീകരിച്ചു. മൃഗജാതികളെ ജീവൻ കൊടുത്തു പരീക്ഷിപ്പാൻ എൻെറ മനസ്സ് ഇഷ്ടപ്പെട്ടില്ല. മനുഷ്യനെ സൃഷ്ടിച്ചുകാണണമെന്നായിരുന്നു ഞാൻ ആഗ്രഹിച്ചു. അനവധി അദ്ധ്വാനങ്ങൾ ചെയ്തു് അതിലെല്ലാം ഞാൻ പരാജയമടഞ്ഞു. ചെറിയ ഞരമ്പുകളും നാളികകളും മുതലായവ നിർമ്മിക്കുന്നതു ശ്രമാവഹമായിരുന്നതിനാൽ ഞാൻ ഒരു വലിയ മനുഷ്യരൂപം നിർമ്മിക്കുവാൻ തീർച്ചയാക്കി. എട്ടടി ഉയരവും അതിനനുസരിച്ച ശരീരവടിവുമുള്ള ഒരു പരുത്ത രൂപം. അതിനുവേണ്ട ഉപകരണങ്ങൾ സംഭരിക്കുന്നതിൽ അനവധി ദിവസങ്ങൾ ചെലവഴിച്ചു.

കൊടുങ്കാററിൻെറ വേഗത്തിൽ ഞാൻ പണിയെടുത്തു. മരണവും ജീവനും ഒരതിർത്തിരേഖാവലയത്തിനുള്ളിൽ എനിക്കു സ്വാധീനമായി. ഇഷ്ടംപോലെ സൃഷ്ടികർമ്മം നടത്താനുള്ള ശക്തി എനിക്കായത്തമായെന്നു ഞാൻ ഉറച്ചു. ഞാൻ സൃഷ്ടിക്കുന്ന വംശം എന്നെ പിതാവിലും ഉപരിയായി കരുതുകതന്നെ ചെയ്യും. ചത്തഴുകിയ ശരീരത്തിൽനിന്നും മരണത്തെ ഉന്മൂലനംചെയ്തു് അതിനു ജീവൻ നല്കുന്ന ശക്തിയെ ഞാൻ കണ്ടുപിടിക്കും.

ഈ മാതിരി ആവേശത്തോടുകൂടി പണിയെടുത്താൽ അതുണ്ടോ ഏതു വജ്രശരീരമായാൽക്കൂടി താങ്ങുന്നു? അതോർക്കുമ്പോൾതന്നെ എൻെറ ശരീരം നടുങ്ങുന്നു.

ഏകാന്തമായ ഒരു വസതി. അതിൽ ഞാൻ പണിയെടുക്കുന്ന മുറി മുകൾത്തട്ടിലെ ഒരൊഴിഞ്ഞ കോണിൽ

സ്ഥിതിചെയ്തിരുന്നു. ശവക്കുഴികളിൽനിന്നും ആസ്പത്രികളിൽ ശവം അറുത്തുമുറിച്ചുതള്ളുന്ന സ്ഥലത്തുനിന്നും കശാപ്പുശാലകളിൽനിന്നും എനിക്കാവശ്യമായ പദാർത്ഥങ്ങൾ വന്നുകൊണ്ടിരുന്നു. ഈ വക സാമഗ്രികൾകൊണ്ടു രാപ്പകൽ അദ്ധ്വാനിച്ചു ഞാൻ ഒരു ശരീരക്കൂടു കെട്ടിയുണ്ടാക്കി. ഇതിനകം ബാഹ്യലോകത്തിലെ കാലാവസ്ഥകളും ഒന്നിനൊന്നു മാറിമാറി വന്നുകൊണ്ടിരുന്നു. ഞാൻ എന്റെ ഈ വക പരിശ്രമങ്ങളിൽ ബദ്ധശ്രദ്ധനായിരുന്നതുനിമിത്തം വീട്ടിലേയ്ക്കു എഴുത്തുകൾ അയക്കുകയോ മററുതരത്തിൽ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്യാതിരുന്നതുനിമിത്തം എനിക്കു് അച്ഛന്റെ ഒരെഴുത്തു കിട്ടി.

"നീ മുറപ്രകാരം കത്തുകൾ അയക്കാതിരിക്കുന്നതു് നിന്റെ അനന്തരകടമകളും ഇത്തരത്തിൽതന്നെയായിരിക്കുമെന്നതിനു പ്രത്യക്ഷലക്ഷ്യമാണു്."

അച്ഛനുണ്ടോ എന്റെ അന്തർഗ്ഗതങ്ങൾ വല്ലതുമറിയുന്നു? വാസ്തവത്തിൽ ഞാൻ എന്റെ കടമകളെ മറന്നു കൃത്യവിലോപം വരുത്തി. ആയതിനാൽ അച്ഛൻ എന്നെ തെററിദ്ധരിച്ചതിൽ ഒട്ടും തെററില്ല. മനുഷ്യനു് ഓർമ്മശക്തി അത്യാവശ്യമാണു്. വിചാരവശഗനായി അതിൽ ആണ്ടുപോകരുതു്. കർത്തവ്യബോധവും ആ നിയതികളിൽ അടങ്ങിയതാണു്. എങ്കിലും ഞാൻ ഇതൊന്നും അത്ര വകവച്ചില്ല.

ഇല കൊഴിയുന്ന കാലം വന്നുചേർന്നു. എന്റെ പണികളും ഏറെക്കുറെ അവസാനിച്ചു. ഞാൻ ഇങ്ങിനെ

വിശ്രമംകൂടാതെ പരിശ്രമിക്കുകനിമിത്തം എന്റെ ശരീരം എന്തെന്നില്ലാതെ ക്ഷീണിച്ചു. നാഡികൾ പ്രവൎത്തനശക്തിയില്ലാതെ തളൎന്നു. ചെറുശബ്ദങ്ങൾപോലും എന്നെ നടുക്കി. ജ്വരവേഗം ശരീരമെങ്ങും അലതല്ലി. ഞാൻ നിമിഷംപ്രതി ശോഷിച്ചു. ശരീരം തീക്കനൽപോലെ പൊള്ളിത്തുടങ്ങി. എങ്ങിനേയും ഏല്പെട്ട പണി പൂൎത്തിയായാൽ വേണ്ടത്ര വിശ്രമിച്ചു ശരീരത്തെ പൂൎവ്വസ്ഥിതിയിൽ വരുത്താമെന്നു സമാധാനിച്ചു. എന്നിട്ടെപ്പോഴാണു വിശ്രമം?

## III

നവമ്പർമാസം. അൎദ്ധരാത്രിയിൽ എന്റെ ജോലി മുഴുമിച്ചു. ഞാൻ ഉണ്ടാക്കിവച്ച ശരീരക്കൂട്ടു നോക്കി. പലവിധ ആശങ്കകളോടെ അതിന്നു ജീവൻ നല്കേണ്ട സാമഗ്രികളെ തെരഞ്ഞെടുത്തു.

നിൎജ്ജീവമായ ശരീരക്കൂട്ട് എന്റെ കാൽച്ചുവട്ടിൽ കിടക്കുകയായിരുന്നു. മങ്ങിയ വെളിച്ചത്തിൽ ആ രൂപത്തിന്റെ കണ്ണുകൾ തുറക്കപ്പെട്ടു. അതു ശ്വാസംവിട്ടു; കൈകാലുകൾ ആട്ടി.

ഞാൻ ഉണ്ടാക്കിവെച്ച മനുഷ്യനെ എങ്ങിനെയാണു വൎണ്ണിക്കുക. അവന്റെ അവയവങ്ങൾ വിലക്ഷണങ്ങളായിരുന്നു. മുഖം വളരെ അഴകുള്ളതായിരിക്കണമെന്നാണു ഞാൻ ആഗ്രഹിച്ചതു്. പക്ഷേ, എന്തു പറയട്ടെ. ഒരു ഭീകരപിശാചിന്റെ പ്രതീതിയാണു് അവന്റെ മുഖ

ള്ളതോക്കാമ്പോഴുണ്ടാകുക. വിളത്ത വട്ടകണ്ണും കന്നിനു മീതെ ഒന്നായി അമർന്നുചേർന്ന നീണ്ട പല്ലുകളും ദശ്ശനമാത്രയിൽതന്നെ ഭയത്തെ ജനിപ്പിച്ചിരുന്നു.

മനുഷ്യസ്വഭാവത്തെപ്പോലെ ഇതരഘടകങ്ങളെ അത്ര എളുപ്പത്തിൽ മാററിസ്സൃഷ്ടിക്കുക സാദ്ധ്യമല്ല. രണ്ടു വഷക്കാലത്തെ നിരന്തരപരിശ്രമത്തിൻെറ ഫലമായിട്ടാണു് ഞാൻ ആ മനുഷ്യക്കൂടിൽ ജീവൻ വയ്പിച്ചതു്. അതോടെ എൻെറ ആരോഗ്യം നിശ്ശേഷം നശിച്ചു. മാത്രമോ; ഇത്രയൊക്കെ അത്യദ്ധ്വാനം ചെയ്തു് ഞാൻ സൃഷ്ടിച്ച ആ രൂപം എനിക്കുതന്നെ വെറുപ്പുണ്ടാക്കിത്തീർത്തു. എനിക്കു് അതിൽ എന്തെന്നില്ലാത്ത വെറുപ്പും അറപ്പുമെന്നല്ല ഭയംകൂടി ജനിച്ചിരുന്നു. ജീവൻവെച്ച ആ അസ്ഥിപഞ്ജരത്തെ കാണ്മാനുള്ള കഴിവുകേടിനാൽ ഞാൻ അതിൻെറ സമീപത്തിൽനിന്നും ഓടി അകന്നു കിടക്കമേൽ ചെന്നു കിടന്നു. മനസ്സിൻെറ അസ്വാസ്ഥ്യം തെല്ലു ശമിക്കട്ടെ എന്നു കരുതി ഞാൻ കണ്ണടച്ചുകിടന്നു് ഉറങ്ങുവാൻ ശ്രമിച്ചു. ഉറക്കംപിടിച്ചുവെന്നു കണ്ടപ്പോൾ അതാ ഒരു ഭയങ്കരസ്വപ്നം. ഇങ്കോൾസ്റ്റാട്ടിലെ തെരുവീഥിയിൽ ഞാൻ എലിസബെത്തിനെ കണ്ടുമുട്ടി. ദശ്ശനമാത്രയിൽ ഞാൻ ഓടി അണഞ്ഞു് അവളെ പിടിച്ചാശ്ലേഷിച്ചു. അപ്പോൾ എൻെറ ബാഹുവലയത്തിൽ അകപ്പെട്ടതു് മാതാവിൻെറ മൃതദേഹമായിരുന്നു. അവരുടെ ശവശരീരം മൂടിയിരുന്ന വസ്ത്രത്തിന്മേൽ പുഴുക്കൾ അരിച്ചിരുന്നു. ഞാൻ ഭീതനായി ഭയങ്കരശബ്ദവും പുറപ്പെടുവി

ച്ചുകൊണ്ടു ഞെട്ടിയുണർന്നു. അപ്പോൾ മങ്ങിയ നിലാവു വെളിച്ചത്തിലൂടെ ഞാൻ സൃഷ്ടിച്ചുവെച്ച അസ്ഥിമനുഷ്യൻ കിളിവാതിൽ വഴി അകത്തെ മുറിയിലേയ്ക്കു കടന്നു വരുന്നതായി കണ്ടു. അവൻ എന്റെ കട്ടിലിലെ തിരശ്ശീല നീക്കി എന്നെ സൂക്ഷിച്ചുനോക്കി. ആ നോട്ടം — അതു കണ്ണിന്നു പറയുക വയ്യ. വീണ്ടും വീണ്ടും എന്നെ തുറിച്ചുനോക്കി. എന്തോ ശബ്ദിക്കുവാൻ ശ്രമിച്ചു. ഞാൻ ഭീതിയോടെ പിടഞ്ഞെഴുന്നേല്ക്കുവാൻ ഉദ്യമിച്ചപ്പോൾ അവൻ എന്നെ തടുത്തു. ഞാൻ വല്ലവിധേനയും ചാടി എഴുന്നേറ്റ് അവിടെനിന്നും പുറത്തേക്കോടി. അന്നുരാത്രി മുഴുവൻ ഞാൻ താമസിച്ചിരുന്ന വീട്ടുമുററത്തിൽ കഴിച്ചുകൂട്ടി. ഞാൻ ജീവൻ നല്കിയ ആ പ്രേതരൂപം എന്നെ ആക്രമിക്കുവാനായി കടന്നുവന്നേക്കുമോ എന്ന ഭയത്തോടുകൂടി ആ രാത്രി കഴിച്ചുകൂട്ടിയ അവസ്ഥയെക്കുറിച്ചു പറവാൻ എനിക്കു ശക്തിപോരാ.

ആ രൂപത്തിന്റെ ഭീകരമുഖം അടിക്കടി എന്റെ മനോമുകുരത്തിൽ പ്രതിബിംബിച്ച് എന്നെ അസ്വസ്ഥനാക്കി. ആ രൂപം ഇന്നതരത്തിൽ ഭീകരമായിരുന്നുവെന്നു വർണ്ണിപ്പാൻ എനിക്കു കഴിവുപോരാ. ഞാൻ സൃഷ്ടിച്ച ആ രൂപത്തിനു ജീവൻ നല്കുന്നതിനു മുൻപും അതു കാഴ്ചയിൽ ഭയങ്കരമായിരുന്നു. എന്നാൽ, ജീവൻ വീണ ശേഷം അതിനെ ദർശിക്ക സാദ്ധ്യമല്ലാതായിത്തീർന്നു.

പിറേറദിവസം രാവിലെ കാവൽക്കാരൻ ഗേററു തുറന്നപ്പോൾ ഞാൻ പുറത്തേയ്ക്കു കടന്ന് [illegible]

ന്നില്ലാതെ കാൽ പോയ വഴിക്കു നടന്നു. എവിടേക്കാണു പോകുന്നതെന്ന പ്രജ്ഞപോലുമില്ലാതെ ഞാൻ ഇങ്ങിനെ നടന്നു.

ഞാൻ ഇങ്ങിനെ പോകുമ്പോൾ എനിക്കഭിമുഖമായി ഒരു വണ്ടിവരികയും അതിൽ എൻെറ സ്നേഹിതൻ ക്ലർവെൽ ഇരിക്കുന്നതായി കാണപ്പെടുകയും ചെയ്തു. അയാൾ എന്നെ അന്വേഷിച്ചു വന്നതായിരുന്നു. എന്നെ കണ്ട ക്ഷണത്തിൽ അയാൾ വണ്ടിനിർത്തി താഴത്തിറങ്ങി. അയാളെ ദർശിച്ചപ്പോൾ എനിക്കു സ്വദേശത്തെക്കുറിച്ചുള്ള സ്മരണയുണ്ടായി. "ഫ്രാങ്കൻസ്റ്റീൻ! നിങ്ങളുടെ എഴുത്തുകളൊന്നും കാണാത്തതിനാൽ അച്ഛൻ നിങ്ങളെ കണ്ടു വിവരം അറിഞ്ഞു ചെല്ലുവാനായി എന്നെ അയച്ചിരിക്കയാണു്. എന്താണു നിങ്ങളുടെ ശരീരം ഇത്ര ശോഷിച്ചിരിക്കുന്നതു്?" സ്നേഹിതൻ ചോദിച്ചു.

എൻെറ രഹസ്യങ്ങൾ ഞാൻ എങ്ങിനെയാണയാളെ ഗ്രഹിപ്പിക്കുക. നാഡീതളൎച്ച എന്നെ കിടപ്പിലാക്കി. ഏതാനും മാസങ്ങളോളം ഞാൻ പ്രജ്ഞയില്ലാത്ത നിലയിൽ രോഗശയ്യയെ അഭയം പ്രാപിച്ചു. ആ അവസരത്തിലെല്ലാം എൻെറ അരികത്തുതന്നെ ഇരുന്നു് ക്ലർവെൽ എന്നെ വേണ്ടവണ്ണം ശുശ്രൂഷിച്ചു. ഞാൻ രോഗമുക്തനായി എഴുന്നേറ്റപ്പോൾ അയാൾ, എനിക്കു തരാനായി എലിസബത്തു കൊടുത്തയച്ചിരുന്ന കത്തു തന്നു് എന്നെ സമാധാനപ്പെടുത്തി. അയാളാണു് യഥാൎത്ഥ സ്നേഹിതൻ.

# IV

ഞങ്ങൾ ഇരുവരും സ്വദേശത്തേക്കു മടങ്ങാമെന്നു തീർച്ചയാക്കി. അപ്പോൾ ക്ലൂവർവെൽ ഇങ്ങിനെ അഭിപ്രായപ്പെട്ടു.

"നാം പുറപ്പെടും മുൻപു് ഈ പട്ടണവും പരിസരങ്ങളും കാൽനടയായി ഒന്നു സഞ്ചരിച്ചു കണ്ടാൽകൊള്ളാമെന്നുണ്ടു്."

സ്നേഹിതൻെറ ഈ അഭിപ്രായത്തോടു് ഞാനും യോജിച്ചു. ഞങ്ങൾ അതനുസരിച്ചു പട്ടണം കാണുവാനായി ഒരുങ്ങിയിറങ്ങി. ഞങ്ങളുടെ യാത്ര ആനന്ദപ്രദമായി കഴിഞ്ഞുകൂടി. എന്നാൽ, വർഷകാലത്തെ ഇടിമാതിരി ഞങ്ങളെ ഒരു കത്തു കാത്തിരുന്നു. എൻെറ അച്ഛൻെറ കത്തു്. വിധിവൈപരീത്യത്തെക്കുറിച്ചു് എന്തുപറയട്ടെ.

എഴുത്തിലെ ഉള്ളടക്കം ഇതായിരുന്നു:—

'നിൻെറ വാത്സല്യഭാജനമായ അനുജൻ വില്ല്യം മരിച്ചുപോയി. അതോ, ഒരു ദുർമ്മരണം. വ്യാഴാഴ്ച പ്ലയിൻപാലസ് എന്ന സ്ഥലത്തേയ്ക്കു് ഞാനും എലിസബെത്തും കുട്ടികളെയും കൂട്ടിച്ചുകൊണ്ടു് ഒരു സായന്തനസവാരി പോയി. അന്നു വൈകുന്നേരത്തെ പ്രകൃതി വളരെ ആസ്വാദ്യമായും മനോഹരമായും കാണപ്പെട്ടതിനാൽ ഞങ്ങൾ വിചാരിച്ചിരുന്നതിൽ കൂടുതൽ ദൂരം മുന്നോട്ടു നടന്നു. ഞങ്ങൾ മടക്കയാത്ര ആരംഭിക്കുന്നതിനു് മുൻപുതന്നെ നേരം ഇരുളടഞ്ഞു. ഞങ്ങളുടെ മുമ്പിലായി കളി [illegible]കൊണ്ടിരുന്ന വില്യമും ഏണ

സ്റ്റും ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞിരുന്നു. ഞങ്ങൾ ഒരിടത്തിരുന്നു വിശ്രമിച്ചു. അല്പം കഴിഞ്ഞപ്പോൾ ഏണസ്റ്റു മടങ്ങിവന്നു. വില്യം തിരിച്ചുവന്നുവോ എന്നു ചോദിച്ചു. അവർ ഇരുവരും ഒളിച്ചുകളിക്കുകയായിരുന്നുവത്രെ.

ഞങ്ങൾ പരിഭ്രാന്തരായി അവിടമെങ്ങും നാലുപാടും തെരഞ്ഞു, കണ്ടില്ല. അവൻ ഒരു പക്ഷേ വീട്ടിൽ എത്തിട്ടുണ്ടായിരിക്കുമെന്ന് എലിസബെത്ത് അഭിപ്രായപ്പെട്ടു. അതുപ്രകാരം ഞങ്ങൾ അക്ഷമരായി വീട്ടിൽവന്നു. അവിടെയും അവനെ കാണ്മാനില്ലായിരുന്നു. അനന്തരം, ഞങ്ങൾ ഏതാനും ആളുകളേയുംകൂട്ടി വെളിച്ചവുമായി ആദ്യസ്ഥലത്തുതന്നെ തിരിച്ചുചെന്നു അന്വേഷണം നടത്തി. നേരം പ്രകാശമാകാറായതോടുകൂടി അവൻ ഒരു പുൽത്തകിടിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അതോടുകൂടി എലിസബെത്ത് അളവററ ദുഃഖത്തിന്നധീനയായിത്തീർന്നിരിക്കുന്നു. അവളെ സമാശ്വസിപ്പിക്കുവാൻ ഞാൻ ആകുന്നത്ര പണിപ്പെട്ടിട്ടും ഫലം കാണുന്നില്ല. നിന്നാൽ മാത്രമേ അതു സാദ്ധ്യമാകയുള്ളൂ. ആയതിനാൽ നീ ഉടനെ വന്നുചേരണം.'

വസ്തുത ഗ്രഹിച്ചമാത്രയിൽത്തന്നെ ഞങ്ങൾ സ്വദേശത്തേക്കു യാത്രതിരിച്ചു. യാത്രയിൽ ശോകം എന്നെ കാർന്നു തിന്നുകൊണ്ടിരുന്നു. ആറുവർഷമായി വേർപിരിഞ്ഞിരുന്ന ജന്മദേശം ഞാൻ കണ്ടു. ഈ ആറു വർഷകാലത്തിനുള്ളിൽ എന്തെന്തു മാററങ്ങൾ. വീട്ടിനോടു സമീ

പിക്കുംതോറും പറഞ്ഞറിയിക്കുവാൻ സാധിക്കാത്ത ഭീതി എന്നെ അലട്ടിക്കൊണ്ടിരുന്നു. വീണ്ടും ഞാൻ പഴയ രോഗത്തിന്നടിമപ്പെട്ടു. രണ്ടുദിവസം ലാപ് സെന്നിയിൽ തങ്ങി. അവിടത്തെ കാലാവസ്ഥയിൽ എനിക്കു അസാമാന്യമായ ആശ്വാസം ലഭിച്ചു. അവസാനം ഞങ്ങൾ ഞങ്ങളുടെ ഗ്രാമത്തിൽ എത്തിച്ചേർന്നു.

ഗ്രാമത്തിൽ എത്തിയപ്പോഴേക്കും സമയം നല്ലവണ്ണം ഇരുട്ടിയിരുന്നു. എതിരിൽ സ്ഥിതിചെയ്തിരുന്ന മാമലപോലും ഞങ്ങൾക്കു കാണ്മാൻ കഴിഞ്ഞില്ല. ഹൃദയത്തിൽ വീണ്ടും ആ വിഷാദവീചികൾ വീറോടെ പായുവാൻ തുടങ്ങി. ജീവിതത്തിൽ ദുഃഖംമാത്രം അനുഭവിക്കാൻവേണ്ടി ജനിപ്പിച്ചവനാണു് ഞാനെന്നു് എനിക്കു തോന്നി.

പ്രതീക്ഷിച്ചിരുന്ന പ്രകാരമൊക്കെ സംഭവിച്ചു. എന്നാൽ, ഞാൻ പ്രതീക്ഷിച്ചിരുന്നതു് സംഭവിച്ചതിൽ ആയിരത്തിൽ ഒരംശംകൂടിയില്ലായിരുന്നു.

ഞാൻ ജനീവയുടെ പരിസരത്തിൽ കടക്കുമ്പോൾ നല്ല ഇരുട്ടായിരുന്നു. പട്ടണത്തിലേക്കു് കടക്കുന്ന കോട്ടവാതിൽ ബന്ധിച്ചു കഴിഞ്ഞിരുന്നു. തന്നിമിത്തം പട്ടണത്തിൽനിന്നു് ഉദ്ദേശം മൂന്നര മൈൽ ദൂരത്തു സ്ഥിതിചെയ്യുന്ന ഒരു കുഗ്രാമത്തിൽ രാത്രി കഴിച്ചുകൂട്ടേണ്ടിവന്നു. അന്നത്തെ അന്തരീക്ഷം പ്രശാന്തമായി കാണപ്പെട്ടു. അപ്പോൾ എന്റെ സഹോദരൻ വില്യം മരണം പ്രാപിച്ച സ്ഥലം ദർശിക്കുവാനുള്ള ആഗ്രഹം എന്നിൽ കടന്നുകൂടി.

പട്ടണത്തിലൂടെ അവിടേയ്ക്കു പോക സാദ്ധ്യമല്ലാതിരുന്നതിനാൽ ഒരു തോണിക്കൂടി പറഞ്ഞുറപ്പിച്ചു ഏരിവഴിക്കു ബ്ലെയിൻ പാലസിലേയ്ക്കു പുറപ്പെട്ടു. തോണിയിൽ ഇരിക്കുമ്പോഠം വളരെ ദൂരത്തു് മൌണ്ടബ്ലാക്കിന്റെ ശിഖരത്തിൽ മിന്നൽ നൃത്തംചെയ്തു കളിക്കുന്നതു കണ്ടു. കൊടുങ്കാററിന്റെ ആരംഭമുണ്ടാകുമെന്നു കണ്ടു തോണി അതിവേഗത്തിൽ നയിച്ചു കരയിൽചെന്നിറങ്ങി. കാററിന്റെ ഗതിവിഗതികഠം കണ്ടറിവാൻവേണ്ടി ഒരു കുന്നിന്റെ മുകളിൽ കയറിനിന്നു. ആകാശം കറുത്തിരുണ്ടു. മഴത്തുള്ളികഠം പാറക്കഷണങ്ങഠംകണക്കെ നിലംപതിച്ചു. നിമിഷംപ്രതി വഷപാതത്തിന്റെ ശക്തി വദ്ധിച്ചുതുടങ്ങി. കൊടുങ്കാററു് എന്നെ വലയംചെയ്തു. ഇടിയും മിന്നലും ഇരുളിനെ തുളച്ചുകൊണ്ടു് കൂത്താടി. നഗ്നനടനം ചെയ്തിരുന്ന കൊടുങ്കാററിനെ ഞാൻ സംഭ്രമത്തോടെ നോക്കിക്കൊണ്ടുനിന്നു. ഹൃദയം വില്യമിനെ സ്മരിച്ചു കരഞ്ഞുകൊണ്ടുമിരുന്നു.

പെട്ടെന്നൊരു മിന്നൽപ്രകാശമുണ്ടായി. എന്റെ അരികിലുണ്ടായിരുന്ന ഒരു വൃക്ഷത്തിന്റെ പിന്നിലേയ്ക്കു് ഒരു രൂപം മായുന്നതായി കണ്ടു. വീണ്ടും ഒരു മിന്നൽ, മറഞ്ഞുനില്ക്കുന്ന ആഠം ആരെന്നു ഞാൻ സൂക്ഷിച്ചുനോക്കി. ഗംഭീരമായ ഒരു സ്വരൂപം അതെ, ഞാൻ സൃഷ്ടിച്ചു ജീവൻ നല്കിയ ആ പ്രേതമനുഷ്യൻ. അവൻ എങ്ങിനെ അവിടെവന്നു? വില്യമിനെ കൊലപ്പെടുത്തിയ കരാളകരം ആരുടേതെന്നു ക്ഷണത്തിൽ എനിക്കു മനസ്സിലായി. അടുത്തുതന്നെ വീണ്ടും ഒരു മിന്നൽക്കൂടിയുണ്ടായി.

അവൻ അടുത്തു കുത്തനെ സ്ഥിതിചെയ്തിരുന്ന ഒരു പാറന്നിലേയ്ക്കു ബദ്ധപ്പെട്ടു കയറുന്നതായി കാണപ്പെട്ടു. മാൻഡ്സാലീവ് ശിഖരത്തിൽ അവൻ അപ്രത്യക്ഷനായി.

ഈ പ്രേതമനുഷ്യനു ഞാൻ ജീവൻ നല്കീട്ടു രണ്ടു വർഷങ്ങൾ കഴിഞ്ഞു. ഇതുതന്നെയായിരിക്കുമോ അവൻെറ ആദ്യത്തെ കൊലപാതകം? അവനെ ഇങ്ങിനെ മനുഷ്യവർഗ്ഗത്തെ വേട്ടയാടുവാനായി സ്വതന്ത്രനാക്കി വിട്ടുകയോ?

പിറേറദിവസം പ്രകാശമായപ്പോൾ ഞാൻ ഗ്രാമത്തിലേയ്ക്കു കടന്നു. വീട്ടിൽ പ്രവേശിച്ചു. എൻെറ സഹോദരനെ കൊലപ്പെടുത്തിയതു് ഇന്നാളെന്നു ബോദ്ധ്യമായി. ഞാൻ പരിഭ്രമിച്ചുവശായി. എൻെറ രഹസ്യം വെളിപ്പെട്ടേക്കുമോ എന്നു ഞാൻ വല്ലാതെ ഭയന്നു.

ഞങ്ങളുടെ വീട്ടിൽ ജൈസ്റ്റീൻ എന്ന കുട്ടി വളന്നിരുന്നു. വളരെ ചൊറുചൊറുക്കുള്ള ഒരു പെൺകുട്ടി. കണ്ണിന്നു കൌതുകം നൽകുന്ന രൂപം. അവളാണത്രെ വില്യമിനെ കൊന്നതു്.

ഈ കുററാരോപണത്തെ എലിസബത്തു് അത്ര വിശ്വസിച്ചില്ല. ജൈസ്റ്റീൻ നിരപരാധിയാണെന്നു വിധിച്ചു് അവളെ വിടുതൽ ചെയ്യുമെന്നു താൻ ബലമായി വിശ്വസിക്കുന്നു എന്നവൾ പറഞ്ഞു.

“നീ കുററവാളിയല്ലെങ്കിൽ അതിനെ തെളിയിക്കുന്നതാണ്: ഭയപ്പെടുവാനൊന്നുമില്ല. നീ വെറുതെ ഖേ

രിച്ചു മനസ്സു വാട്ടീട്ടു ഫലമൊന്നുമില്ല!" ഞാൻ അവളെ ആശ്വസിപ്പിച്ചു.

"എലിസബത്തു്! എന്തിനാണു് കഥയില്ലാതെ നീ നിലവിളിക്കുന്നതു്? നീ വിശ്വസിക്കുന്ന പ്രകാരം അവൾ നിരപരാധിയെങ്കിൽ നീതിയും നിയമവും നമുക്കനുകൂലമായിവരും എന്നു വിശ്വസിക്കുക. അക്കാര്യത്തിൽ ഞാൻ വേണ്ടതു ചെയ്തുകൊള്ളാം!" എന്നു് എന്റെ അച്ഛനും അവളെ സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു.

## V

പതിനൊന്നുമണിവരെ ഹൃദയവേദനയോടെ കഴിച്ചുകൂട്ടി. എന്റെ പിതാവും ഏതാനും ബന്ധുക്കളും സാക്ഷികളായി കോർട്ടിലേയ്ക്കു പോയി. എനിക്കാണെങ്കിൽ നീതിപരിപാലനമെന്നതു് വാക്കിലടങ്ങാത്ത പേക്കൂത്തായി അനുഭവപ്പെട്ടു. എന്റെ ഹൃദയം തുടുതുടുത്തുതുടങ്ങി. ഞാൻ, മനുഷ്യവർഗ്ഗം അറിയരുതെന്നു കരുതി മറച്ചുവെച്ചിരുന്ന രഹസ്യത്തെ അറിയണമെന്നാശപ്പെട്ടതിന്റെ ഫലമായി—നീതിവിരുദ്ധമായ പ്രവൃത്തിയുടെ ഫലമായി നിരപരാധികളായ രണ്ടുപേരുടെ ജീവൻ അപകടത്തിലായി. ഒന്നൊരു പിഞ്ചുപൈതൽ. ദുഃഖമെന്നതിന്നതെന്നുപോലും അറിഞ്ഞിട്ടില്ലാത്ത ശിശു. മറ്റൊന്നു് ശോഭനമായ ഒരു ഭാവിയെ പ്രതീക്ഷിക്കേണ്ട പെൺകുട്ടി. ജെസ്റ്റീൻ നല്ല സ്വഭാവഗുണമുള്ളവളാണു്. അവളുടെ ജീവി

തം ആനന്ദപ്രദമായിരിക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ, അവളെ ഇപ്പോൾ ശവക്കുഴിയുടെ വക്കത്തേക്കാണാനയിക്കപ്പെട്ടിരിക്കുന്നതു്. ഐസ്റ്റീനിന്റെ പേരിൽ ചുമത്തപ്പെട്ടിരിക്കുന്ന കുറ്റത്തിനു് ഞാനാണുത്തരവാദിയെന്നു് ആയിരം പ്രാവശ്യം വേണമെങ്കിലും ഞാൻ സമ്മതിക്കുമായിരുന്നു. എന്നാൽ അതാരാണു് വിശ്വസിക്കുക. ഞാൻ ഭ്രാന്തു പറയുകയാണെന്നു് ജല്പിക്കയല്ലാതെ അവളെ വിട്ടയയ്ക്കയുണ്ടാകയില്ല.

കോടതിയിൽ ആനയിക്കപ്പെട്ട ഐസ്റ്റീന്റെ മുഖത്തു് മ്ലാനതയുടെ അംശം പോലും കാണപ്പെട്ടില്ല. ആ പ്രസന്നതയിൽ എന്തെന്നില്ലാത്ത ഒരഴകും എഴുന്നരുളിനിരുന്നു. താൻ നിരപരാധിയെന്നു് അവളുടെ അപ്പോഴത്തെ മുഖഭാവം വിളിച്ചറിയിച്ചിരുന്നു. എങ്കിലും ജനങ്ങളെല്ലാം അവളെ കണക്കറ്റു പഴിക്കുകയും ദുഷിക്കുകയും ചെയ്തിരുന്നു. പക്ഷേ, അവൾ യാതൊരു പ്രലോഭനങ്ങൾക്കും വഴിപ്പെടുകയാകട്ടെ നിരാശാഭരിതയായിത്തീരുകയാകട്ടെ ചെയ്തില്ല. സാധാരണ കുറ്റമായിരുന്നാൽ ജനങ്ങളുടെ മനസ്സു് തെല്ലു ശാന്തമായിരിക്കും. ഒരു പച്ച ശിശുവിനെ കൊന്ന കൊലപാതകി എന്ന ചിന്തയിൽ ജനങ്ങൾ അവളിൽ എന്തെന്നില്ലാത്ത കോപാവേശം കൊണ്ടിരുന്നു. എന്നാൽ, അവളുടെ പ്രകൃതത്തിനു യാതൊരു കുലുക്കവും കണ്ടില്ല. ആ സമാധാനം അവളിൽ നടമാടിയതു് അവളുടെ ഹൃദയശുദ്ധിയിലുള്ള ഉറച്ച വിശ്വാസം ഒന്നുകൊണ്ടു മാത്രമായിരിക്കണം. പരിഭ്രമം കാട്ടിയാൽ താൻ കുറ്റക്കാരിയെന്നു കാണികൾ തെറ്റിദ്ധരി

ച്ചേക്കുമെന്നു ശങ്കിച്ചിട്ടായിരിക്കണം അവൾ ധൈര്യം അവലംബിച്ചതെന്നുവേണം വിചാരിക്കുവാൻ. കോടതിക്കുള്ളിൽ പ്രവേശിച്ചപ്പോൾ അവൾ നാലുപാടും ഒന്നു കണ്ണോടിച്ചശേഷം ഞങ്ങൾ ഇരുന്നിരുന്ന സ്ഥലത്തേയ്ക്കു സൂക്ഷിച്ചുനോക്കി. ഞങ്ങളെ കണ്ട ക്ഷണത്തിൽ അവളുടെ കണ്ണുകൾ കലങ്ങി. എന്നാൽ, ക്ഷണനേരത്തിനുള്ളിൽ അവൾ ശാന്തചിത്തയായിത്തീർന്നു.

വിചാരണ ആരംഭിച്ചു. കുററാരോപണം പ്രകടമാക്കിയശേഷം ചില സാക്ഷികളെ വിസ്തരിച്ചു. ചില വ്യത്യസ്ത സന്ദർഭങ്ങൾ അവൾക്കു വിപരീതമായി അണിനിരന്നുവന്നു. കൊല നടന്ന അന്നുരാത്രി മുഴുവൻ അവൾ പുറമെ പോയിരുന്നു. അതിരാവിലെ മാർക്കററിലേയ്ക്കു പോയിരുന്ന ഒരുത്തി അവളെ പ്രേതം കിടന്നിരുന്ന സ്ഥലത്തിനുസമീപംവെച്ചു കാണുകയുണ്ടായത്രെ. അവൾ അവിടെ എന്തിനുവേണ്ടിയാണു വന്നതെന്ന ചോദ്യത്തിനു ശരിയായ സമാധാനം പറയുകയുണ്ടായില്ലെന്നു സാക്ഷി പറഞ്ഞു. രാവിലെ എട്ടുമണിക്കു വീട്ടിൽ തിരിച്ചെത്തിയപ്പോൾ അതുവരെ എവിടേക്കാണു പോയിരുന്നതെന്ന ചോദ്യത്തിനു് കുട്ടിയെ അന്വേഷിക്കയായിരുന്നുവെന്നു സമാധാനം പറഞ്ഞു. എന്തെങ്കിലും വിവരം കിട്ടിയോ എന്നു ബദ്ധപ്പാടോടെ ചോദിച്ചുവത്രെ. ശവശരീരം കണ്ടമാത്രയിൽ അപസ്മാരം ബാധിച്ചമാതിരി മോഹാലസ്യപ്പെട്ടു വീണുപോയ കാരണത്താൽ നാലഞ്ചുദിവസത്തോളം ഒരേ കിടപ്പിൽ കിടന്നു. കുട്ടിയുടെ കഴുത്തിൽ അണിഞ്ഞിരുന്ന ചെയിൻ അവളുടെ സഞ്ചി

യിൽനിന്നും ജോലിക്കാരൻ കണ്ടെടുത്തു. കുട്ടിയെ കാണാതാകുന്നതിനുമുൻപു് അതിന്റെ കഴുത്തിൽ അണിഞ്ഞിരുന്നതു് ആ ചെയിൻതന്നെയായിരുന്നു എന്നു് എലിസബത്തു് കോർട്ടിൽ മൊഴികൊടുത്തു. ജനക്കൂട്ടം ക്രോധാരവം മുഴക്കി.

തന്റെ നിരപരാധിത്വത്തെ വെളിപ്പെടുത്തുവാൻ കോടതി ഹെസ്റ്റിയോടാവശ്യപ്പെട്ടു. വിചാരണ വീണ്ടും വീണ്ടും തുടർന്നതിനാൽ അവളുടെ മുഖഭാവങ്ങളും മാറി മാറിക്കൊണ്ടിരുന്നു. ദുഃഖം, സംഭ്രമം, ദയനീയത്വം, ക്രോധം തുടങ്ങി വിവിധരസങ്ങൾ അവളിൽ പ്രകടമായിക്കണ്ടു. ചിലപ്പോൾ അവൾ കണ്ണീരൊഴുക്കിക്കൊണ്ടു സംസാരിച്ചു. അടിക്കടി ശബ്ദം ഇടറിത്തുടങ്ങി.

“ഞാൻ നിരപരാധിയാണു്. അതിനു ദൈവമാണു് സാക്ഷി. എന്റെ വാക്കുകൾ എനിക്കു വിമോചനം നൽകുമെന്ന വിശ്വാസം എനിക്കില്ല. എന്നാൽ എനിക്കു വിപരീതമായി കോടതി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുടെ യാഥാർത്ഥ്യം ഞാൻ വിശദീകരിക്കാം. എന്റെ വാക്കുകൾ സത്യമെന്നു കോടതിക്കു ബോദ്ധ്യപ്പെടുന്നപക്ഷം എന്നെ വിട്ടയക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.” അവൾ നിരാശയോടെയെങ്കിലും ദൃഢസ്വരത്തിൽ പറഞ്ഞു.

കൊലനടന്ന രാത്രി അവൾ ജനീവയിൽനിന്നും ഏഴു മൈൽ ദൂരത്തു സ്ഥിതിചെയ്തിരുന്ന തന്റെ ചെറിയമ്മയുടെ വീട്ടിലായിരുന്നു. അവിടേയ്ക്കു പോകുവാൻ അ

ഷാം ഏലീസബത്തിന്റെ സമ്മതവും വാങ്ങിയിരുന്നു. രാത്രി ഒൻപതുമണിക്ക് അവൾ തിരിച്ചുവരും. വഴിക്കു മാർഗ്ഗമദ്ധ്യത്തിൽവെച്ച് ഒരുവൾ അവളോട് "ഒരു കുട്ടിയെ കാണ്മാനില്ല. നീ കണ്ടുവോ?" എന്നു ചോദിച്ചു. അനന്തരം, അവൾ ജനീവാനഗരാതിർത്തിയിലുള്ള കോട്ടമതിലിന്നു സമീപം കുട്ടിയെ തെരഞ്ഞു വളരെനേരം അലഞ്ഞു. അവൾ ഇങ്ങിനെ അന്വേഷണം നടത്തി ചുറ്റിത്തിരിയുന്നതിന്നിടയിൽ സമയം അതിക്രമിക്കുകയാൽ കോട്ടവാതിൽ ബന്ധിച്ചുകളഞ്ഞു. തന്നിമിത്തം അവൾ ഗത്യന്തരമില്ലാതെ പുറത്തുതന്നെ കഴിഞ്ഞുകൂടേണ്ടതായിവന്നു. കോട്ടവാതിലിന്നരികിൽ സ്ഥിതിചെയ്തിരുന്ന കുടിലുകളിലെ താമസക്കാരിൽ പലരും അവളെ അറിയുന്നവരായുണ്ടായിരുന്നു. അവിടേയ്ക്കു കടന്നുചെന്നാൽ രാത്രി കഴിച്ചുകൂട്ടാമായിരുന്നുവെങ്കിലും അസമയത്തു കടന്നുചെന്ന് അവരെ ശല്യപ്പെടുത്തുന്നതുചിതമല്ലെന്നു കരുതി അടുത്തൊരു വീട്ടുമുറ്റത്തെ തൊഴുത്തിലെ വൈക്കോൽക്കൂട്ടത്തിൽ കയറികിടന്നു. അവൾ ഉറക്കമായി അധികനേരമായിരുന്നിരിക്കില്ല. ഏതോ കാൽപെരുമാറ്റശബ്ദം കേട്ട് അവൾ ഞെട്ടിയുണർന്നു. അപ്പോഴേയ്ക്കും നേരം പ്രകാശമാകാറായിരുന്നതിനാൽ അവൾ എഴുന്നേറ്റു കുട്ടിയെ തെരയുവാൻ തുടങ്ങി. ശവം കിടന്നിരുന്ന സ്ഥലത്തിനുസമീപമെങ്ങാനും അവൾ ചെന്നിട്ടുണ്ടെങ്കിൽ അതു വിവരമറിയാതെ ചെന്നതായിരിക്കണം. രാത്രി മുഴുവൻ ഉറക്കൊഴിച്ചു ക്ഷീണിച്ചിരുന്നതിനാലാണ് മാർക്കറ്റിലേയ്ക്കു പോയിരുന്ന സ്ത്രീയുടെ ചോദ്യത്തിനു ശ

രിയായ സമാധാനം പറയുവാൻ സാധിക്കാതെ പോയതു്. എന്നാൽ, ചെയിൻ തന്റെ സഞ്ചിയിൽ വരാനുണ്ടായ കാരണം അവൾക്കറിവില്ലെന്നു പറഞ്ഞു.

“ഇതു് എനിക്കെത്രമാത്രം ദോഷകരമായ അഭിപ്രായമാണെന്നു് നല്ലവണ്ണമറിയാം. എന്നാൽ, ഇതേപ്പററി വേണ്ടതരത്തിൽ വിവാദിപ്പാൻ ഞാൻ ശക്തയല്ല. ഒരുപക്ഷെ, മററാരെങ്കിലും അതിനെ എന്റെ സഞ്ചിയിൽ ഇട്ടതായിരുന്നേക്കുമോ എന്ന സംശയമല്ലാതെ ഖണ്ഡിതമായ ഒരഭിപ്രായം പറയുവാൻ ഞാൻ അശക്തയാണു്. മാത്രവുമല്ല, അതിനെ ഖണ്ഡിച്ചു സമർത്ഥിപ്പാനുള്ള സാക്ഷികളോ ഇതരതെളിവുകളോ ഇല്ലതാനും. എനിക്കു വിരോധികളായി എന്റെ അറിവിൽ പെട്ടിടത്തോളം ആരുംതന്നെ ഇല്ലെന്നുവേണം പറവാൻ. കൊലപാതകിതന്നെ അപ്രകാരം ചെയ്തിരിക്കുമോ ആവോ! അതിനുള്ള സൌകര്യം ലഭിച്ചിട്ടുള്ള ഓർമ്മയും എനിക്കില്ല. അവൻ ആഭരണം മോഷ്ടിച്ചശേഷം അതിനെ എന്തിനുവേണ്ടി ഉപേക്ഷിച്ചിരിക്കണം?

എന്റെ പക്ഷക്കാരെ വിസ്തരിച്ചു നീതി പരിപാലിക്കേണ്ടതു ന്യായാധിപന്റെ കടമയാണു്. ആയതിനാൽ എന്റെ നന്മയ്ക്കുവേണ്ടി ഏതാനും പേരെ വിസ്തരിക്കുവാൻ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അവരുടെ സാക്ഷിമൊഴികളും എനിക്കു വിപരീതമായിട്ടാണു് കാണുന്നതെങ്കിൽ കോടതി വിധിക്കുന്ന ഏതു ശിക്ഷയ്ക്കും ഞാൻ സസന്തോഷം പാത്രമായിക്കൊള്ളാം!” അവൾ കോടതിയെ ധരിപ്പിച്ചു.

പല വർഷങ്ങൾ അവളുമായി പരിചയിച്ചിട്ടുള്ള ചിലരെ വിസ്തരിക്കപ്പെട്ടു. എല്ലാവരും അവളെപ്പററി ഏററവും നല്ല അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ അവൾ ചെയ്തതായി ആരോപിച്ചിട്ടുള്ള കുററം അവരെ ഒന്നാകെ കുഴക്കി. ഇതിലും അവൾക്കു തോൽവി നിശ്ചയമെന്നു കണ്ടപ്പോൾ എലിസബെത്തു് എഴുന്നേററു തനിക്കു ചിലതു ബോധിപ്പിക്കുവാൻ അനുവാദം നല്കണമെന്നു കോടതിയോടാവശ്യപ്പെട്ടു.

"ഞാൻ മരിച്ചുപോയ കുട്ടിയുടെ സഹോദരിയാണെന്നു വേണമെങ്കിലും പറയാം. അത്ര സ്വന്തമെന്ന നിലയിൽ അടുത്ത ബന്ധത്തോടെയാണു് ഞാൻ ആ കുടുംബത്തിൽ വളർന്നുവരുന്നതു്. ആയതിനാലാണു് ഞാൻ ഇക്കാര്യത്തിൽ സാക്ഷിപറവാൻ തുനിയുന്നതു്. അനുകൂലികളെന്ന വ്യാജേന സുഹൃത്തുക്കളുടെ മട്ടിൽ ഇവിടെ സാക്ഷി പറഞ്ഞവർമൂലം നിരപരാധിയായ ഒരുവൾ ദുർമ്മരണം പ്രാപിക്കാൻ പോകയാണു്. ആയതിനാൽ ഈ ഘട്ടത്തിൽ എനിക്കവളുടെ സ്വഭാവവും യോഗ്യതയും നല്ലവണ്ണമറിവുണ്ടെന്നു പരമാർത്ഥം വെളിപ്പെടുത്തുവാനാണു് ഞാൻ ഉദ്യമിക്കുന്നതു്. കുററവാളിയെ എനിക്കു നല്ലവണ്ണമറിയാം. മനുഷ്യവർഗ്ഗത്തിൽ ഇത്ര സ്വഭാവഗുണവും യോഗ്യതയുമുള്ള ആളുകൾ അധികംപേരുണ്ടാകയില്ലെന്നു തീർത്തുപറയാം. എൻെറ ചെറിയമ്മയായ മാഡം ഫ്രാങ്കൻസ്റ്റീൻ സുഖക്കേടായി കിടന്നിരുന്നപ്പോൾ ഇവൾ ചെയ്തിരുന്ന പരിചാരണം ഒരിക്കലും മറ

കത്തക്കതല്ല. അതിനുശേഷം ഇവളുടെ അമ്മയ്ക്കും വളരെക്കാലം രോഗിണിയായി കിടക്കുകയുണ്ടായി. അപ്പോൾ ഇവൾ ചെയ്ത ശുശ്രൂഷയെക്കുറിച്ച് ഇപ്പോഴും നാട്ടുകാർ വളരെ പ്രശംസിച്ചുപോരുന്നുണ്ട്. അതിനുശേഷം ഇവൾ എന്റെ അമ്മാവന്റെ വീട്ടിൽവന്ന് ഞങ്ങളുടെ കുടുംബത്തിൽ ഒരംഗമെന്നവണ്ണം അത്ര അടുത്ത ബന്ധം പുലർത്തി പാർത്തുവരികയായിരുന്നു. മരിച്ചുപോയ കുട്ടിയുടെ പേരിൽ ഇവൾക്കുണ്ടായിരുന്ന മമത പറഞ്ഞറിയിക്കാവതല്ല. സ്വന്തമാതാവിനുപോലും ഉണ്ടാകാത്തത്ര വാത്സല്യത്തോടെയാണ് ഇവൾ അവനെ പോററിവന്നിരുന്നത്. ഇവൾക്കു വിപരീതമായി രേഖപ്പെടുത്തിട്ടുള്ള സാക്ഷ്യങ്ങൾ എന്തുതന്നെയായിരുന്നാലും ശരി, ഞാൻ ഇവളെ നിരപരാധിയെന്നുതന്നെയാണ് കരുതുന്നത്. ഇവൾ അങ്ങിനെ ഒരു ശിശുഹത്യ നടത്തുവാൻ യാതൊരു കാരണവും കാണുന്നില്ല. അതിൽനിന്നും ഇവൾക്കു യാതൊരു പ്രയോജനവും ഉണ്ടാകുവാനുമില്ല. ഒരു തെളിവായി പൊന്തില്ലുന്ന ആ ആഭരണത്തിന്റെ കാര്യത്തിൽ എനിക്കത്ര വിശ്വാസമില്ല. ഈ അല്പവസ്തുവിനുവേണ്ടി ഇങ്ങിനെയൊരു പാപകർമ്മം ഇവൾ ആചരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവൾ എന്നോടാവശ്യപ്പെടുന്നപക്ഷം ഇതിലും വിലപ്പിടിച്ച വസ്തു ഞാൻ കൊടുക്കുമെന്ന് ഇവൾക്കുതന്നെ ഉറപ്പുള്ളതാണ്. ആയതിനാൽ ആ ചങ്ങലയ്ക്കുവേണ്ടി ഒരിക്കലും ഇവൾ ആ പാതകം ആചരിക്കാനിടയില്ല. അത്രത്തോളം വിശ്വാസം എനിക്കിവളിൽ ഉണ്ട്.

എലിസബത്തിൻെറ അഭിപ്രായത്തെ കോടതിയിൽ കൂടിയിരുന്നവരെല്ലാം ശരിവയ്ക്കുകയും അവളെ അനുമോദിക്കുകയും ചെയ്തു. എന്നാൽ, അവളുടെ അഭിപ്രായങ്ങളും ഐസ്റ്റീനു വിപരീതമായി കലാശിച്ചു. ഐസ്റ്റീൻ അത്രമാത്രം നന്ദികെട്ട ഒരു ജന്തുവാണെന്നു ജനങ്ങൾ വിചാരിക്കുവാൻ തുടങ്ങി. എലിസബെത്തു സംസാരിക്കുമ്പോൾ അവൾ തന്നത്താൻ നിലവിളിച്ചുപോയി. വിചാരണ നടന്നുകൊണ്ടിരിക്കുമ്പോൾ എൻെറ ഹൃദയം അനുഭവിച്ചിരുന്ന വേദന എനിക്കുമാത്രമേ അറിഞ്ഞുകൂടൂ. ഐസ്റ്റീൻ കുററവാളിയല്ലെന്നു് എനിക്കുപരിപൂർണ്ണമായി അറിയുന്നതാണല്ലോ. കുട്ടിയെ കൊന്നവൻതന്നെ ഇവളിൽ പഴിചുമത്തി ഈ വിചിത്രമായ നേരംപോക്കിനു കാരണമാക്കിയിരിക്കുമോ? സ്ഥിതിഗതികളുടെ ഗൌരവം ആലോചിക്കുംതോറും എൻെറ ഹൃദയം തുടിച്ചുവശായി. എൻെറ ക്ഷമ അസ്തമിച്ചു. ജനങ്ങളുടെ മനോഭാവവും ന്യായാധിപൻെറ മുഖവും അവളെ കുററവാളിയെന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഞാൻ അടക്കവഹിയാത്ത മനോവേദനയോടെ പുറത്തേക്കിറങ്ങി. അപ്പോൾ ഞാൻ അനുഭവിച്ചിരുന്ന വേദനയുടെ ആയിരത്തിൽ ഒരംശംപോലും വേദന കുററവാളി അനുഭവിക്കുന്നുണ്ടായിരിക്കയില്ല. താൻ നിരപരാധിയാണെന്ന ബോധമാണു് അവളെ ധൈര്യപ്പെടുത്തിയിരുന്നതു്. എന്നാൽ, വേദനയെന്ന ചെന്നായുടെ കൂർത്ത പല്ലുകൾ എൻെറ ഹൃദയത്തെയാണു കടിച്ചുപിടിച്ചിരുന്നതു്. അതി

ൻെറ പിടിയിൽ നിന്നും എനിക്കു രക്ഷപ്പെടുവാൻ കഴിഞ്ഞില്ല.

രാത്രി മുഴുവൻ ഒരേ ദുഃഖത്തിൽ കഴിഞ്ഞു. രാവിലെ കോടതിയിലേയ്ക്കു ചെന്നു. എൻെറ നാവും നെഞ്ചും വരണ്ടുപോയിരുന്നു. വിധി എങ്ങിനെയെന്നു ചോദിച്ചറിവാൻകൂടി നാവു പൊന്തിയില്ല. എന്നാൽ കോടതിയിലെ ഉദ്യോഗസ്ഥൻ എൻെറ അന്തർഗ്ഗതം മനസ്സിലാക്കി ഐസ്റ്റീൻ കുററവാളിതന്നെയെന്നു വിധിച്ചതായി എന്നെ ധരിപ്പിച്ചു. അപ്പോഴത്തെ എൻെറ ദുഃഖത്തേയും വേദനയേയും വിവരിക്കുവാൻ എൻെറ നാവിനു ശക്തി പോരെന്നുതന്നെ പറയണം.

"ഇത്ര സ്പഷ്ടമായ ഒരു കേസ്സിനു സാക്ഷികളുടെ ആവശ്യംതന്നെ ഇല്ല. എങ്കിലും അനുഭവസാക്ഷികളുടെ വാങ്മൂലങ്ങളാൽ വധശിക്ഷ വിധിക്കുവാൻ ന്യായാധിപന്മാർ അനുഗ്രഹിച്ചില്ല."

ഇതു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ ക്ഷണത്തിൽ വീട്ടിലേയ്ക്കു മടങ്ങി. എന്നെ കണ്ടമാത്രയിൽ എലിസബെത്ത് ഓടിയണഞ്ഞു "എന്തായി?" എന്നു ചോദിച്ചു.

"നീ വിചാരിച്ചിരുന്ന മാതിരിതന്നെ സംഭവിച്ചു. കുററവാളി ഒരുവൻ രക്ഷപ്പെടുന്നതിനു പകരം പത്തു നിരപരാധികളെ ശിക്ഷിച്ചാലും തെററില്ലെന്നു ന്യായാധിപന്മാർ വിചാരിക്കുന്നു. എന്നാൽ, അവർ കുററം സമ്മതിച്ചിരിക്കുന്നു."

ജെസ്റ്റീൻ നിരപരാധിയാണെന്നു ബലമായി ധരിച്ചിരുന്ന എലിസബത്തിനെ ഈ വർത്തമാനം അത്ഭുതസ്തിമിതയാക്കിത്തീർത്തു.

“മനുഷ്യന്റെ സൽഗുണങ്ങളിൽ ഞാൻ ഇനി എങ്ങിനെയാണു വിശ്വസിക്കുക? ഞാൻ ജെസ്റ്റീനെ എന്റെ സ്വന്തസഹോദരിയെപ്പോലെയാണു് കരുതിയതും സ്നേഹിച്ചിരുന്നതും. ദ്രോഹിക്കാൻവേണ്ടി അവൾ കള്ളപ്പുഞ്ചിരി കാട്ടിയതായിരുന്നുവോ? അവളുടെ പല്ലുകൾ കണ്ടാൽ ഇങ്ങിനെയൊരു കുററം ചെയ്യുന്നവളാണു് അവളെന്നു് ആർക്കു പറവാൻ കഴിയും. എങ്കിലും അവൾ ഒരു കൊലപാതകമല്ലേ നടത്തിയതു്?” അവൾ ചിന്താകുലയായിത്തീർന്നു.

അല്പനേരം കഴിഞ്ഞപ്പോൾ ജെസ്റ്റീൻ എലിസബത്തിനെ കാണ്മാനാഗ്രഹിക്കുന്നതായി വിവരം കിട്ടി. അപ്പോൾ അച്ഛൻ “നീ പോകാതിരിക്കുകയാണു് ഭേദം, പിന്നെ നിന്റെ ഇഷ്ടംപോലെ” എന്നു പറഞ്ഞു.

“അവൾ യഥാർത്ഥത്തിൽ കൊലപാതകിതന്നെയെങ്കിലും അവളുടെ ആഗ്രഹം നിവർത്തിച്ചുകൊടുക്കേണ്ടതാണു്. അതുകൊണ്ടു ഞാൻ പോകാമെന്നുതന്നെ കരുതുന്നു. പക്ഷെ, തനിച്ചു പോകാൻ എനിക്കിഷ്ടമില്ല” എന്നു പറഞ്ഞു് എലിസബത്തു് ഉടനെ എന്നെയുംകൂട്ടി പുറപ്പെട്ടു.

ഞങ്ങൾ രണ്ടുപേരും ജയിൽമുറിയിലേയ്ക്കു പോയി. ജെസ്റ്റീൻ വൈക്കോൽ വിരിപ്പിന്മേൽ ഇരിക്കുകയായി

ഞ്ഞു. കൈകളിൽ വിലങ്ങുവെച്ചിരുന്നു. ഞങ്ങളെ കണ്ട ക്ഷണത്തിൽ അവൾ ചാടി എഴുന്നേററ് എലിസബെത്തിന്റെ പാദത്തിൽ വീണു പ്രലപിച്ചു.

"നീ നിരപരാധിയാണെന്നു ഞാൻ വിശ്വസിച്ചിരുന്നു. ആ സമാധാനത്തെ നീ എന്തിനു ഭഞ്ജിച്ചു? അപ്പോൾ എനിക്ക് അടക്കവഹിയാത്ത ദുഃഖമാണുണ്ടായിരുന്നതു്. ഇപ്പോഴാകട്ടെ എന്റെ അവസ്ഥാന്തരമെന്തെന്നു ഞാൻ നിന്നെ ഗ്രഹിപ്പിക്കുന്നില്ല" എന്നു പറഞ്ഞു എലിസബെത്തു കണ്ണീരൊഴുക്കി.

"നിങ്ങളും എന്നെ കുററക്കാരിയായിട്ടാണോ കണക്കാക്കിയിരിക്കുന്നതു്? സത്യവും സ്നേഹവുമില്ലാ ഈ ലോകരുടെ ചേരിയിൽ നിങ്ങളും ചേർന്നുവെന്നോ?" അവൾ പൊട്ടിക്കരഞ്ഞു.

"കുഞ്ഞേ! എഴുന്നേല്ക്കു. നീ ഒരു നിരപരാധിയാണെങ്കിൽ ക്ഷമാപണം ചെയ്യുന്നമട്ടിൽ എന്തിനാണു കാലുപിടിച്ചു വണങ്ങുന്നതു്? ഞാൻ നിന്റെ ശത്രുവല്ല. എത്ര സാക്ഷികളുണ്ടെങ്കിലും നീ നിരപരാധിയെന്നുതന്നെ ഞാൻ വിശ്വസിച്ചിരുന്നു എന്നാൽ, നീതന്നെ കുററം ഏററു സമ്മതിച്ചുകഴിഞ്ഞിരിക്കുന്നുവല്ലോ. ആ വർത്തമാനം വ്യാജമെന്നു പറയുക. നിന്റെ പേരിൽ എനിക്കുണ്ടായിട്ടുള്ള വിശ്വാസം ഒരിക്കലും നശിക്കുന്നതല്ല. നീ കുററം സമ്മതിച്ചതല്ലേ എന്നെ കൂടുതൽ വേദനിപ്പിക്കുന്നതു്."

"ഞാൻ കുററം സമ്മതിച്ചു. ഞാൻ എന്തുചെയ്യട്ടെ.

മനസ്സാക്ഷിയെ മറച്ചു കളവുപറയേണ്ടിവന്നു. മരണസമയത്തിൽ പാപപരിഹാരം ലഭിക്കാൻവേണ്ടിമാത്രം ഞാൻ കളവുപറഞ്ഞു. മറെറല്ലാക്കുററങ്ങളേക്കാളും ഈ കളവു് എൻെറ ഹൃദയത്തെ അറുത്തുമുറിക്കുന്നു. ഈശ്വരൻതന്നെ എനിക്കു മാപ്പുതരട്ടെ. പാതിരിവന്നു് കുററം ഏററു പറയണമെന്നു് എന്നെ നിർബ്ബന്ധിച്ചു; ഭയപ്പെടുത്തി. അദ്ദേഹത്തിൻെറ ആജ്ഞയ്ക്കു വഴിപ്പെട്ടശേഷം ഞാൻ എന്നെ ഒരു ഘോരരാക്ഷസിയായിട്ടാണു് കരുതിയതു്. ഞാൻ വഴിപ്പെടാതിരുന്നാൽ എനിക്കു മതഭ്രഷ്ടു് കല്പിച്ചു നരകത്തിലേയ്ക്കയയ്ക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തി. ഈ തടവുമുറിയിൽ എനിക്കാരാണൊരു തുണയുള്ളതു്? ഇനി നിത്യനരകത്തിൽകിടന്നു നരകിക്കുകയേ എനിക്കു ഗതിയുള്ളുവെന്നു കരുതി ഞാൻ സംഭ്രമിച്ചു; ഭയന്നുവിറച്ചു. ഒടുവിൽ മനസ്സു ഭയത്തിന്നടിമപ്പെട്ടു് ഞാൻ ചെയ്യാത്ത കുററത്തെ ചെയ്തുവെന്നു പറഞ്ഞു. എൻെറ ഹൃദയസ്ഥിതി പറഞ്ഞറിയിക്കവഹിയാ" അവർ വാവിട്ടു നിലവിളിച്ചു

അല്പസമയത്തിനുശേഷം അവർ വീണ്ടും പറഞ്ഞു:

"നിങ്ങളുടെ ഏസ്തർ ഈ കുററം ചെയ്തിരിക്കുമെന്നു നിങ്ങൾ വിശ്വസിച്ചിരിക്കുമോ എന്ന വിചാരം എന്നെ എന്തെന്നില്ലാതെ ഖേദിപ്പിക്കുകയും പരവശപ്പെടുത്തുകയും ചെയ്തു. മോക്ഷലോകത്തിൽ നാം സന്ധിക്കും. അപ്പോൾ സമാധാനവും ആനന്ദവും ഉണ്ടാകും. മരണത്തിൽ അല്പതാപവും അവമാനവും സിദ്ധിച്ചാൽ അതെൻെറ വിധി."

“ഐസ്റ്റീൻ! നീ ഒരിക്കലും കളവു പറയേണ്ടതില്ലായിരുന്നു. കഴിഞ്ഞതുപോകട്ടെ. നീ ഒന്നുകൊണ്ടും ദുഃഖിക്കേണ്ടതില്ല. നിന്റെ നിരപരാധിത്വത്തെ ഞാൻ ലോകത്തെ ഗ്രഹിപ്പിച്ചു നിന്നെ രക്ഷിക്കും. മേലിൽ നീ എന്റെ സഹോദരിയും കളിത്തോഴിയുമായിത്തന്നെ ജീവിക്കും. നീയാണോ തൂക്കുമരത്തിൽ മരിക്കേണ്ടവൾ? അതു കണ്ടു സഹിച്ചുകൊണ്ടു് ഞാൻ എങ്ങിനെ ജീവിക്കും?” എലിസബെത്തു് ആവേശഭരിതയായി പറഞ്ഞു.

ഐസ്റ്റീൻ ഒന്നു നിശ്വസിച്ചശേഷം പറഞ്ഞു:—

“ഞാൻ മരണത്തിൽ തെല്ലും ഭയപ്പെടുന്നില്ല. അതിലുണ്ടായിരുന്ന ഭയം പോയിക്കഴിഞ്ഞിരിക്കുന്നു. ഇനിയുണ്ടാകാൻ പോകുന്ന ദുരിതങ്ങളെ സഹിക്കുവാനുള്ള ശക്തി ദൈവം എനിക്കു നല്കിയാൽമാത്രം മതി. കൈപ്പും കദനവും നിറഞ്ഞ ലോകത്തെ വിട്ടുപോകുന്നുവെന്ന ഓർമ്മ നിങ്ങൾക്കുള്ളപക്ഷം അകാരണവും അനീതിപൂർവ്വവും മരിച്ച ഒരുവളെപ്പററിയുള്ള സ്മരണ എപ്പോഴും ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. ചെയ്ത സത്യം പാലിക്കുവാൻ സഹനശക്തി വേണമെന്ന പാഠം എന്നിൽനിന്നും നിങ്ങൾ പഠിച്ചുകൊള്ളുവിൻ.”

ഇവർ തമ്മിൽ സംസാരിക്കുമ്പോൾ ഞാൻ ഒരു മൂലയിൽ ചെന്നു പതുങ്ങിനിന്നു. അപ്പോൾ എന്റെ ഹൃദയത്തിനുണ്ടായ തുടിപ്പുകൾ അടക്കുവാൻ ഞാൻ അശക്തനായിത്തീർന്നു. പശ്ചാത്താപം ഹൃദയത്തെ എത്രകണ്ടു് വ്രണപ്പെടുത്തുമെന്നു് ആർക്കു പറവാൻ കഴിയും. ശിക്ഷ

വിധിച്ചു തടവിലിട്ടിരിക്കുന്നവരാം അടുത്തദിവസം മരണമെന്ന അതിർത്തിക്കോട്ടയേയും ഭേദിച്ചു പാഞ്ഞുപോകുന്നതാണു്. യഥാർത്ഥത്തിൽ ആ ശിക്ഷ ലഭിക്കേണ്ടതു് എനിക്കല്ലേ. ഞാൻ പല്ലുകൾ അമറി. എന്റെ മനം തുടിച്ചു. എന്തോ അടക്കവഹിയാത്ത ഒരാവേശം എന്നെ ബാധിച്ചു. അല്പം കഴിഞ്ഞു് അവൾ എന്റെ സമീപത്തേയ്ക്കു നീങ്ങിനിന്നു് "നിങ്ങൾ വന്നുചേർന്നതിൽ എന്റെ അകമഴിഞ്ഞ നന്ദി. ഞാൻ വാസ്തവത്തിൽ ഒരു കുറ്റക്കാരിയാണെന്നു നിങ്ങൾ കരുതുകയില്ലെന്നു വിശ്വസിക്കുന്നു" എന്നു പറഞ്ഞു.

എനിക്കു മറുപടിയൊന്നും പറയുവാൻ നാവു പൊന്തിയില്ല.

"ഐസ്റ്റിൻ! നീ ഒരു നിരപരാധിതന്നെയെന്നു് അദ്ദേഹം നിശ്ചയമായും വിശ്വസിക്കും. നീ കുറ്റം സമ്മതിച്ചതായി വിവരം കിട്ടിയപ്പോൾ അതിനെ വിശ്വസിക്കുവാൻപോലും അദ്ദേഹം കൂട്ടാക്കിയില്ല" എലിസബെത്തു പറഞ്ഞു.

"അതിന്നു് എന്റെ പ്രത്യേകനന്ദി. അന്ത്യനിമിഷത്തിൽ യഥാർത്ഥമായ സ്നേഹം ഒന്നുമാത്രമാണു് ആശ്വാസം നല്കുന്നതു്. അതു് എന്റെ ദുഃഖത്തിൽ പകുതിയെ കുറച്ചിരിക്കുന്നു. ഇനി എനിക്കു മനസ്സമാധാനത്തോടെ മരിക്കാം. നിങ്ങൾ രണ്ടാളും ഞാൻ നിരപരാധിയാണെന്നു വിശ്വസിക്കുമെങ്കിൽ അതിൽ കൂടുതൽ ആശ്വാസം എനിക്കു മറ്റൊന്നും വേണ്ടതില്ല." ഐസ്റ്റിൻ പ്രസന്നത പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു.

അവൾ സ്വയം സമാധാനിച്ചു. ധൈൎയ്യം അവലംബിച്ചു. എന്നാൽ, എൻെറ ഹൃദയത്തെയാകട്ടെ നിത്യനരകം കനൽ കാൻെറതിന്നുകൊണ്ടിരിക്കുമ്പോൾ യഥാൎത്ഥകൊലപാതകിയായ എനിക്കെവിടെ സമാധാനം?

എലിസബെത്തു നിലവിളിച്ചു. എന്തെന്നില്ലാത്ത താപം അവളെ ആശ്ലേഷിച്ചു. അവളുടെ ഈ ദുഃഖം ലേശവും കളങ്കമില്ലാത്തതാണു്. മേഘത്തിനു ചന്ദ്രൻെറ കിരണങ്ങളെ മറയ്ക്കുവാൻ കഴിയുമെന്ന കാൎയ്യം തീൎച്ചയാണു്. എന്നാൽ അതിന്നു ചന്ദ്രനെ മറയ്ക്കുവാൻ എങ്ങിനെ കഴിയും? അടിക്കടി സഹതാപവും ദുഃഖവും എൻെറ ഹൃദയത്തെ മഥിച്ചു. എൻെറ ഹൃദയത്തിൽ ഒരു മഹാനരകം കുടികൊണ്ടു. ഞങ്ങൾ ഏതാനും മണിക്കൂറുകളോളം ജെസ്റ്റീൻെറ സമീപത്തു കഴിച്ചുകൂട്ടി. എലിസബെത്തു് അവളെ പിരിഞ്ഞുപോരുവാൻ കൂട്ടാക്കാതെ അവിടെത്തന്നെ ഇരുന്നു. "ഞാനും നിന്നോടൊന്നിച്ചു മരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു." അവൾ കണ്ണീരൊഴുക്കിക്കൊണ്ടു പറഞ്ഞു.

ജെസ്റ്റീൻ തൻെറ ദുഃഖത്തെ ഒരുവിധത്തിൽ ഒതുക്കി പുറമെ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ടു് എലിസബെത്തിനെ പിടിച്ചു മാറോടണച്ചു തഴുകി. "ആനന്ദത്തോടുകൂടി ജീവിച്ചു മററുള്ളവരേയും പ്രീതിപ്പെടുത്തുക" എന്നു പറഞ്ഞു യാത്രാനുമതി നല്കി.

അടുത്ത ദിവസം ജെസ്റ്റീൻ മരിച്ചു. എലിസബെത്തിൻെറ അസാധാരണമായ പ്രവൎത്തനങ്ങളൊന്നും ആരായാ

-ധിപൻ കൈക്കൊണ്ടില്ല. ഞാനും എത്രയൊക്കെയോ ശ്രമിച്ചുനോക്കി. ഫലപ്പെട്ടില്ല. അവരുടെ പ്രത്യുത്തരങ്ങളിൽ നീതിയും നിയമവും തലയുയർത്തി നിന്നിരുന്നതിനാൽ എന്റെ വായ അടഞ്ഞുപോയി.

എലിസബെത്തു് തന്റെ ദുഃഖം പുറമെ കാണിക്കാതെ മ്ലാനയായി കഴിഞ്ഞുകൂടി. അതിനു കാരണഭൂതൻ ഞാൻതന്നെയാണല്ലോ. എന്റെ അച്ഛന്റെ പരിതാപം, അസംതൃപ്തി നിറഞ്ഞ ഗൃഹം ഇതിനൊക്കെ മൂലാധാരം ഞാൻ ഒരുവനാണല്ലോ. ദുഃഖമുള്ളവർ നിലവിളിക്കട്ടെ. എന്നാൽ, ഇതു് അവരുടെ അവസാനദുഃഖമാണെന്നു കരുതേണ്ട. അവരുടെ ദുഃഖം ഇനിയും ഇരമ്പിഅലയ്ക്കും. പിതാവേ! ഞാൻ അങ്ങേക്കു മുന്നറിവു തരികയാണു്. അങ്ങയുടെ കണ്ണുനീർ നിലയ്ക്കുന്നതല്ല. അങ്ങയുടെ മകൻ–സൽപുത്രൻ–ആജ്ഞാപിക്കുകയാണു്. അങ്ങു് നിലവിളിച്ചുതന്നെ ജീവിതം മുഴുമിക്കണം. അങ്ങേയ്ക്കുവേണ്ടി രക്തംപോലും ചിന്തുവാൻ തയ്യാറുള്ള അങ്ങയുടെ പുത്രൻ പറയുകയാണു്; അങ്ങു നിലവിളിച്ചു നിലവിളിച്ചു ജീവിതം അവസാനിപ്പിക്കണമെന്നു്.

ഇങ്ങിനെയൊക്കെ എന്റെ ഹൃദയം പുലമ്പി. എന്റെ പാപകൃത്യങ്ങളാൽ മരിച്ചുമണ്ണടിഞ്ഞ വില്യം, ഐസ്റ്റിൻ എന്നീ രണ്ടു പേരുടേയും ശവക്കുഴികൾക്കരികിൽനിന്നു മററവർ നിലവിളിച്ചു കണ്ണീരൊഴുക്കി.

# VI

എൻെറ അളവററ ദുഃഖം കണ്ടു പിതാവു് അതിൻെറ രഹസ്യമൊന്നും അറിയാതെ ഇങ്ങിനെ ആശ്വസിപ്പിക്കുവാൻ തുടങ്ങി. "പ്രിയപ്പെട്ട മകനേ! നീ ഇങ്ങിനെ ഒഴിയാത്ത ദുഃഖത്തിന്നധീനനായികഴിയുന്നതു് മരിച്ചുപോയവരുടെ ആത്മാക്കൾക്കു മോക്ഷത്തിനു തടസ്സമായിരിക്കും. അവക്കു സൽഗതി കിട്ടാൻവേണ്ടിയെങ്കിലും നീ ഇനി അവരുടെ വേർപാടിൽ വ്യസനം പ്രകടിപ്പിക്കാതിരിക്കണം. ഞങ്ങളെത്തന്നെ ആശ്വസിപ്പിക്കേണ്ടവനാണു് നീ. അങ്ങിനെയുള്ള നീ ഇപ്രകാരം ദുഃഖാധീനനായി കഴിഞ്ഞാൽ ഞങ്ങളുടെ സ്ഥിതി എന്താണു്?" അദ്ദേഹത്തിൻെറ കപോലങ്ങളിലൂടെ അശ്രുക്കൾ ത്വരിതഗമനം ചെയ്തു.

ഞങ്ങൾ ജനീവയിലുള്ള വീടുവിട്ടു് ബെൽറിവ് ബംഗ്ലാവിലേയ്ക്കു താമസംമാററി. ഈ പുതിയ പാർപ്പിടത്തിലേക്കു വന്നപ്പോൾ എനിക്കു കൂടുതൽ സംതൃപ്തിയുണ്ടായി. ജനീവയിൽ നേരം ഇരുളടയുമ്പോഴേയ്ക്കും പാറാവുകാർ നഗരവാതിൽ ബന്ധിച്ചുകളയും. ആയതിനാൽ അന്ധകാരത്തിൽ എനിക്കു് ഇഷ്ടംപോലെ ചുററിത്തിരിയുവാനുള്ള സൌകര്യം ലഭിച്ചിരുന്നില്ല. എന്നാൽ ഇവിടെ അങ്ങിനെയല്ല. ബെൽറിവിൽ ഞങ്ങളുടെ പാർപ്പിടത്തെ ചുററി ഒരു തടാകം സ്ഥിതിചെയ്തിരുന്നു. ആയതിനാൽ ഇഷ്ടമെന്നു തോന്നുമ്പോൾ തോണിയുപയോഗിച്ചു് എനിക്കു് എവിടേയ്ക്കു വേണമെങ്കിലും പോകാമാ

യിരുന്നു. അതിന്നുവേണ്ട എല്ലാവക സൌകര്യങ്ങളും അവിടെ ഉണ്ടായിരുന്നു. ഇപ്പോഴും എന്നെ രാപ്പകൽ ഒന്നുപോലെ താന്തനാക്കിക്കൊണ്ടിരുന്നതു് വില്യമിന്റേയും ഐസ്ററിന്റേയും ദയനീയമായ അന്ത്യദശ ഒന്നുമാത്രമായിരുന്നു.

എലിസബെത്തു് അടിക്കടി എന്നെ ആശ്വസിപ്പിച്ചിരുന്നു. "അധർമ്മം എന്നൊന്നു് അരികെപോലും തീണ്ടീട്ടില്ലാത്ത ഒരു പരിശുദ്ധയായിരുന്നു ഐസ്ററിൻ. അകൃത്യങ്ങളും വഞ്ചനകളുമെല്ലാം കഥകളുടെ യോജിപ്പിനുവേണ്ടി കെട്ടിയുണ്ടാക്കി ഘോഷിക്കുന്നവകളാണെന്നായിരുന്നു അവളുടെ അഭിപ്രായം. യഥാർത്ഥം ആലോചിച്ചുനോക്കിയാൽ മനുഷ്യർ രക്തദാഹംപൂണ്ട പിശാചുക്കളെന്നുവേണം പറയുവാൻ. നിസ്സാരമായ ഒരാഭരണത്തിന്നുവേണ്ടി ഒരാൾ ഒരു ജീവനെ നിഷ്ഠുരണം വധിക്കുമോ? അതിലും വിശേഷിച്ചു സ്വന്തപുത്രനെപ്പോലെ ലാളിച്ചു വളർത്തിയ ഒരു പിഞ്ചു പൈതലിനെ. ഈ വാസ്തവമാണെങ്കിൽ ദയയെന്നതു് അവളുടെ ഹൃദയത്തിൽനിന്നും സമൂലം പറിച്ചെറിഞ്ഞു കളഞ്ഞിരിക്കണം. യാതൊരാളുടെ മരണത്തിലും എനിക്കനുഭാവമെന്നതില്ല. എന്നാൽ, അസത്യം സത്യംപോലെ പ്രകടമാകുമ്പോൾ ആർക്കാണു സന്തോഷത്തോടുകൂടി ജീവിക്കുവാൻ സാധിക്കുക? വില്യമും ഐസ്റ്റീനും കൊല്ലപ്പെട്ടുകഴിഞ്ഞു. അവരുടെ ഘാതകൻ രക്ഷപ്പെടുകയും ചെയ്തു. അവനു സഗൌരവം നാട്ടുപ്രമാണിയായി ജീവിതം നയിക്കാം. ഒരാ

ലക്കാറത്തിന്നു് എനിക്കു മരണശിക്ഷ ലഭിച്ചതിൽനിന്നും രക്ഷപ്പെട്ടുവാൻ അവസരമായി ഒത്തുമാറിക്കൊൾക എന്നു പറഞ്ഞാൽ ഞാൻ അതിനോട്ടു തെല്ലും അനുകൂലിക്കയില്ല.”

ഇങ്ങിനെ അവൾ പറഞ്ഞുകേട്ടപ്പോഴുണ്ടായ എൻെറ ഹൃദയസ്ഥിതിയെക്കുറിച്ചു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഞാൻതന്നെയല്ലേ ആ കൊലപാതകി. എൻെറ മുഖത്തിൽ ദുഃഖഭാവം അധികരിച്ചു വരുന്നതുകണ്ടു എലിസബെത്തു് “ഈ സംഭവം നിങ്ങളെ ക്രമാധികം വ്യാകുലചിത്തനാക്കിത്തീർത്തിരിക്കുന്നു. എന്നാൽ നിങ്ങൾ ഇങ്ങിനെ മനസ്സിനെ അസ്വാസ്ഥ്യപ്പെടുത്തി ക്ലേശിക്കേണ്ടതില്ല. ഞങ്ങൾ നിങ്ങളുടെ അരികിൽത്തന്നെ ഉണ്ടല്ലോ.” എന്നു പറഞ്ഞു.

എനിക്കവിടെ ഇരിപ്പുറച്ചില്ല. എൻെറ മനസ്സിനു സമാധാനം ലഭിക്കുവാൻ വീടും നാടും വിടുകതന്നെയായിരിക്കും ഉത്തമമെന്നു തോന്നി. ജീവിതക്ലേശങ്ങളും കുടുംബബന്ധവുമൊക്കെ മറക്കുവാൻ ആൽപ്സ് പർവ്വതത്തിൻെറ സാനുപ്രദേശങ്ങളിലെ ഏകാന്തജീവിതവും അവിടത്തെ പ്രകൃതിസൌഭാഗ്യങ്ങളും അത്യന്തം ഉപകരിക്കുമെന്നു തീർച്ചയാക്കി ഞാൻ അവിടത്തേക്കു പുറപ്പെട്ടു. ഷാമിനോ താഴ്വരയെ ലക്ഷ്യമാക്കിയായിരുന്നു എൻെറ ആദ്യത്തെ യാത്ര. ആ വഴിക്കു ഞാൻ യാത്രചെയ്തിട്ടു് ആറുവർഷങ്ങൾക്കു മേലായിരുന്നു. പകുതിവഴി കുതിരപ്പുറത്തു യാത്രചെയ്തു. മലംപാത സുഗമമല്ലാതിരുന്നതിനാൽ

കതിരപ്പുറത്തുള്ള യാത്ര അത്യന്തം ദുഷ്ക്കരമായി തോന്നി. ഞാൻ കുതിരയെ ഉപേക്ഷിച്ച് തുടർന്നുള്ള യാത്രയ്ക്ക് ഒരു കഴുതയെ സമ്പാദിച്ചു. ഞാൻ നേരെ ആർവ്വ് താഴ്‌വരയിൽ എത്തിച്ചേർന്നു. പാതയുടെ ഇരുവശവുമുള്ള പാറകൾ കുത്തനെ നില്ക്കുന്ന കാഴ്ച ഭയജനകമായിരുന്നു. അടർന്ന് ഒറ്റപ്പെട്ട പുറത്തേക്കു തുറിച്ചുനിന്നിരുന്ന ഉരുളൻ പാറകൾ തലയ്ക്കു വീണേയ്ക്കുമോ എന്ന ഭയം എന്നെ കൂടക്കൂടെ ബാധിച്ചിരുന്നു. ആ പാറക്കെട്ടുകളിലൂടെ അട്ടഹസിച്ചു പാഞ്ഞുപോയിരുന്ന പുഴയുടെ കല്ലോലധ്വനി കർണ്ണകഠോരമായി തോന്നി. താഴ്‌വരയിൽനിന്നും മേപ്പീൻ പുറത്തേക്കു കയറുവാൻ ഞാൻ വെമ്പൽകൊണ്ടു. പ്രകൃതിയുടെ അമോഘവൈചിത്ര്യം എന്നെ പുളകംകൊള്ളിച്ചു. ആൽപ്സ് പർവ്വതത്തിന്റെ തുംഗശിഖരങ്ങൾ വെള്ള പിരമിഡുകൾപോലെ തലയുയർത്തി പ്രകാശിച്ചുനിന്നിരുന്നു.

ഞാൻ വെലിസർ പാലം കടന്നു. അവിടെയാണ് ആർവ്വനദി പർവ്വതത്തെ ഭേദിച്ചു സൃഷ്ടിച്ച താഴ്‌വര തുടങ്ങുന്നത്. ഞാൻ ധൈര്യപൂർവ്വം യാത്രതുടർന്നു മുകളിലേക്കു പൊയ്ക്കൊണ്ടിരുന്നു. നിരവധി ക്ലേശങ്ങൾ സഹിച്ചു ഞാൻ ഒരു കണക്കിൽ സമൗനി താഴ്‌വാരത്തിൽ എത്തിച്ചേർന്നു. ഞാൻ കുറച്ചു മുൻപു തരണംചെയ്ത സേർവോ താഴ്‌വരപോലെ അത്ര നയനാഭിരാമങ്ങളായ പ്രകൃതിവിഭവങ്ങൾ നിറഞ്ഞതല്ലായിരുന്നു. എന്നാൽ, വഴി ജനസഞ്ചാരം ചെയ്തിട്ടുള്ളതിന്റെ അടയാളവും മില്ലാത്തതും മഞ്ഞുകട്ടികൾ, കാട്ടരുവികൾ ഇവ നിറഞ്ഞതവയുമായിരുന്നു. പർവ്വതശിഖരങ്ങളിലെ മഞ്ഞുകട്ടകൾ അടർന്നു

വീണു ചിന്നിച്ചിതറുന്ന ഗംഭീരശബ്ദവും കാതുകളെ അടച്ചു കളയുമാറു് തീവ്രമായി അനുഭവപ്പെട്ടുകൊണ്ടിരുന്നു.

അനവധി അകലത്തിൽ മൌണ്ടുബ്ലാങ്കു് കൊടുമുടി മലയുടെ മകുടംചാർത്തിനില്ക്കുന്ന കാഴ്ച ചേതോമോഹനമായി എനിക്കനുഭവപ്പെട്ടു. പകൽ മുഴുവൻ ഞാൻ ആ താഴ്വരയെങ്ങും ചുററി നടന്നുനോക്കി. ചുററിലും ഉറച്ച നിലയിൽ സ്ഥിതിചെയ്യുന്ന കൊടുമുടികളും മഞ്ഞുപുതച്ചണിഞ്ഞ മൊട്ടക്കുന്നുകളും എൻെറ മനസ്സിനു് എന്തെന്നില്ലാത്ത ആനന്ദത്തെയും സമാധാനത്തെയും നല്കി. രാത്രി അവിടെത്തന്നെ കഴിച്ചുകൂട്ടി. അതുവരെയുണ്ടായ അനുഭവങ്ങളെല്ലാം കേവലം സ്വപ്നങ്ങളെന്നവണ്ണം പിറേറദിവസം രാവിലെ ഞാൻ ഉണർന്നുനോക്കുമ്പോഴും അവയെല്ലാം ഓടി ഒളിച്ചിരുന്നു.

മനസ്സിനുണ്ടായ സമാധാനവും സംതൃപ്തിയും ഇപ്പോഴും എവിടെ? ഈ തമോപടലം വീണ്ടും എൻെറ ഹൃദയത്തെ ഇങ്ങിനെ മൂടിക്കളയുമെന്നാരറിഞ്ഞു! മനോവേഗത്തിനൊപ്പം ഞാൻ മലമുകളിലേയ്ക്കു കയറിക്കൊണ്ടേ ഇരുന്നു. മാർഗ്ഗമദ്ധ്യേ മഞ്ഞുറഞ്ഞ ഒരു നദി വിലങ്ങടിച്ചു സ്ഥിതിചെയ്തിരുന്നു. അവിടെനിന്നും മൌണ്ടു് അൻവർട്ടിലേയ്ക്കു കഷ്ടിച്ചു് ഒരുകാതത്തിലധികം ദൂരമുണ്ടായിരുന്നില്ല. ഞാൻ നിന്നിരുന്ന സ്ഥലത്തിനഭിമുഖമായി സ്ഥിതിചെയ്തിരുന്ന ആ മലയും അതിനപ്പുറത്തായി മൌണ്ടുബ്ലാങ്കു ഗംഭീരാകാരത്തിൽ തലപൊന്തിച്ചു നില്ക്കുന്നുണ്ടായിരുന്നു. വ്യാകുലതപൂണ്ടിരുന്ന എൻെറ മന

സ്സ് ഈ കാഴ്ചകൾ കണ്ടു പ്രസന്നമായി. "മലദൈവങ്ങളായ ദേവഗണങ്ങളെ! എന്നെക്കൂടി നിങ്ങളുടെ കൂട്ടത്തിൽ കൂട്ടുവിൻ" എന്നു ഞാൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

അടുത്ത നിമിഷത്തിൽ വളരെ ദൂരത്തായി ഒരു മനുഷ്യരൂപം എന്റെ ദൃഷ്ടികൾക്കെത്തിപ്പെട്ടു. ആ രൂപം എന്നെ നോക്കി അതിവേഗത്തിൽ ഓടി അടുത്തുകൊണ്ടിരുന്നു. ഞാൻ ചവിട്ടുവാൻ ഭയപ്പെട്ടതും ചവിട്ടിയാൽ ഉ[illegible]ാത്തതുമായ ആ മഞ്ഞുകട്ടികളെ ചവിട്ടിമെതിച്ചുകൊണ്ട് ഒരേ പാച്ചിലായി. പാഞ്ഞു് ആ രൂപം മുന്നോക്കം അടുത്തു. പെട്ടെന്നൊരു ശീതക്കാററു്; അതു മഞ്ഞുമലകളുടെ സമ്പത്താണു്. എന്റെ കണ്ണുകൾ താനേ അടഞ്ഞു. വീണ്ടും ഞാൻ കണ്ണു തുറക്കുംമുൻപേ ആ സത്വരൂപം എന്റെ അരികത്തെത്തി. അതു മററാരുമായിരുന്നില്ല ഞാൻ സൃഷ്ടിച്ചു ജീവൻ നല്കിയ ആ പ്രേതമനുഷ്യൻ; ഞാൻ കാണ്മാനിഷ്ടപ്പെടാത്തതും നീചനീചമായി വെറുക്കുന്നതുമായ ആ ശവംപേറി ലാത്തുന്ന പിശാച്. അവൻ എന്നോടേററവും അടുത്തു. മുഖത്തു പുഞ്ചിരിയും മനസ്സിൽ കോപാവേശവും പ്രകടമായിരുന്നു. കോപവും വെറുപ്പും എന്റെ വായയെ അടച്ചുകളഞ്ഞു. ഞാൻ വളരെ ധൈര്യമവലംബിച്ചുകൊണ്ട് എന്റെ കോപാവേശങ്ങളെ എന്റെ ഹൃദയത്തിൽ എരിഞ്ഞുകൊണ്ടിരുന്ന അഗ്നിപർവ്വതത്തെ അവന്റെ നേർക്കു തുറന്നുവിട്ടു.

"എടാ പിശാചേ! എന്നെ സമീപിക്കുവാൻ ഇനിയും നിനക്കു ധൈര്യമോ? നീ കൊന്നുമുടിച്ചവരുടെ ആത്മശാന്തിക്കുവേണ്ടി നിന്നെ നശിപ്പിക്കാതിരിക്കയോ?"

ഉടനെ അവൻ ഇങ്ങിനെ പ്രതിവചിച്ചു:—

"നിങ്ങഠം ഈവിധം സംസാരിക്കുമെന്നു ഞാൻ മുൻകൂട്ടിത്തന്നെ പ്രതീക്ഷിച്ചിരുന്നതാണു്. എന്നെ കൊല്ലണമെന്നു നിങ്ങഠം പറയുന്നു. എൻെറ ജീവനിൽ തൊട്ടുകളിക്കുവാൻ നിങ്ങഠംക്കെന്തധികാരമാണുള്ളതു്? എന്നോടു മാന്യമാംവിധം പെരുമാറുകയും എന്നെ സൽപഥത്തിലൂടെ നയിക്കുകയും ചെയ്യുക; ഞാനും മനുഷ്യവംശത്തെ മാനിച്ചു മര്യാദയോടെ ജീവിക്കുന്നവനാണു്. എന്നിൽ ജീവകാരുണ്യവും സഹതാപവും കാട്ടാത്തപക്ഷം ഞാൻ മരണദേവതയ്ക്കു് എന്നെ അപ്പിക്കുന്നതാണു്."

"നീയൊരു പിശാചു്. നിനക്കും നീതിയോ?" ഞാൻ ഗജ്ജിച്ചുകൊണ്ടു് അവൻെറ നേക്കു പറഞ്ഞു.

അവൻ തെല്ലു് പിൻവാങ്ങിനിന്നു് "ബദ്ധപ്പെടാതെ, ഞാൻ പറയുന്നതു ക്ഷമയോടുകൂടി കേഠംക്കുക" എന്നിങ്ങിനെ അവൻ സാവധാനത്തിൽ തുടൎന്നു.

"ഞാൻ ഇതേവരെ അനുഭവിച്ചതൊന്നും പോരെന്നുണ്ടോ? ഇനിയും എന്തിനാണു് എൻെറ ദുഃഖത്തെ വദ്ധിപ്പിക്കുന്നതു? ജീവിതം ഒരു വലിയ ദുഃഖഭാണ്ഡമാണു്. അങ്ങിനെയാണെങ്കിൽത്തന്നെയും ജീവനെ രക്ഷിക്കുവാൻവേണ്ടി ഞാൻ അടരാടുകതന്നെ ചെയ്യും. നിങ്ങളേ

ക്കാളം ശക്തിമാനായിട്ടാണു് എന്നെ സൃഷ്ടിച്ചിരിക്കുന്ന തെന്ന വസ്തുത എപ്പോഴും ഓർമ്മയിൽ ഇരിക്കട്ടെ. നിങ്ങളാണു് എന്നെ സൃഷ്ടിച്ചിട്ടുള്ളതു്. നിങ്ങളുടെ ആദാമിനെപ്പോലെ നിങ്ങളുടെ ദയയ്ക്കും പാത്രവാനായി ജീവിക്കുവാൻ ആശിച്ചു. എന്നാൽ ഭ്രഷ്ടു ഭവിച്ച ദേവനായി—പിശാചായി തിരിയുവാനുള്ള ഭാഗ്യമാണു് ലഭിച്ചതു്. ഞാൻ ചുററിസഞ്ചരിച്ചു ദർശിക്കുന്ന സ്ഥലങ്ങളെല്ലാം സുഭിക്ഷമായും സുന്ദരമായുംതന്നെ കാണപ്പെടുന്നു. എന്നാൽ എനിക്കു് അവിടെ എവിടേയും സ്ഥാനമില്ല. ഞാൻ ആദ്യം എത്രയും നല്ലവനായിരുന്നു. ദുഃഖം ഒന്നുമാത്രമാണു് എന്നെ പിശാചാക്കി മാററിയതു്. എന്നെ സന്തോഷപ്പെടുത്തുക. എന്നാൽ, ഞാൻ യോഗ്യനായിത്തീരും. ഈ ഭയങ്കരമഞ്ഞു മാത്രമാണു് എന്നിൽ ദയ ചൊരിയുന്നതു്. നിങ്ങളുടെ മനുഷ്യവർഗ്ഗമല്ല. എൻെറ കഥ കേൾക്കുക. അപ്പോഴെങ്കിലും നിങ്ങളുടെ മനഃസ്ഥിതിക്കു മാററംവരുമോ എന്നു നോക്കാം. ഇവിടത്തെ തണുപ്പു താങ്ങുവാനുള്ള ശക്തി നിങ്ങളുടെ ശരീരത്തിനില്ല. എന്നോടൊന്നിച്ചു് എൻെറ കുടിലിലേയ്ക്കു വരിക" എന്നു പറഞ്ഞു് അവൻ എന്നെ അവിടേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

## VII

“ഞാൻ ജനിച്ചശേഷം കുറേശ്ശെക്കുറേശ്ശെയായി വിശേഷബുദ്ധിയും ലോകഗതിയും ഗ്രഹിക്കുവാൻ തുടങ്ങി. എന്നാൽ, കാട്ടിൽ അലഞ്ഞുതിരിഞ്ഞുള്ള ജീവിതത്തെ പാ

202662
O:3497:1
3ZJ9



ഭാഗ്യവാൻ അനുഗ്രഹിച്ചില്ല. അഗ്നി ശരീരത്തിനാവശ്യമായ ചൂടു നല്കുമെങ്കിലും തൊട്ടാൽ പൊള്ളുമെന്ന പരമാർത്ഥത്തെ അനുഭവത്തിൽനിന്നും ഞാൻ മനസ്സിലാക്കി.

ഒരു ദിവസം തണുപ്പിന്റെ ശക്തി താങ്ങാൻകഴിയാതെ കാട്ടുപാതകളിലൊന്നിലൂടെ നടന്നുകൊണ്ടിരുന്നു. ഒരു കുടിൽ കണ്ടു് സമീപത്തുചെന്നു് അതിനുള്ളിലേക്കൊന്നെത്തിനോക്കി. അകത്തൊരിടത്തായി ഒരു കിഴവൻ എന്തൊക്കെയോ ചെയ്തുകൊണ്ടിരുന്നു. അവന്റെ മുഖഭാവം അവൻ എത്രയും നല്ല ഒരുവനാണെന്നു സൂചിപ്പിച്ചിരുന്നു. ഞാൻ അകത്തേയ്ക്കു കടന്നുചെന്നു. കടന്ന താമസമേ ഉണ്ടായുള്ളു. അവൻ എന്നെ കണ്ടു ഭയന്നു വിറച്ചു് അത്യുച്ചത്തിൽ പ്രലപിച്ചുകൊണ്ടു് അവിടെനിന്നും ഓടിപ്പോയി. എനിക്കു് എന്തെന്നില്ലാത്ത ഖേദം തോന്നി. ഞാൻ അവിടമെല്ലാം ഒന്നു പരിശോധിച്ചു. കയ്യിൽ കിട്ടിയ വസ്തുക്കൾ ഭക്ഷിച്ചു് അന്നുരാത്രി ഞാൻ അവിടെ കിടന്നുറങ്ങി.

ഞാൻ ഉറക്കമുണർന്നുനോക്കിയപ്പോൾ സൂര്യൻ തലയ്ക്കുമീതെ ഉയർന്നിരുന്നു. ഞാൻ കുടിലിൽനിന്നും പുറത്തിറങ്ങി എങ്ങോട്ടെന്നില്ലാതെ കാൽപോയ വഴിക്കു നടന്നു. അങ്ങിനെ പോകുമ്പോൾ ഒരു ഗ്രാമം കാണപ്പെട്ടു. വരി
വരിയായി എത്രയോ വീടുകൾ [illegible] തിര
മ്യങ്ങളായിരുന്നു. അതിൽ ഒ[illegible] ിടേ
യ്ക്കു ആളുകൾ കടന്നുചെന്നു് [illegible] ങ്ങി

MUL
202662

കൊണ്ടുപോകുന്നതായി കണ്ടു. ഞാനും അതുകണ്ടു് അവി ടത്തേയ്ക്കു കടന്നുചെന്നു. ഞാൻ ചെല്ലേണ്ട താമസം. അവിടെയുണ്ടായ ബഹളവും ജനങ്ങളുടെ പരിഭ്രമവും പാച്ചിലും പറഞ്ഞറിയിക്കുക വയ്യ. കുട്ടികളൊക്കെ വാ വിട്ടു നിലവിളിച്ചു. സ്ത്രീപുരുഷന്മാർ മോഹാലസ്യപ്പെട്ടു നിലംപതിച്ചു. നിമിഷനേരത്തിനുള്ളിൽ ഗ്രാമവാസി കൾ ഒന്നായി പാഞ്ഞുവന്നു് എന്നെ നിർദ്ദയം പ്രഹരിക്കു വാൻ തുടങ്ങി. ഞാൻ അടി തടുക്കാൻ കെല്പില്ലാതെ ഓടി കാട്ടിനുള്ളിൽ മറഞ്ഞു രക്ഷപ്പെട്ടു. അതിനുശേഷം ജനസഞ്ചാരമുള്ള സ്ഥലങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഞാൻ ഭയന്നുവിറച്ചിരുന്നു. എന്നെ കണ്ടാൽ ജനങ്ങൾ ഭയപ്പെടുന്നു; ഓടി ഒളിക്കുന്നു. എന്നെ ഹിംസിക്കുന്നു.

സങ്കടം സഹിക്കുവാൻ കഴിവില്ല. ഞാൻ പഴയ പടി തണുപ്പിലും കാട്ടിലും അഭയംതേടി എവിടെയൊ ക്കെ ഉഴന്നുതിരിഞ്ഞുവെന്നോ! ഒടുവിൽ അധികം ജന സഞ്ചാരമില്ലാത്ത ഒരിടത്തു് ഒരു കുടിലും അതോടുചേ ർന്നൊരു തോട്ടവും സ്ഥിതിചെയ്യുന്നതായി കണ്ടു. ആ കുടിലിൽ ഒരു യുവാവും ഒരു യുവതിയും ഒരു വൃദ്ധനും പാ ർത്തിരുന്നു. വൃദ്ധനു കണ്ണുകാണ്മാൻ പാടില്ലായിരുന്നു യു വതി സൌന്ദര്യവതിയാണു്. യുവാവും സുമുഖൻതന്നെ. അവൻ്റെ മുഖത്തു ദുഃഖത്തിൻ്റെ ലാഞ്ഛന പ്രതിബിം ബിച്ചിരുന്നു. ഇവരുമായി അടുത്തുപഴകുവാൻ എനിക്കു അതിയായ ആഗ്രഹമുണ്ടായി. എന്നാൽ, പെട്ടെന്നു കട ന്നുചെല്ലുന്നതായാൽ കാര്യം അപകടത്തിലാകുമെന്നുക ണ്ടു് ഞാൻ ഒരു കൌശലം പ്രയോഗിച്ചു. രാത്രിയിൽ അ

മാരെല്ലാം കിടപ്പായശേഷം ഞാൻ അവരുടെ കുടിലിന്റെ പിൻഭാഗത്തുള്ള തോട്ടത്തിൽനിന്നും വിറകു ശേഖരിച്ചു കൊണ്ടു ചെന്നിടുകയും തൊട്ടിയിൽ വെള്ളം നിറച്ചുവെക്കുകയും ചെയ്തുവന്നു. ആദ്യമാദ്യം ഈ പ്രവൃത്തി ചെയ്യുന്ന ആൾ ഇന്നാളെന്നറിയാതെ അവർ വളരെ അത്ഭുതപ്പെട്ടു. അവരുടെ ഇഷ്ടദേവത അവരിൽ കനിവുണ്ടായി ചെയ്യുന്നതാണെന്നും മറ്റും അവർതമ്മിൽ പറയുന്ന വർത്തമാനങ്ങൾ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു് അതുവഴിക്ക ഞാൻ നിങ്ങളുടെ ഭാഷ അഭ്യസിച്ചു വൃദ്ധന്റെ പേർ ഡിലെസി എന്നും യുവതിയുടേതു് അഗേത എന്നും യുവാവിന്റേതു് ഫെലിക്സ് എന്നുമായിരുന്നു. ഇവരുമായി നേരിട്ടു പഴകുവാനുള്ള കൗശലമെന്തെന്നായിരുന്നു എന്റെ ചിന്ത മുഴുവൻ.

വൃദ്ധൻ ഒരുകാലത്തു വളരെ ഐശ്വര്യത്തിൽ ജീവിച്ചുവന്നിരുന്നവനായിരുന്നു. കാലദോഷത്താൽ സ്വദേശമായ ഫ്രാൻസു വിട്ടോടിപ്പോന്നു് ഇവിടെ പാർപ്പാക്കിയതാണു്. ഡിലെസി അവിടെ ഒരു പ്രബലനായിരുന്നുവത്രെ. ഫെലിക്സ് എന്ന യുവാവു് അയാളുടെ പുത്രനാണു്. ഇവനാണു് വീട്ടുകാര്യങ്ങളും സഹോദരിയുടെ വിദ്യാഭ്യാസച്ചെലവുകളും നിവർത്തിച്ചുവന്നതു്. അവിടെ പാർത്തിരുന്നപ്പോൾ അവൻ ഒരു തുർക്കിക്കാരന്റെ മകളെ സ്നേഹിച്ചിരുന്നു. വസ്തുത ഗ്രഹിച്ച തുർക്കിക്കാരൻ ഫെലിക്സിന്റെയും കുടുംബത്തിന്റെയും പേരിൽ കള്ളക്കേസ്സുകളുണ്ടാക്കി അവരെ [illegible] ദ്രോഹിച്ചു. ഒടുവിൽ അ[illegible] സ്വദേശത്തെ [illegible]

ടി പോകേണ്ടിവന്നു. അങ്ങിനെയാണു് ആ കുടുംബം ഫ്രാൻസുവിട്ടു് ഇവിടെ വന്നു പാൎപ്പുറപ്പിച്ചതു്.

ഈ വൃത്താന്തങ്ങളൊക്കെ ഞാൻ അവരുടെ സംഭാഷണങ്ങളിൽനിന്നും ഗ്രഹിച്ചതാണു്. ഇങ്ങിനെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അശ്വാരൂഢയായ ഒരു സ്ത്രീ യാത്രാക്ഷീണത്തോടുകൂടി വഴിചോദിച്ചുകൊണ്ടു് അവിടെ കടന്നുവന്നു. വീട്ടിനുള്ളിൽനിന്നും ഫെലിക്സ് പുറത്തുവന്നു. ആഗതയെ കണ്ടക്ഷണത്തിൽ അവൻ ആനന്ദപുളകിതനായിത്തീൎന്നു. അവന്റെ കാമിനിയായിരുന്നു അവൾ. അവൾ അവനെ തെരഞ്ഞു പിതാവറിയാതെ ഓടിപ്പോരികയായിരുന്നു. അതോടുകൂടി ആ ചെറുകുടുംബത്തിലെ ആനന്ദം അതീവ വൎദ്ധിച്ചു. ഈ അറബിപ്പെണ്ണിനു ഫെലിക്സ് തന്റെ ഭാഷയും ദേശാചാരങ്ങളുമൊക്കെ വിശദീകരിച്ചു പഠിപ്പിച്ചുകൊടുത്തു. ഒളിഞ്ഞുനിന്നു് അതൊക്കെ അവളോടൊപ്പം ഞാനും പഠിച്ചു.

## VIII

എന്റെ അടുത്തുള്ള കുടിലിൽ വസിക്കുന്നവരുടെ ചരിത്രം ഇതാണു്. അതെന്റെ ഹൃദയത്തിൽ അത്യന്തം ആഴത്തിൽ പതിഞ്ഞു. അവരുടെ നടപ്പു്, പ്രകൃതം, ജീവിതരീതി എന്നിവകൾ മനുഷ്യവംശത്തിന്റെ ധൎമ്മാധൎമ്മവികല്പങ്ങളെ എനിക്കു പഠിപ്പിച്ചുതന്നു.

അധൎമ്മമെന്നതു് എത്തുപെടാത്ത അകലത്തിൽ സ്ഥിതിചെയ്യുന്ന [illegible]

ത്രമായിട്ടാണു് ഞാൻ കരുതിവന്നതു്. എന്റെ കൺമുൻപാകെ ഹൃദയപൂർവ്വമായ അൻപും ഭൂതദയയും നൃത്തംചെയ്തു. എത്ര നല്ല ഗുണങ്ങൾ! എത്ര നല്ല പെരുമാററങ്ങൾ!! മനുഷ്യത്വത്തിന്റെ മഹനീയത സർവ്വത്ര കളിയാടിയിരുന്നു. എന്നാൽ, എനിക്കൊന്നു പറയുവാനുണ്ടു്; എനിക്കു് അറിവു ലഭിക്കുവാൻ ആരംഭിക്കുന്നതിനുമുൻപു് അതേവർഷം ആഗസ്ററുമാസത്തിൽ നടന്ന ഒരു സംഭവം എടുത്തുപറയുവാൻ ഞാൻ മറക്കാൻപാടില്ലാത്തതാണു്.

ഒരു ദിവസം രാത്രി, പതിവുപോലെ സമീപത്തുള്ള കാട്ടിൽ വിറകുശേഖരിക്കുവാനായി ചെന്നു. എന്റെ വിശപ്പടക്കുവാനുള്ള കായ്കനികൾ ഞാൻ സംഭരിക്കുന്നതും അവിടെനിന്നുതന്നെയായിരുന്നു. ഞാൻ പോകുന്നവഴി ക്കൊരിടത്തു് തുറന്ന നിലയിൽ ഒരു പെട്ടി കിടക്കുന്നതായി കണ്ടു. ഞാൻ അടുത്തുചെന്നു സൂക്ഷിച്ചു. അതിൽ ഏതാനും വസ്ത്രങ്ങളും ചില പുസ്തകങ്ങളും ഇരിക്കുന്നതായികണ്ടു. ദൈവാധീനത്താൽ ആ പുസ്തകങ്ങളെല്ലാം ഞാൻ പഠിച്ച ഭാഷയിലുള്ളതായിരുന്നു. അവ, 'സ്വർഗ്ഗാരോഹണം,' 'പ്ലൂട്ടാർച്ചിന്റെ ജീവചരിത്രം', 'വെർഡറിന്റെ ദുഃഖങ്ങൾ' എന്നിവകളായിരുന്നു. ഈ പുസ്തകങ്ങളെ ഞാൻ ഒരനഘനിധിപോലെ കരുതി. ഞാൻ എന്റെ മുഴുവൻ ശ്രദ്ധയും ചെലുത്തി അവ പാരായണം ചെയ്തു. എന്റെ ചിന്തകൾ യഥേഷ്ടം അതിൽ നീന്തി വിഹരിക്കുവാൻ ഞാൻ തുറന്നുവിട്ടു.

ഈ പുസ്തകങ്ങൾ എന്റെ മനഃസ്ഥിതിയെ എത്ര കണ്ടു മാറി എന്നതിനെ വിശദീകരിക്കുവാൻ എനിക്കു ശക്തിപോരാ. അവ എന്റെ ഹൃദയത്തിൽ കോടിക്കണക്കായ പുതിയ ചിത്രങ്ങൾ, സ്മരണകൾ, ആനന്ദം എന്നിവകളെ സൃഷ്ടിച്ചു. എന്നാൽ കാലക്രമത്തിൽ എന്നെ അനന്തമായ ശോകത്തിൽ ആഴ്ത്തി. 'വെർഡ്ഡറിന്റെ ദുഃഖങ്ങൾ' ഒരു സാധാരണ കഥയാണു്. എന്നാൽ അതിൽ നിഗൂഢങ്ങളായ പല തത്വങ്ങളും അടങ്ങിയിരുന്നു. ഞാൻ അതു വായിച്ചുവായിച്ചു് അത്ഭുതപ്പെട്ടു. സാധാരണ ജീവിതം, എന്നാൽ, കുതിച്ചുപായുന്ന ചിന്തകൾ, അങ്ങിനെ അതിൽ അലതല്ലിപ്പോന്നു. ഞാൻ ആ കുടിലിനു സമീപമിരുന്നുകൊണ്ടു് അതിൽ നിവസിക്കുന്നവരുമായി അടുത്തു സഹവസിക്കുവാൻവേണ്ടി ക്ലേശിക്കുന്ന അവസ്ഥ ആ കഥയിലെ പ്രതിപാദ്യവുമായി ഏറെക്കുറെ സാമ്യം വഹിച്ചിരുന്നു എന്നുതന്നെ പറയാം. വെർഡ്ഡർ എന്റെ ഭാവനകളേയും അതിലംഘിച്ചിരുന്നു. അയാൾ കാപട്യമുള്ളവനല്ല. അയാളുടെ ഗുണസമ്പത്തു സുപ്രതിഷ്ഠമായിരുന്നു. മരണം ആത്മഹത്യ എന്നിതുകളെക്കുറിച്ചുള്ള അയാളുടെ അഭിപ്രായങ്ങൾ എന്നെ അതിശയിപ്പിച്ചു എന്നുവേണം പറവാൻ. അയാളുടെ അഭിപ്രായങ്ങൾ ശരിയോ തെറ്റോ എന്നൊന്നും ഖണ്ഡിച്ചു പറവാൻ എനിക്കു പ്രാപ്തിപോരാ. ചുരുക്കിപ്പറഞ്ഞാൽ ഞാൻ അയാളെ വളരെ ബഹുമാനിക്കുന്നു. അയാളുടെ നാശത്തിൽ ഞാൻ എന്തെന്നില്ലാതെ ദുഃഖിച്ചു കണ്ണീർ

പൊഴിച്ചു. പക്ഷേ, അതിനുള്ള കാരണംമാത്രം എനിക്കു മനസ്സിലായില്ല.

ഇനി ഒന്നുകൂടി എനിക്കു പറയുവാനുണ്ടു്. അതായതു് ഞാൻ വായിച്ച പുസ്തകങ്ങളിലെ പ്രതിപാദ്യങ്ങൾ മുഴുവൻ എൻെറ ജീവിതവുമായി വളരെ ബന്ധപ്പെട്ടവയായിരുന്നു. അതിലെ കഥാപാത്രങ്ങളിൽ ഞാനും ഒരുവനായി ഭാവിച്ചു. എനിക്കു പരിചിതരായിത്തീൎന്ന അതിലെ പാത്രങ്ങളെല്ലാം എന്നെപ്പോലെ ദുഃഖാഗ്നിയിൽ നീറി ഉരുകുന്നവരായിരുന്നു. അവരുടെ സംഭാഷണങ്ങൾ എൻെറ ചെകിട്ടിൽ അലപാഞ്ഞു. എന്നാൽ, അതിൻെറ അന്തസ്സാരം മുഴുവൻ എനിക്കു മനസ്സില്ലായില്ലെന്നുമാത്രം. അവ ഉള്ളപടി ഗ്രഹിക്കുവാൻ ഞാനൊരു പണ്ഡിതനൊന്നുമല്ലല്ലോ. എനിക്കു ബന്ധുക്കളോ ചങ്ങാതികളോ ഇല്ല. ആശ്രയിച്ചു ജീവിക്കത്തക്കവണ്ണം എനിക്കൊരു യജമാനനും ഇല്ല. എൻെറ ജീവിതം ഒരു നിയന്ത്രണവുമില്ലാത്ത സ്വതന്ത്രജീവിതമാണു്. ഞാൻ മരിച്ചാൽ സങ്കടപ്പെടുവാനോ നിലവിളിക്കുവാനോ ആരുമില്ല. ഞാനാണെങ്കിൽ കേവലം രാക്ഷസാകാരം പൂണ്ട ഒരു കുരൂപി. ഇതിൻെറ അൎത്ഥമെന്തു? ഞാൻ ആരാണു്? ഞാൻ എന്തിൽനിന്നു് എങ്ങിനെ ജനിച്ചു? എവിടെനിന്നു ഞാൻ വന്നു? ഈ വക ചോദ്യങ്ങൾ എന്നെ അടിക്കടി അലട്ടിവന്നു. ഈ അലട്ടലുകളിൽനിന്നും വേർപെടുവാനുള്ള യാതൊരു പോംവഴിയും എനിക്കു ലഭിച്ചില്ല.

പ്ലൂട്ടാൎച്ചിൻെറ ജീവചരിത്രങ്ങൾ പുരാതന കാല

ത്ത ജനകീയഭരണസമിതികൾ രൂപീകരിച്ചവരുടെ ജീവിതത്തെ ചിത്രീകരിക്കുന്നവകളായിരുന്നു. ഈ പുസ്തകം എന്റെ മനസ്സിനെ ഒരു വിധത്തിൽ പരിപക്വമാക്കിത്തീർത്തു. വെർഡർ എനിക്കു ദുഃഖകാരണങ്ങളെ പഠിപ്പിച്ചുതന്നു. പ്ളൂട്ടാർച്ചാകട്ടെ ഉന്നതമായ ചിന്താശക്തിയും നൽകി. തൽഫലമായി എന്റെ ധിഷണ ചിറകു വിടർത്തി പറന്നു. ഞാൻ പഠിച്ചവകളിൽ പലതും എന്റെ ബുദ്ധിയ്ക്കും അനുഭവങ്ങൾക്കും അതീതമായിരുന്നു. വിശാലങ്ങളായ രാജ്യങ്ങൾ അനന്തങ്ങളായ ഭൂവിഭാഗങ്ങൾ, ജലപ്രവാഹങ്ങൾ, മറുകര കാണാൻ കഴിയാത്ത വിസ്തൃതസമുദ്രങ്ങൾ പരിഷ്കൃത പട്ടണങ്ങൾ എന്നു വേണ്ട പലതും എന്റെ മനോമുകുരത്തിൽ നടമാടി. എന്നാൽ പട്ടണങ്ങൾ, മഹാസഭകൾ, ജനക്കൂട്ടങ്ങൾ എന്നൊക്കെപ്പറഞ്ഞാൽ എന്താണെന്നുമാത്രം എനിക്കറിവില്ല. മനുഷ്യധർമ്മങ്ങൾ പഠിക്കുവാൻ ഉപകരിച്ച എന്റെ പാഠശാല ആ കുടിലായിരുന്നു. മനുഷ്യവംശത്തെ അടക്കിഭരിച്ചു വംശനാശത്തിനു സഹായിക്കുന്ന കൊലപാതകവൃത്തിയിൽ ഏർപ്പെട്ട പ്രശസ്തമനുഷ്യരുടെ ജീവചരിത്രം ഞാൻ വായിച്ചു. ധർമ്മാവേശം എന്റെ ഹൃദയത്തിലുദിച്ചു. അധർമ്മത്തെ വെറുത്തു. അതായതു് അധർമ്മമെന്നു ഞാൻ എന്തിനെ കണക്കാക്കിയോ അതിനെ വെറുത്തു എന്നർത്ഥം. ധർമ്മവും അധർമ്മവും എന്നെ സംബന്ധിച്ചിടത്തോളം എനിക്കു ലഭിച്ച സുഖദുഃഖാനുഭവങ്ങളെ ആശ്രയിച്ചാണു് ഞാൻ വിഭാവന ചെയ്തിട്ടുള്ളതു്. ആ കുടിൽവാസികളുടെ ധർമ്മാനുഷ്ഠാനമുറകൾ പിതൃദായക്രമത്തെ

പുരസ്സരിച്ചുള്ളതായിരുന്നു. അതെനിക്കു വളരെ ഇഷ്ടപ്പെട്ട ഒന്നായിരുന്നു. ഇതിനും വിപരീതമായുള്ള മനുഷ്യവംശത്തിന്റെ ഗതിയെ വേണ്ടവിധത്തിൽ ഞാൻ മനസ്സിലാക്കിക്കൊണ്ടിരുന്നു. എന്നാൽ—അതായതു് കീർത്തിഭ്രമവും കൊലപാതകാസക്തിയും കലർന്ന അസ്ഥിവാരത്തെ തഴുകുവാൻ ഞാൻ പരിചയിച്ചിരുന്നുവെങ്കിൽ എന്റെ മനഃസ്ഥിതി മറ്റുവിധത്തിൽ രൂപാന്തരപ്പെടുമായിരുന്നു.

എന്നാൽ, മിൽട്ടൻ എന്ന ആംഗലകവി എഴുതിയ കാവ്യം ക്രിസ്തീയ പുരാണകഥകളെപ്പോലെ മനുഷ്യവംശത്തിന്റെ പരമ്പരാഗതമായ ശോകാത്മകതയെ വിവരിക്കുന്നതാണു്. സ്വർഗ്ഗാരോഹണം എന്ന കാവ്യം എന്റെ ഹൃദയത്തിൽ മറ്റു ചില ഗാഢചിന്തകളെ ഉദിപ്പിച്ചു. എന്റെ കൈവശം വന്നുചേർന്ന മറ്റു ഗ്രന്ഥങ്ങളെപ്പോലെ ഇതും യഥാർത്ഥമായ ചരിത്രമാണെന്ന വിശ്വാസത്തോടുകൂടിയാണു് ഞാൻ വായിച്ചതു്. സർവ്വശക്തനായ ഈശ്വരൻ താൻ സൃഷ്ടിച്ച ജീവരാശികളോടു സദാ പൊരുതിക്കൊണ്ടിരിക്കുകയാണെന്ന വിശ്വാസം എന്റെ ഹൃദയത്തെ അടിക്കടി ഭീതിക്കും ആശ്ചര്യത്തിനും വിധേയമാക്കിക്കൊണ്ടിരുന്നു. അതിൽ പല രംഗങ്ങളും എന്റെ ജീവിതവുമായി വളരെ യോജിച്ചിരിക്കുന്നു. ആദാമിനെപ്പോലെ ഞാനും ഈ ലോകത്തിലെ മറ്റൊരു ജീവരാശിയുമായി ബന്ധമില്ലാത്തവനാണത്രേ. എന്നാൽ, അവന്റെ അവസ്ഥ എന്റേതിൽനിന്നും വളരെ വിഭിന്നമാണു്. അവൻ ഈശ്വരകരങ്ങളിൽ ആവിർ

വിച്ചതു് പരിപൂർണ്ണരൂപമൂർത്തിയോടും സുഭഗതയോടും കൂടിയാണു്. മാത്രമല്ല, സൃഷ്ടികർത്താവിൻെറ പ്രത്യേക ആനുകൂല്യവും മേൽനോട്ടവും അവനിലുണ്ടായിരുന്നു. ആ നിലയിലാണു് അവൻ വളർന്നുവന്നതു്. മനുഷ്യരാശിയുമായി നേരിട്ടു പെരുമാറുവാനും ആനന്ദമയമായി ജീവിക്കുവാനുമുള്ള സൌകര്യം അവനു വേണ്ടത്രയുണ്ടായിരുന്നു. എന്നാൽ, ഞാൻ ജനിച്ചപ്പോൾ മുതൽ മററുള്ളവരിൽനിന്നും ഒററപ്പെട്ടു നിത്യദുഃഖത്തിൽ ആണ്ടു വളരേണ്ടിവന്നു. മററു ജീവജാലങ്ങളുമായി അടുക്കുവാനോ പരിചയിക്കുവാനോ ഉള്ള യാതൊരു കഴിവുമില്ലാത്ത ഒരുവനായി മാത്രം ഞാൻ അവശേഷിച്ചു. മാത്രമല്ല, എന്നെ സംരക്ഷിച്ചുവരുന്നവരുടെ ഉല്ലാസമയമായ ജീവിതം കാണുന്തോറും എൻെറ ഹൃദയത്തിൽ അസൂയയും പ്രതികാരബുദ്ധിയും ആളിക്കത്തിക്കൊണ്ടിരുന്നു.

ഈ മനഃസ്ഥിതിയെ മറെറാരു സംഭവവും കൂടുതൽ ശക്തിപ്പെടുത്തി. ഞാൻ ഈ കുടിലിലേയ്ക്കു വരുമ്പോൾ നിങ്ങളുടെ പരീക്ഷണശാലയിൽനിന്നും എടുത്തുകൊണ്ടുപോന്നിരുന്ന കുപ്പായത്തിൻെറ കീശയിൽനിന്നും കുറേ കടലാസ്സുകഷണങ്ങൾ കണ്ടുകിട്ടി. ആദ്യം ഞാൻ അതേപ്പററി അത്രയൊന്നും ഗൌനിച്ചില്ല. എന്നാൽ, ഇപ്പോൾ ഞാൻ എഴുതാനും വായിക്കുവാനും പഠിക്കുകയാൽ അതിൽ എന്താണെഴുതിയിരിക്കുന്നതെന്നു പരിശോധിച്ചു. നിങ്ങൾ എന്നെ ജനിപ്പിക്കുന്ന തീയതിക്കു മുൻപുള്ള നാലുമാസത്തെ ദിനക്കുറിപ്പുകളായിരുന്നു അതു്. നിങ്ങ

നിങ്ങളുടെ ഉദ്ദേശ്യസാദ്ധ്യത്തിനായി എന്തെല്ലാം പരിശ്രമങ്ങൾ നടത്തി പടിപടിയായി ഒടുവിൽ വിജയലക്ഷ്യത്തിൽ എത്തിച്ചേർന്നുവെന്നു് വിശദീകരിച്ചെഴുതിയിരുന്ന ആ കുറിപ്പുകൾ ഞാൻ സശ്രദ്ധം വായിച്ചു മനസ്സിലാക്കി. കൂടാതെ നിങ്ങളുടെ കുടുംബത്തിൽ നേരിട്ട സംഭവങ്ങളും അതിൽത്തന്നെ കുറിച്ചിരുന്നു. നിങ്ങൾക്കു് ആ കടലാസ്സിനെപ്പററിയുള്ള ഓർമ്മയുണ്ടായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അവ ഇതാ ഇരിക്കുന്നു. ഞാൻ അവയെ നശിപ്പിച്ചിട്ടില്ല. അതിൽ കാണുന്ന ഓരോ കുറിപ്പും ഈ പാപപങ്കിലവും പാഴുമായ സൃഷ്ടിയെ കുറിക്കുന്നവകളാണു്. ആവേശഭരിതമായ ഈ വ്യവഹ ങ്ങളെ കൺമുൻപാകെ കാണുന്ന മാതിരി അതു ചിത്രീകരിച്ചിരിക്കുന്നു. എൻെറ അഴുക്കുശരീരത്തിലെ ഓരോ അംഗവും സ്പഷ്ടമായി വിവരിച്ചു ചിത്രീകരിച്ചിട്ടുള്ളതിനുപുറമെ അതു കണ്ടു നിങ്ങൾ സംഭ്രാന്തനായെന്നും, ഭയന്നു വിറച്ചുളും എല്ലാം എത്രയും വിശദമായ ഭാഷയിൽ എഴുതി അതിനെ എൻെറ ഹൃദയത്തിലും പ്രതിഫലിപ്പിച്ചു. അതു വായിച്ചപ്പോൾ എനിക്കു ഛർദ്ദിവന്നു. ഞാൻ ജനിച്ച ദിവസത്തെക്കുറിച്ചു് സ്മരിക്കുന്തോറും എനിക്കു എത്രകണ്ടു വെറുപ്പും വിദ്വേഷവുമാണുണ്ടാകുന്നതെന്നു പറഞ്ഞറിയിക്കവയ്യ. പാപപടം പുതച്ച എൻെറ ബ്രഹ്മാവേ! നിങ്ങൾതന്നെ വെറുക്കുന്ന — ഭയക്കുന്ന — ഈ ഘോരരൂപത്തെ നിങ്ങൾ എന്തിനായി എനിക്കു നൽകി? ഈശപ [illegible]

ശക്തിയുമുള്ളതുമായ തന്റെ ആകാരത്തെ തന്നെയാണ് മനുഷ്യനു നൽകീട്ടുള്ളതു്. എന്നാൽ, നിങ്ങൾ എനിക്കു നൽകിയ രൂപം നിങ്ങളുടെ വർഗ്ഗത്തിൽവെച്ചു് ഏററവും ആഭാസമായ ഒന്നാണു്. ചെകുത്താൻകൂടി തന്റെ പരിവാരങ്ങളുമായി— തന്നെ പുകഴ്ത്തുന്ന പിശാചുസമൂഹങ്ങളുമായി— എത്രയോ ആനന്ദമായി ജീവിക്കുന്നു. എന്നാൽ ഞാനാകട്ടെ ഇവിടെ ഏകനായി സകല ജീവജാലങ്ങളുടേയും വെറുപ്പിനു പാത്രീഭൂതനായി ചുററി അലയുന്നു.

എന്റെ ദുഃഖാനുഭവങ്ങൾ എന്നെ അലട്ടുമ്പോഴൊക്കെയും ഞാൻ ഇങ്ങിനെ വിചാരിച്ചുകൊണ്ടിരുന്നു. എന്നാൽ, അനർത്ഥകമായ കാട്ടിൽ വസിക്കുന്ന മനുഷ്യരുടെ ജീവിതരീതികളും പെരുമാററങ്ങളും പഠിച്ചിക്കുമ്പോൾ എനിക്കവരുമായി സഹവസിച്ചാലെന്താണ്, എന്റെ ക്രൂരാകാരത്തെ കണ്ടിട്ടാകിലും അവർക്കെന്നിൽ അനുകമ്പയുണ്ടാകയില്ലേ എന്നു തോന്നി. ഞാൻ എത്രതന്നെ ഭയങ്കരരൂപിയും ഉന്നതകായനുമായിരുന്നാലും അവരുടെ ദയയെ അർത്ഥിച്ചു് കേവലമൊരാശ്രിതനായി ചെല്ലുമ്പോൾ അവർ എന്നെ നിഷ്കരുണം പ്രഹരിച്ചു ബഹിഷ്കരിക്കുമോ എന്നു് ഞാൻ പലതവണ എന്നോടുതന്നെ ചോദ്യംചെയ്തു. അവരുമായി നേരിടുവാൻ വേണ്ട ഒരുക്കങ്ങളിൽ ഞാൻ ഏർപ്പെട്ടു. എങ്കിലും അതിന്റെ പരിണാമം എങ്ങിനെ കലാശിക്കുമെന്ന ചിന്ത എന്നെ വല്ലാതെ അധൈര്യപ്പെടുത്തി. ഒടുവിൽ, എല്ലാംതന്നെ ദൈ

ിട്ടാലും ഒരു പരീക്ഷണം നടത്തുവാൻതന്നെ ഞാൻ ഉറച്ചു. ഏതു രൂപത്തിലാണു് അവരുമായി നേരിടേണ്ടതെന്ന ആലോചനയിൽ ഞാൻ മുഴുകി പല തന്ത്രങ്ങളും ആസൂത്രണം ചെയ്തു. ഒന്നിലും ഉറച്ച നില ലഭിക്കാതെ ഏതാനും മാസങ്ങൾ ഞാൻ മറവിൽത്തന്നെ കഴിഞ്ഞുകൂടി.

അവരുമായി സംബന്ധിക്കുന്നതെങ്ങിനെ? ബെലിക്സും സ്ത്രീകളും കിഴവനെ മാത്രം കുടിലിലാക്കിയിട്ടു പുറമെ പോകുക സാധാരണയായിരുന്നു. ആ സന്ദർഭമുപയോഗിച്ചു് വൃദ്ധന്റെ സ്നേഹം സമ്പാദിക്കാമെന്നു ഞാൻ തീർച്ചയാക്കി. ഒരു ദിവസം ഞാൻ പ്രതീക്ഷിച്ചിരുന്ന സൗകര്യം ലഭിച്ചു. ഞാൻ കുടിലിനുള്ളിൽ സധൈര്യം പ്രവേശിച്ചു. 'ആരാണതു്?' വൃദ്ധൻ എന്നോടു ചോദിച്ചു.

'ഞാൻ നിരാധാരനായ ഒരന്യനാണു്'. ദയക്കുവേണ്ടി യാചിച്ചു നടക്കുന്നവൻ.'

വൃദ്ധൻ അനുനയവാക്കുകളാൽ എന്നെ ആശ്വസിപ്പിച്ചു. ഞാൻ അയാളുടെ ഭൂതദയാവായ്പിൽ ലീനനായി. ഇവിടെ എന്റെ സുഹൃത്തുക്കളുടെ ഹൃദയത്തിൽ കുടികൊള്ളുവാൻവേണ്ടി ഞാൻ ഒരു നുണ പൊട്ടിച്ചു.

'എന്നെ ഒരു ഫ്രഞ്ചുകുടുംബം സംരക്ഷിച്ചുപോരികയായിരുന്നു. എന്തു കാരണത്താൽ എന്നറിവില്ല, അവർ എന്നെ പുറന്തള്ളി. ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. വി

ന്നും അവരുടെ പ്രീതിനേടുവാൻവേണ്ടി ഞാൻ പലശ്രമങ്ങളും ചെയ്തുനോക്കി. ഒരു ഫലവുമുണ്ടായില്ല. അതു് അവരെ സമാധാനപ്പെടുത്തി പ്രീതരാക്കണം. എനിക്കുവേണ്ടി സംസാരിക്കുവാൻ ഈ ലോകത്തിൽ ആരുമില്ല. ഞാൻ വെറുമൊരഗതിയാണു്.'

വൃദ്ധൻ യഥാർത്ഥത്തിൽ വളരെ നല്ലവനും പരിശുദ്ധാത്മാവുമാണു്. 'നീ ഒട്ടും ഭയപ്പെടേണ്ട. ഞാൻ നിനക്കുവേണ്ടി അവരെ കണ്ടു സമാധാനവാക്കുകൾ പറയാം. നീ വാസ്തവത്തിൽ തെറ്റു ചെയ്തിരുന്നാൽകൂടി ക്ലേശിക്കേണ്ട. പാപത്തിന്നും പരിഹാരമുണ്ടു്. അതിന്നു മാപ്പു ലഭിക്കും. അതിരിക്കട്ടെ, നീ പറയുന്ന അവർ ആരാണു്? ആളെ അറിഞ്ഞുവെങ്കിലല്ലേ സംസാരിക്കുവാൻ സാധിക്കൂ?'

ഞാൻ ഇതിന്നെന്താണു് പ്രത്യുത്തരം പറയുക? ഞാൻ യാതൊന്നും പറവാനറിയാതെ അയാളുടെ കാലു പിടിച്ചു നിലവിളിച്ചു. ഈ അവസരത്തിൽ പുറത്തേക്കു പോയിരുന്നവർ തിരിച്ചുവന്നു 'അയ്യോ എന്നെ രക്ഷിക്കുക. ഇതാ വന്നുകഴിഞ്ഞു! ഞാൻ വിശ്വസിക്കുന്നതു് അങ്ങയേയും അങ്ങയുടെ കുടുംബത്തേയും മാത്രമാണു്. ഈ അവസരത്തിൽ എന്നെ ഉപേക്ഷിക്കാതിരിക്കുക.' എന്നു് അത്യുച്ചത്തിൽ പ്രലപിച്ചു.

“ഇതെന്തൊരു മാരണമാണു്, നീ ആരാണു്?” എന്നു ബദ്ധപ്പാടോടെ വൃദ്ധൻ ചോദിച്ചു.

ഇതിനകം പോലീസുകാരും സ്ത്രീകളും കുടിലിനുള്ളിൽ കടന്നുവന്നു. അക്കോ മോഹാലസ്യപ്പെട്ടു നിലംപതിച്ചു. ആ അറബിപ്പെണ്ണു പേടിച്ചുവിറച്ചുകൊണ്ടു പുറത്തേക്കോടിപ്പോയി. ബചിക്കസ് എൻ്റെ നേർക്കണഞ്ഞു് എന്നെ കണക്കിലേറെ പ്രഹരിച്ചു. അപമാനം ഉടിച്ചു നടുക്കവാനുള്ള കോപം എനിക്കുണ്ടായി. അവൻ വീണ്ടും എൻ്റെ നേർക്കു വടി ഓങ്ങി. എന്നാൽ, പ്രതികാരത്തിനു മുതിരാതെ ഞാൻ ഓടിപ്പോന്നു.

നിരാശയും ഖേദവും എൻ്റെ ഹൃദയത്തെ കാർന്നുതിന്നു. ഞാൻ കാട്ടുതോറും അലഞ്ഞുനടന്നു. ഇടയ്ക്കിടെ ദുഃഖം അടക്കവാനാളല്ലാതെ ഞാൻ അത്യുച്ചത്തിൽ പ്രലപിച്ചു. ദഹിച്ചുവശായ മനസ്സിനെ നിലവിളിച്ചു നില വിളിച്ചു തണുപ്പിക്കുവാൻ ഉത്സാഹിച്ചു. ലോകത്തിലെ ശാന്തി എന്നെ പരിഹസിക്കുന്നതുപോലെ തോന്നി. എന്നെ സൃഷ്ടിച്ച പടുപാപി! എനിക്കു ജീവനുണ്ടായിക്കുണ്ടപ്പോൾ എന്തുകൊണ്ടു് എന്നെ കൊന്നുകളഞ്ഞില്ല? ആ കുടിലിനെ അതിൽ വസിക്കുന്ന ശത്രുക്കളോടൊപ്പം ദഹിപ്പിച്ചുകളയുവാൻ എൻ്റെ മനസ്സു വെമ്പൽകൊണ്ടു. പിറ്റേദിവസം പ്രകാശമായപ്പോൾ ഞാൻ പതുങ്ങിപ്പതുങ്ങി അവിടത്തേക്കു ചെന്നു. ബചിക്കസ് എന്നന്നേക്കുമായി ആ പ്രദേശം വിട്ടുപോകുവാൻ തന്നെ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു എന്നു എനിക്കു മനസ്സിലായി. ഞാൻ ചെന്നപ്പോൾ അവൻ കുടിലിൻ്റെ ഉടമസ്ഥനോടു് അവന്നു് അവിടെ പാർക്കുവാൻ സാദ്ധ്യമല്ലെന്നു് കഴി

ങ്ങ സംക്ഷേപത്തെ വിവരിച്ചു പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. അതിനുശേഷം ഞാൻ ആ ദിക്കിലേക്കു പോയിട്ടേ ഇല്ല. സകല ജീവരാശികളേയും ഞൊടിക്കുള്ളിൽ സംഹരിക്കണമെന്ന വൈരാഗ്യം എന്നെ പ്രക്ഷുബ്ധനാക്കി. എന്നാൽ, ആരേയും കൊലപ്പെടുത്തുവാൻ എന്റെ മനസ്സനുവദിച്ചില്ല. കുടിലിനും കാടിനും തീകൊളുത്തി ഞാൻ കൌതുകത്തോടെ തുള്ളിക്കളിച്ചു. അനന്തരം നിങ്ങളുടെ ജന്മസ്ഥലം ജനീവയാണെന്നു മനസ്സിലാക്കി അവിടെ വന്നു നിങ്ങളെ കാണുവാൻ തീരുമാനിച്ചു. ഞാൻ പഠിച്ചതു വിഫലമായില്ല. പറഞ്ഞറിയിക്കവയ്യാത്ത ദുരിതാനുഭവങ്ങൾക്കുശേഷം ഞാൻ ആ ദിക്കിൽ എത്തിച്ചേർന്നു.

ഞാൻ പകലിൽ എങ്ങും സഞ്ചരിക്കുക പതിവേ ഇല്ലായിരുന്നു. ഇരുട്ടിൽ മാത്രമായിരുന്നു എന്റെ സഞ്ചാരം മുഴുവൻ. നല്ല വസന്തകാലം. സൈപ്രസ്സ് മരത്തിന്മേൽ ഞാൻ മറഞ്ഞിരിക്കുന്ന അവസരത്തിൽ ആരോ മനുഷ്യരുടെ ശബ്ദം കേട്ടു. ഞാൻ മറഞ്ഞിരുന്ന മരത്തിനു സമീപമായി ഒരു പെൺകുട്ടി ചിരിച്ചുകൊണ്ട് ഓടിവന്നു. ആരുടെയോ അരികത്തുനിന്നും കളിക്കുവാൻവേണ്ടി ഓടിവന്നതായിരിക്കണം. അടുത്തുകൂടി അതിവേഗത്തിൽ പ്രവഹിച്ചുകൊണ്ടിരുന്ന നദിയുടെ കുത്തനെയുള്ള തീരവക്കത്തുകൂടി ഓടുമ്പോൾ കാൽ വഴുക്കി അവൾ നദിയിലേക്കു മറിഞ്ഞു. പെട്ടെന്നു ഞാൻ മറവിൽനിന്നും ഓടിച്ചെന്നു. നദിയുടെ പ്രവാഹം ശക്തിമത്തായിരുന്നു. ഞാൻ

വളരെ പ്രയാസപ്പെട്ടു കുട്ടിയെ ജലപ്രവാഹത്തിൽനിന്നു പിടിച്ചെടുത്തു കരയിൽ കൊണ്ടുവന്നു കിടത്തി. അതിന്നപ്പോഴും പ്രജ്ഞ നശിച്ചിരുന്നു. ഞാൻ വേണ്ട ശീതോപചാരങ്ങളും ചെയ്യുന്നതിനിടയിൽ ഒരു നാട്ടിൻപുറത്തുകാരൻ അവിടെ വന്നുചേർന്നു. അവൻെറ അരികത്തുനിന്നുമായിരിക്കണം ആ കുട്ടി ഓടി വന്നതു്. അവൻ കുട്ടിയെ എൻെറ പക്കൽനിന്നും പിടിച്ചുവാങ്ങിയശേഷം എന്നെ ഒരു കൈത്തോക്കു ചൂണ്ടി വെടിവെച്ചു. ഞാൻ നിലത്തു മണലിൽ വീണു. അവൻ ക്ഷണത്തിൽ കാട്ടിനുള്ളിലേയ്ക്കു ഓടിപ്പോയി. നന്മചെയ്തതിനു കിട്ടിയ പ്രതിഫലം; വെടിയേററ വേദന സഹിക്കവഹിയാതെ ഞാൻ വളരെ കഷ്ടപ്പെട്ടു. ദീനസ്വരം പുറപ്പെടുവിച്ചു. മനുഷ്യവംശത്തെ നശിപ്പിക്കുകതന്നെ ഇനിമേലത്തെ കർത്തവ്യമെന്നു ഞാൻ വൈരാഗ്യപൂർവ്വം ഉറച്ചുകഴിഞ്ഞു. വെടിയുണ്ട എൻെറ ഭുജത്തിന്മേൽ തുളഞ്ഞുകയറിയിരുന്നു. അതുള്ളിൽ ഇരിപ്പുണ്ടോ പുറത്തേയ്ക്കു പോയോ എന്നൊന്നും എനിക്കു നിശ്ചയമില്ല. ഇരിപ്പുള്ളപക്ഷം പുറത്തെടുക്കുവാനുള്ള വിദ്യയും എനിക്കു വശമില്ല. വേദന വർദ്ധിക്കുംതോറും മനുഷ്യരാശിയെ സംഹരിച്ചു പകവീട്ടുന്നതിൽ എൻെറ മനസ്സു് ത്വരിതപ്രയാണം ചെയ്തുകൊണ്ടിരുന്നു. ഏതാനും ആഴ്ചകൾക്കുള്ളിൽ എൻെറ മുറിവു എങ്ങിനെയോ ഉണങ്ങി. സ്രഷ്ടാവോ കാരണമോ ഒന്നുംതന്നെ എൻെറ മനസ്സിന്നു ആശ്വാസം നല്കിയില്ല.

രണ്ടുമാസങ്ങൾക്കുശേഷം വളരെ സാവധാനത്തിൽ ഞാൻ ജനിമയിൽ എത്തിച്ചേൎന്നു. വിശപ്പും ക്ഷീണവും എന്നെ എന്നെന്നില്ലാതെ തളൎന്നാക്കി. ഇത്ര കൊടുമുടിയിലെ ദൃശ്യസൗന്ദൎയ്യങ്ങൾപോലും എന്റെ മനസ്സിന്നാഹ്ലാദം നല്കിയില്ല."

ഉറക്കം തെല്ലു വിശപ്പടക്കി. എന്നാൽ ഒരു ചെറിയ കുട്ടിയുടെ കരവു് എന്നെ ഉറക്കത്തിൽനിന്നുണൎത്തി. ആ ചെറിയ ബാലൻ കളിക്കലായേണി കരിച്ചു പറഞ്ഞുപോലെ കൂട്ടത്തിൽ എന്റെ അരികത്തു വന്നുചേൎന്നു. ഉടനെ എന്റെ മനസ്സിൽ ഒരു വിചാരമുണ്ടായി. "ഇവൻ ഒന്നുമറിയാത്ത ഒരു പിഞ്ചു പൈതലാണു്. കുരൂപം, സൌന്ദൎയ്യം ഇവകളെക്കുറിച്ചുള്ള യാതൊരു വിവേകവും ഇവനില്ല. ഇവനെ പിടിച്ചുവച്ചു് എന്റെ സ്നേഹിതനായി വളൎത്തിവന്നാൽ എനിക്കു മേലിൽ ലോകത്തു് ഏകനായി ജീവിക്കേണ്ടിവരികയില്ല.

ഞാൻ ആ കുട്ടിയെ എത്തിപ്പിടിച്ചു. ഉടനെ കുട്ടി മുഖം മറച്ചു നിലവിളിക്കുവാൻ തുടങ്ങി. "എന്തിനാണു് കുട്ടീ നിലവിളിക്കുന്നതു്? ഞാൻ നിന്നെ ഒന്നും ചെയ്യുകയില്ല." എന്നിങ്ങിനെ സമാധാനപ്പെടുത്തി.

എന്നാൽ, കുട്ടി എന്റെ പിടിയിൽനിന്നും വിട്ടു പോകുവാൻ കഴിയുന്നത്ര ശ്രമിച്ചു.

"എടാ ഭൂതം! എന്നെ വിടു. ഞാൻ എന്റെ അച്ഛനോടു ചെന്നു പറയും" കുട്ടി ആവേശത്തോടെ പറഞ്ഞു.

"നിന്നെ വിട്ടയച്ചെങ്കിലല്ലേ അച്ഛനോടു ചെന്നു പറയുകയുള്ളു. ഞാൻ നിന്നെ വിട്ടയക്കുകയില്ല. നീ എന്റെ കൂടെ വരണം."

"വിട്ടു ഭൂതം. ഞാൻ അച്ഛനെക്കൊണ്ടു നിന്നെ അടിപ്പിക്കും. എന്റെ അച്ഛൻ ഫ്രാങ്കൻസ്റ്റീനാണു്. നിന്നെ ജയിലിലടയ്ക്കും. എന്നെ വേഗം വിടുന്നതാണു് നിനക്കു നല്ലതു്."

"എന്തു്, നിന്റെ അച്ഛൻ ഫ്രാങ്കൻസ്റ്റീനാണെന്നോ? നീ എന്റെ പരമശത്രുവിന്റെ മകനാണു്. എന്റെ ആദ്യത്തെ ബലി നീതന്നെ." എന്നു പറഞ്ഞു ഞാൻ ക്രോധാവേശത്തോടെ അവന്റെ കഴുത്തിൽ കടന്നുപിടിച്ചു. ഒരൊററ ഞെരിക്കലിൽ അവന്റെ കഥ കഴിഞ്ഞു. ഞാൻ നടത്തിയ കൊല നോക്കിക്കണ്ടപ്പോറം ലോകത്തിൽ കൊലപാതകം നടത്താനുള്ള ശക്തി എനിക്കുമുണ്ടെന്ന വിചാരത്താൽ ആനന്ദമത്തനായിത്തീൎന്നു.

ആ കുട്ടിയുടെ കഴുത്തിൽ ഒരു സ്വൎണ്ണച്ചെയിനും അതിന്റെ തലപ്പിൽ ഒരു ചിത്രവും തൂങ്ങിക്കിടന്നിരുന്നു. ഞാൻ അതു സൂക്ഷിച്ചു. പറഞ്ഞറിയിക്കാൻ വഹിയാത്ത അഴകുള്ള ഒന്നായിരുന്നു അതു്. സൌന്ദൎയ്യവസ്തുക്കറം കാണുന്നതുതന്നെ അസഹ്യമായി തോന്നിയിരുന്ന എനിക്കു് എന്തെന്നില്ലാത്ത കോപമുണ്ടായി.

കോപവെറിയോടുകൂടി ഞാൻ കൊലനടത്തിയ ആ സ്ഥലംവിട്ടു. എവിടേയ്ക്കു പോകണമെന്നൊന്നും എനിക്കൊരുദ്ദേശവുമില്ലായിരുന്നു. കാലുപോയ ദിക്കു ലക്ഷ്യമാ

കരി നടന്നു് ഒടുവിൽ ഒരു തൊഴുത്തുകണ്ടു് അതിൽചെന്നുകൂടി. അപ്പോൾ അവിടെ ഒരു വൈക്കോൽകണ്ടമേൽ ഒരു സ്ത്രീ കിടന്നുറങ്ങുതായി കണ്ടു. ഞാൻ ആ ചിത്രത്തിൽ കണ്ടമാതിരി അത്ര സൌന്ദര്യമുള്ളവളൊന്നുമല്ല അവളെങ്കിലും നല്ല താരുണ്യമുള്ളവളായിരുന്നു. ഞാൻ മെല്ലെ അവളുടെ അരികിലണഞ്ഞു് "നിൻെറ കാമുകൻ എത്തിയിരിക്കുന്നു; എഴുന്നേൽക്കുക" എന്നു് ചെകിട്ടിൽ പറഞ്ഞു. അവൾ ഉറക്കത്തിൽ ഒന്നു ചെരിഞ്ഞുകിടന്നു. എഴുന്നേറ്റേക്കുമോ എന്നു ഞാൻ വല്ലാതെ ഭയപ്പെട്ടുപോയി. അവളെ അപ്പോൾ ഉണർത്തുന്നതുപോലെ മറത്തനം മറെറാന്നില്ല. എൻെറ മനപ്പിശാചു് അവളിലും പകവീട്ടുവാൻ തുടുതുടുത്തു. ഞാൻ കുറച്ചുനേരം അവിടെ അങ്ങിനെ ഇരുന്നശേഷം എൻെറ പക്കലുണ്ടായിരുന്ന ചെയിൻ അവളുടെ സഞ്ചിയിൽ നിക്ഷേപിച്ചിട്ടു് ഞാൻ അവിടന്നും നടന്നു.

ആ സ്ഥലത്തു് ഞാൻ അടിക്കടി പോയിപ്പോന്നിരുന്നു. അതു മറെറാന്നുമല്ല, നിങ്ങൾ വരുമെന്ന ഒരൊററ വിചാരത്താൽ മാത്രം. എന്നാൽ, ലോകം വിട്ടു് എവിടെയെങ്കിലും ഓടി ഒളിക്കണമെന്ന വിചാരവും അടിക്കടി എന്നെ അലട്ടിക്കൊണ്ടിരുന്നു. ഒടുവിൽ ഞാൻ ഈ മഞ്ഞുപടലത്തിൽ വന്നു വാസമുറപ്പിച്ചു.

'ഞാൻ ഏകനായിക്കിടന്നു പരിതപിക്കുകയാണു്. എനിക്കു് എന്നെപ്പോലത്തെ ഒരു സ്ത്രീയെ സൃഷ്ടിച്ചുതരിക: എന്നെപ്പോലുള്ള ഒരു [illegible] എന്നെ [illegible]

രുക്കുകയോ ധിക്കരിക്കുകയോ ചെയ്കയില്ല. അങ്ങിനെ എനിക്കനുരൂപയായ ഒരുവളെ സൃഷ്ടിച്ചുതരേണ്ടതു നിങ്ങളുടെ കടമയാണു".

പ്രേതമനുഷ്യൻ പറഞ്ഞവസാനിപ്പിച്ചു.

## IX

ഞാൻ എന്തെങ്കിലും സമാധാനം പറയുമെന്നു് അവൻ പ്രതീക്ഷിച്ചു. എന്നാൽ എൻെറ മനസ്സു് ആകപ്പാടെ പതറിപ്പോയിരുന്നു. എൻെറ ചിന്തകളെല്ലാം ഛിന്നഭിന്നമായി എന്താണു ചെയ്യേണ്ടതെന്നറിയാതെ ഞാൻ അമ്പരന്നുവശായി. അവൻ വീണ്ടും എന്നെ അലട്ടിത്തുടങ്ങി:—

"എനിക്കുവേണ്ടി ഒരുവളെ നിശ്ചയമായും സൃഷ്ടിച്ചുതരണം. എൻെറ ജീവിതത്തിന്നു് അതൊഴിച്ചുകൂടാത്തതാണു്. ഈ കാര്യം നിങ്ങളാൽ മാത്രമേ സാധ്യമാകയുമുള്ളു, ഇങ്ങിനെ ഒന്നാവശ്യപ്പെട്ടുവാൻ ഞാൻ കടമപ്പെട്ടവനുമാണു്. അതുകൊണ്ടു് എൻെറ ഈ അഭിമതത്തോടു് നിങ്ങൾ അനുകൂലിക്കതന്നെ വേണം."

"എന്നാൽ സാദ്ധ്യമല്ല. നീ എന്നെ ഏതെല്ലാം വിധത്തിൽ ഉപദ്രവിച്ചാലും ഞാൻ അതിനോടു യോജിക്കുകയില്ല. ഒരു സൃഷ്ടികൊണ്ടുതന്നെ ഞാൻ പെടേണ്ടതൊക്കെ പെട്ടു. വീണ്ടും ഞാൻ ഒരനത്ഥംകൂടി ഉണ്ടാക്കിവയ്ക്കുകയോ; അതു സാധിക്കാത്ത കാര്യമാണു്. മാത്രമല്ല,

ഇനി ഒരു ഘോരസൃഷ്ടികൂടി ചെയ്തിട്ടു് നിങ്ങൾ ഇരുവരും ഒത്തൊരുമിച്ചുചെയ്യുന്ന അനത്ഥം ലോകം അനുഭവിക്കുവാൻ ഞാൻ ഒരിക്കലും ഇടവരുത്തുകയില്ല. നീ ഇനി എൻെറ മുമ്പിൽ നില്ക്കേണ്ട. വേഗം പൊയ്ക്കൊള്ളുക.” എന്നു് ഞാൻ അവനോടു ഖണ്ഡിച്ചുപറഞ്ഞു.

“നിങ്ങൾ അങ്ങിനെ ഒരിക്കലും പറയരുതു്. നിങ്ങളുടെ അഭിപ്രായം തെററാണു്. നിങ്ങളുമായി പിണങ്ങാനല്ല ഭാവം. ന്യായവാദങ്ങളെക്കൊണ്ടു നിങ്ങളുടെ മേല്പറഞ്ഞ അഭിപ്രായത്തെ ഖണ്ഡിക്കുവാനാണൊരുക്കം. ഞാൻ അനുഭവിക്കേണ്ടിവന്ന ദുഃഖം ഒന്നുമാത്രമാണു് എന്നെ ഇത്ര നിഷ്ഠുരനായ ഒരു ദുഷ്ടനാക്കിത്തീത്തതു്. മനുഷ്യവർഗ്ഗം ആസകലം എന്നെ കാണുന്ന നിമിഷത്തിൽ വെറുക്കുന്നില്ലേ? സൃഷ്ടിച്ച നിങ്ങൾതന്നെ എന്നെ കഷ്ണം കഷ്ണമാക്കി വലിച്ചെറിയുവാൻ ആഗ്രഹിച്ചില്ലേ? അതൊക്കെ നിങ്ങൾ നല്ലവണ്ണം ആലോചിച്ചുനോക്കീട്ടു സമാധാനം പറയുക. എന്നിൽ അനുഭാവമില്ലാത്ത മനുഷ്യരുടെ നേരെ ഞാൻ എന്തിനു കരുണകാട്ടണം? ഈ മഞ്ഞുപടലത്തിനുള്ളിൽ ആഴ്ത്തി നിങ്ങൾ സൃഷ്ടിച്ച ഈ ശരീരത്തെ നശിപ്പിച്ചാൽ കൊലപാതകമെന്നു പറയുകയില്ലേ? എന്നെ കൊല്ലപ്പെടുത്തുന്ന മനുഷ്യനെ ഞാൻ എന്തിനു ബഹുമാനിക്കണം? ക്രൂരതയ്ക്കു പകരം ദയ പ്രകടിപ്പിക്കട്ടെ. അങ്ങിനെ എന്നിൽ ദയകാണിച്ചാൽ ഞാനും അതുപ്രകാരം ചെയ്യുന്നതാണു്. ചുരുക്കിപ്പറഞ്ഞാൽ യഥാത്ഥമനുഷ്യദ്രോഹി നിങ്ങളാണു്. എന്നെ ആവശ്യമില്ലാതെ സൃഷ്ടിച്ചു് ഈ ദ്രോഹത്തിനൊ

ക്കെ കാരണമാക്കിത്തീത്ത നിങ്ങറം യഥാർത്ഥത്തിൽ ശിക്ഷാർഹനാണു്. ജാഗ്രതയായിരിക്കട്ടെ. ഞാൻ വിനാശപ്പത്തിയിൽമുഴുകും. കട്ടവിൽ എന്നാൽ നിങ്ങറം നശിക്കും.''

അവൻെറ ഭയങ്കരത ഒന്നുകൂടി ശക്തിമത്തായിത്തീന്നു. അവൻ എന്നെ തുറിച്ചുനോക്കികൊണ്ടു് വീണ്ടും തുടന്നു:

“നിങ്ങളോട്ട ശരിയായ ഒരു വാദസമരം നടത്തുവാനാണു് ഞാൻ ആഗ്രഹിച്ചതു്. എന്നാൽ, കോപാവേശം എന്നെ അതിന്നനുവദിക്കുന്നില്ല. ഇതിന്നെല്ലാം കാരണഭൂതൻ നിങ്ങളാണെന്ന വസ്തുതയെ നിങ്ങറം തിരസ്കരിക്കുന്നതാണു് എന്നെ കൂടുതൽ കോപിഷ്ഠനാക്കിത്തീക്കുന്നതു്. എന്നോട്ട ദയ കാണിക്കുന്നപക്ഷം അതിൻെറ ആയിരം മടങ്ങു വിനയം ഞാൻ പ്രകടിപ്പിച്ചു നിങ്ങറംക്കു വിധേയനായി വത്തിക്കും. ഞാൻ ആഗ്രഹിക്കുന്ന ആ പുതിയ സൃഷ്ടി എനിക്കുവേണ്ടി ചെയ്തുതന്നാൽ ലോകവുമായി ഞാൻ ഏതുവിധേനയും അനുരഞ്ജിച്ചു കഴിഞ്ഞുകൂടിക്കൊള്ളാം. ഞാൻ ആവശ്യപ്പെടുന്ന ഈ കാര്യം അത്ര വലുതൊന്നുമല്ല. എന്നെപ്പോലെ വികൃതമായ ഒരു പെൺസ്വരൂപംമാത്രം. അതെത്രയോ തുച്ഛമായ ഒന്നാണു്. എനിക്കു് അങ്ങിനെ ഒരൊററ ആഗ്രഹം മാത്രമേയുള്ളു. നിങ്ങറം യതിച്ചാൽ നിസ്സാരമായി സാധിക്കാവുന്ന ഒരു കാര്യം. ഞങ്ങറം രണ്ടാളും ഒന്നുപോലെ പൈശാചമായ ജന്മമാകുമ്പോറം ഞങ്ങറംക്കുതമ്മിൽ കാമ്യമായ സ്നേഹം ജനിച്ചു ശാശ്വതമായി നിലനിന്നുപോകും.

എന്റെ സ്രഷ്ടകർത്താവേ! ദയചെയ്തു് എന്നിൽ കരുണ പൊഴിച്ചാലും!"

എന്റെ മനം ചിതറി. അതെന്റെ മുഖം പ്രകടമാക്കി.

"നിങ്ങൾ അങ്ങിനെ ചെയ്താൽ ഞങ്ങൾ രണ്ടാളും കൂടി മനുഷ്യസഞ്ചാരമില്ലാത്ത ഏതെങ്കിലും സ്ഥലത്തു പോയി ഒളിഞ്ഞുജീവിച്ചുകൊള്ളാം. ഞങ്ങളുടെ ഭക്ഷണം മനുഷ്യരുടെ മാതിരിയല്ല. കൊന്നുതിന്നാനുള്ള ആഗ്രഹമേ ഇല്ല. ഫലമൂലാദികൾ ഞങ്ങളുടെ വിശപ്പടക്കും. വെറുംനിലം ഞങ്ങൾക്കു സുഖശയ്യയുമാണു്."

"നിനക്കു മനുഷ്യരുമായി സഹവസിക്കുന്നതിലാണു് ആശയെന്നല്ലേ പറഞ്ഞതു്. ആ ആശ നീ നിറവേററാനാണു ഭാവമെങ്കിൽ അതിനു ഞാൻ എങ്ങിനെ സമ്മതംതരും? നിന്റെ ആഗ്രഹമൊക്കെ വലിച്ചെറിഞ്ഞിട്ടു ദൂരത്തെവിടേയ്ക്കെങ്കിലും പൊയ്ക്കൊള്ളൂ; അതാണു നല്ലതു്."

"ഞാൻ എത്ര കേണുപറഞ്ഞിട്ടും നിങ്ങളുടെ മനസ്സിളകുന്നില്ല. ഞാൻ നിങ്ങളുടെ കാല്ക്കൽവീണപേക്ഷിക്കുന്നു. എന്റെ ആഗ്രഹം നിങ്ങൾ സാധിച്ചുതരണം."

ഞാൻ വളരെ നേരം ആലോചിച്ചതിനുശേഷം ഇങ്ങനെ പറഞ്ഞു:—

'നിന്റെ ആഗ്രഹപ്രകാരം ഞാൻ നിനക്കു് ഒരു പെൺരൂപം സൃഷ്ടിച്ചുതന്നാൽ നീ യൂറോപ്പുവിട്ടു പൊ

യ്യോള്ളാമെന്നു സത്യംചെയ്യണം. അങ്ങിനെ ചെയ്താൽ ഞാൻ നിന്നെക്കൊണ്ടു സാധിച്ചുതരാം!

'നീലാകാശത്തിൽ പ്രശോഭിക്കുന്ന സൂര്യൻ സാക്ഷിയായി സത്യം. എന്റെ ഹൃദയത്തിൽ അടിയുറച്ചുകിടക്കുന്ന ദയസാക്ഷിയായി സത്യം. എന്റെ അഭിമതം നിങ്ങൾ സാധിച്ചുതന്നാൽ പിന്നീടൊരുനിമിഷംപോലും ഞാൻ ഈ നാട്ടിൽ തങ്ങുകയില്ല. വേഗം നിങ്ങൾ വീട്ടിലേയ്ക്കു മടങ്ങിപ്പോയി ആ പണിയിൽ ഏർപ്പെടുക. ഞാൻ നിങ്ങളുടെ പരിശ്രമത്തെ പ്രത്യേകം ഗൌനിച്ചുകൊണ്ടു തന്നെ കഴിഞ്ഞുകൂട്ടും. നിങ്ങൾ എന്നെക്കുറിച്ചു് തെല്ലും ഭയപ്പെടേണ്ട. പരിശ്രമം പൂർത്തിയായാലുടൻ ഞാൻ നിങ്ങളുടെ സമീപം എത്തിക്കൊള്ളാം.'

അവൻ ഇത്രയും പറഞ്ഞു് ക്ഷണത്തിൽ അവിടെ നിന്നുംപോയി അടുത്തൊരു കുന്നിൻചരുവിൽ മറഞ്ഞു.

അവന്റെ കഥകൾ പറഞ്ഞവസാനിപ്പിക്കുന്നതിനു് മുൻപു് സൂര്യനും അസ്തമിച്ചു. വേഗത്തിൽ തിരിച്ചുപോകാത്തപക്ഷം ഇരുട്ടിൽ ഉഴലേണ്ടിവരുമായിരുന്നതിനാൽ ഞാൻ അതിവേഗത്തിൽനടന്നു. പകുതി വഴി എത്തിയപ്പോഴേക്കും നേരം നല്ല ഇരുട്ടായിക്കഴിഞ്ഞു. ഞാൻ ഒരിടത്തിരുന്നു. ആകാശത്തിൽ താരാഗണങ്ങൾ കണ്ണുചിമ്മിക്കൊണ്ടിരുന്നു. എതിരെ സ്ഥിതി ചെയ്തിരുന്ന പൈൻ വൃക്ഷങ്ങൾ മതിൽപ്പോലെ കാഴ്ചയെ മറച്ചു. പുഴങ്ങിക്കിടന്നിരുന്ന മരക്കൊമ്പിലൊന്നിൽ ഞാൻ കടന്നിരുന്നു സർവ്വത്ര നിശ്ശബ്ദത കളിയാടി. എന്നാൽ എ

ൻെറ ഹൃദയത്തിലാകട്ടെ അഗ്നിപർവ്വതവും. നക്ഷത്രങ്ങളം എന്നെ നോക്കി പരിഹസിക്കയാണോ എന്നു് തോന്നി.

പിറേറദിവസം രാവിലെ ഞാൻ സാമൌനിഗ്രാമത്തിലെത്തി അവിടെനിന്നും താമസിയാതെ തന്നെ ജനീവയിലും ചെന്നുചേൎന്നു.

ദിവസങ്ങളം കഴിഞ്ഞു് ആഴ്ചകളായി. എൻെറ പ്രവൃത്തി ആരംഭിക്കുവാനുള്ള ധൈര്യം എനിക്കുണ്ടായില്ല. എന്നാൽ, പ്രേതമനുഷ്യൻെറ പ്രതികാരബുദ്ധിയെപ്പററി ഓൎക്കുമ്പോഴം എനിക്കുണ്ടായിരുന്ന ഭയമോ സീമാതീതവുമായിരുന്നു. സ്ത്രീരൂപം സൃഷ്ടിക്കുവാൻ അനവധി മാസങ്ങളോളം സശ്രദ്ധം പഠിച്ചു പണിയെടുക്കണം. ഇംഗ്ലണ്ടിലോളം ഒന്നു പോയിവരുവാൻ അച്ഛനോടു സമ്മതം വാങ്ങിക്കൊണ്ടു് രഹസ്യമായി പണിമുഴുവൻ നിർവ്വഹിക്കാമെന്നു വിചാരിച്ചു. ഞാൻ വാക്കുകൊടുത്തുപോയ കാര്യമായിരുന്നതിനാൽ ഇതിൽനിന്നും പിൻവാങ്ങുവാൻ നിർവ്വാഹമില്ലല്ലോ എന്നു കരുതി മനം പതറുന്നുമുണ്ടായിരുന്നു. എങ്കിലും കാലതാമസം തെല്ലു സ്വാസ്ഥ്യത്തെ ഉണ്ടാക്കാതെയുമിരുന്നില്ല. മനഃപീഡഹേതുവാൽ എൻെറ ശരീരസ്ഥിതി ആദ്യത്തെപോലെ കേവലം മോശമായിത്തീൎന്നു. എൻെറ അച്ഛനും അതിനെ പ്രത്യേകം ഗൌനിച്ചു. അടിക്കടി ആകാശം കറുക്കുന്നതുപോലെ മനസ്സു കറുത്തു തുടങ്ങി. അപ്പോഴേക്കും ഏകാന്ത ജീവിതത്തെ ഞാൻ ആഗ്രഹിച്ചു.

ഒരു ദിവസം അച്ഛൻ എന്നെ സമീപിച്ച് വിവാഹവർത്തമാനം ആരംഭിച്ചു. എനിക്കു പ്രായം അതിക്രമിച്ചിരിക്കുന്നുവെന്നും ആയതിനാൽ എലിസബെത്തൊന്നിച്ച് ഞാൻ കുടുംബജീവിതം നയിച്ചുകാണുവാൻ അദ്ദേഹത്തിന്ന് അതിയായ ആഗ്രഹമുണ്ടെന്നും എന്നോട്ട് പറഞ്ഞു.

ഞാൻ വിവാഹത്തിനു സമ്മതിച്ചു. എന്നാൽ അതിന്ന് കുറച്ചുകാലത്തെ ഇടകൂടി അനുവദിക്കണമെന്ന് ഞാൻ പറഞ്ഞു. എന്റെ പ്രവൃത്തിസംബന്ധിച്ച് ഇംഗ്ലണ്ടിലുള്ള ചില ശാസ്ത്രജ്ഞന്മാരുമായി പലതും ആലോചിച്ചു ഗ്രഹിക്കേണ്ടതുണ്ടായിരുന്നു. അതിന്നായി ചില എഴുത്തുകുത്തുകൾ നടത്തേണ്ടതും അത്യാവശ്യമായിരുന്നു. പ്രേതമനുഷ്യനുമായി ഞാൻ ചെയ്തിട്ടുള്ള കരാറ് പൂർത്തിയാക്കിയാൽ പിന്നെ മനസ്സമാധാനത്തോടുകൂടി ജീവിതം തുടരാമല്ലോ എന്നായിരുന്നു എന്റെ വിചാരം.

ഇംഗ്ലണ്ടിൽ പോയി വരുവാനുള്ള അനുവാദം പിതാവിൽനിന്നും ലഭിച്ചു. സൌകര്യംപോലെ തിരിച്ചുവരുവാനും അദ്ദേഹം പറഞ്ഞു. എന്നാൽ, എന്നോടുപറയാതെ അദ്ദേഹവും എലിസബത്തുംകൂടി ആലോചിച്ച് സ്റ്റ്രാസ്ബെർഗ്ഗിൽനിന്നും ക്ലെർവലിനെ എന്നോടൊന്നിച്ചു സഹായത്തിനു നിയോഗിക്കണമെന്നും തീരുമാനിച്ചിരുന്നു. ഞാൻ ആഗ്രഹിച്ചതോ ഒററക്കു യാത്രചെയ്യണമെന്നതായിരുന്നു. എങ്കിൽ മാത്രമേ എന്റെ ഉദ്ദിഷ്ടം സഫലമായി തീരുവാനൊക്കുമായിരുന്നുള്ളൂ. എങ്കിലും അവരുടെ

ത്തിൽ അയാൾകൂടി ഉണ്ടായിരുന്നാൽ ഏകാന്തതമൂലമുള്ള അസഹ്യതകൾ തെല്ലുശമനം ലഭിക്കുമായിരുന്നു. കൂടാതെ എനിക്കും എന്റെ ശുശ്രൂഷിണമിടയ്ക്കു് അയാൾ ഒരു മതിലായും തീരുമായിരുന്നു.

ഞാൻ സെപ്തംബർ മാസത്തിൽ പുറപ്പെട്ടു. സ്റ്റ്രാസ്ബർഗ്ഗിൽ രണ്ടുദിവസം താമസിച്ചു. ക്ലവർവെൽ വന്നുചേർന്നു. അവിടെനിന്നും തോണിമാർഗ്ഗമായി റാട്ടർടാമിൽ എത്തി ലണ്ടനിലേക്കു കപ്പൽ കയറാമെന്നായിരുന്നു ഞങ്ങളുടെ വിശ്വാസം. മാൻഹീമിൽ ഒരു ദിവസം താമസിച്ചു. അഞ്ചാമത്തെ ദിവസം മെയിൻസിൽ എത്തിച്ചേർന്നു. വഴിനീളെ പല പട്ടണങ്ങളും പുറമേകണ്ടു് റാട്ടർടാമിലൂടെ കപ്പൽവഴി ലണ്ടനിൽ എത്തിച്ചേർന്നു.

ഇന്ത്യയിലേക്കു പോകണമെന്നു് ക്ലവർവെലിന്നു് അതിയായ ആശയുണ്ടായിരുന്നു. അതിലേയ്ക്കു വേണ്ട ഏർപ്പാടുചെയ്യുവാൻ കൂടുതൽ സൌകര്യം ഇംഗ്ലണ്ടിലായിരുന്നതിനാൽ അയാൾ അതിന്നു യത്നിച്ചുകൊണ്ടിരുന്നു. ലണ്ടനിൽ എത്തി ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ എനിക്കു് എഡിൻബറോവിൽനിന്നും ഒരു ക്ഷണക്കത്തു കിട്ടി. കത്തയച്ചസ്നേഹിതൻ ഞങ്ങളുടെവീട്ടിൽ അതിഥിയായി വന്നിട്ടുള്ള ആളായിരുന്നതിനാൽ അവിടേയ്ക്കു പോകുവാൻ ക്ലവർവെലിന്നു ആശയുണ്ടായി. ഞങ്ങൾ എഡിൻബറോവിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ ഇംഗ്ലണ്ടിൽ കാണേണ്ട വിശേഷങ്ങളൊക്കെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടാണു പോയതു്. എഡിൻബറോവിൽ ഒരാഴ്ച താമസിച്ചു

ശേഷം ഞങ്ങളെ ക്ഷണിച്ച സ്നേഹിതൻ കാത്തിരുന്ന സ്ഥലത്തേയ്ക്കു വന്നു. സ്കോട്ടുലണ്ടു് മുഴുവൻ ഏകനായി ചുററിക്കാണണമെന്നായിരുന്നു എൻെറ മോഹം. "രണ്ടു മാസം നിങ്ങൾ ഇവിടെത്തന്നെ പാക്കണം. ഞാൻ ഒററയ്ക്കൊരു യാത്രചെയ്തിട്ടു് അതിനുള്ളിൽ മടങ്ങിവന്നേക്കാം" എന്നു സ്നേഹിതനോടു് പറഞ്ഞു.

ക്ലർവെൽ എൻെറ ഉദ്യമത്തെ തടസ്സപ്പെടുത്തിനോക്കി. ഒടുവിൽ എൻെറ നിർബ്ബന്ധം മൂത്തീകരിച്ചപ്പോൾ അയാളും മൌനംപൂണ്ടു.

X

സ്നേഹിതനെ വിട്ടുപിരിഞ്ഞു് സ്കോട്ടു്ലണ്ടിലെ മനുഷ്യസഞ്ചാരമില്ലാത്ത ഏതെങ്കിലും ഒരു സ്ഥലത്തുചെന്നു തങ്ങി എൻെറ പ്രവൃത്തി ചെയ്തുതീക്കണമെന്നു് ഞാൻ തീരുമാനിച്ചു. ആശ്നിദ്വീപുകളിൽ ഏററവും ദൂരത്തിൽ സ്ഥിതിചെയ്യുന്ന വിജനമായ ഒന്നിൽചെന്നു് എത്രയും വേഗത്തിൽ പണി ആരംഭിച്ചു പൂത്തിയാക്കുവാനായിരുന്നു എൻെറ നിശ്ചയം. ആ ദ്വീപിൽ അധികഭാഗവും ഉയന്ന പാറക്കെട്ടുകളായിരുന്നു. കുറച്ചുസ്ഥലം മാത്രം അതിലെ ചുരുക്കം ജനങ്ങൾക്കുവേണ്ട ധാന്യങ്ങളും കന്നുകാലികൾക്കു തീററപ്പുല്ലും ഉണ്ടാക്കുവാൻ സൌകര്യമായുണ്ടായിരുന്നു. കായ്കനികളോ റൊട്ടിയോ ആവശ്യമുണ്ടെങ്കിൽ ദ്വീപുവിട്ടു് പട്ടണപ്രദേശത്തു പോയി വാങ്ങേണ്ടിയിരുന്നു.

ഞാൻ ചെല്ലുമ്പോഴം അവിടെ ആകെ മൂന്നു ചെറു വീടുകഠം മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ ഒന്നു് ആളുപാർപ്പില്ലാത്തതായിരുന്നതിനാൽ എൻെറ താമസത്തിനായി അതേർപ്പാടുചെയ്തു. രണ്ടുമുറികളാണതിനുണ്ടായിരുന്നതു്. അതിലെ വൃത്തിഹീനതയെക്കുറിച്ചു് പറയാതിരിക്കയാണുഭേദം.

വീട്ടുടമസ്ഥനോടു് അതു കഴിയുന്നത്രവേഗത്തിൽ വെടിപ്പാക്കിത്തരണമെന്നേർപ്പാടു ചെയ്തിട്ടു് ഞാൻ അതിൽ താമസമാക്കി. എൻെറ അവിടത്തേക്കുള്ള ചെല്ലൽ അവിടത്തുകാരെ എന്തെന്നില്ലാതെ സംശയാലുക്കളും പീഡിതരുമാക്കിത്തീർത്തു. ആയതിനാൽ എന്നെ വീട്ടിൽവന്നു് ആരും ശല്യപ്പെടുത്തുമായിരുന്നില്ല. ഏകാന്തതയിൽ നിർവ്വഹിക്കേണ്ട എൻെറ പ്രവൃത്തിക്ക തന്നിമിത്തം അവിടം ഏററവും അനുയോജ്യമായിഭവിച്ചു.

ഞാൻ അവിടെ താമസിച്ചുകൊണ്ടു് രാവിലെ സമയങ്ങളിൽ എൻെറ പ്രവൃത്തിയിൽ ഏർപ്പെടും. വൈകുന്നേരം മഞ്ഞോ മഴയോ ഇല്ലാത്തപക്ഷം പുറത്തിറങ്ങി സമുദ്രത്തിലെ തിരകഠം നോക്കി രസിച്ചുകൊണ്ടിരിക്കും. എന്നാൽ, എന്നും ഈ ഒരേ കാഴ്ചതന്നെ കാണുകയാൽ അതെന്നെ മടുപ്പിച്ചു.

ഉദ്യമം വർദ്ധിച്ചു വരുന്തോറും അതെന്നെ കൂടുതൽ ചിന്താധീനനും ദുഃഖിതനുമാക്കിത്തീർത്തു. കുറച്ചു ദിവസത്തേക്കു് എൻെറ നരകസമാനമായ പ്രവൃത്തിസ്ഥലത്തേക്കു് പോകുവാൻ തന്നെ എൻെറ മനസ്സുമടിച്ചു. ആദ്യം

എനിക്കു് ആ സൃഷ്ടിയുദ്യമത്തിലുണ്ടായിരുന്ന ഉത്സാഹം ഇപ്പോഴാം തെല്ലും ഇല്ലായി. അദ്ധ്വാനത്തിന്റെ ഭീകരത്വം എനിക്കു നല്ല നിശ്ചയമുള്ളതാണു്. എങ്ങിനെയെങ്കിലും അതു പൂൎത്തിയാക്കി വേഗത്തിൽ തിരിച്ചുപോകണമെന്നു കരുതി. എന്നാൽ പ്രവൃത്തിയിൽ ഏൎപ്പെട്ടുമ്പോഴേക്കും കൈകൾ നിരുന്മേഷങ്ങളായിത്തീരും. മനസ്സോ അതീവ വെറുത്തും വശാവും.

ഏകാന്തതയും, മനമില്ലാമനസ്സോടെ ചെയ്ത വേലയും വീണ്ടും എനിക്കു് ഞരമ്പു സംബന്ധമായ രോഗത്തെ ജനിപ്പിച്ചു. വളരെ മണിക്കൂറുകളോളം ഞാൻ കുരങ്ങുപോലെ കാവൽ കണ്ണാക്കെ ദുഃഖാധീനനായി നിരുന്മേഷവാനായിരിക്കും.

ഒടുവിൽ എന്റെ പ്രവൃത്തി പേരിനു മാത്രം പൂൎത്തിയായമട്ടായി. ഇനി ഒട്ടുംതാമസം കൂടാതെ അതു പരിപൂൎണ്ണമാക്കി വിജയം നേടാമെന്ന വിചാരത്താൽ കൂടുതൽ ജാഗ്രതയോടെ പ്രവൎത്തിക്കാൻ തുടങ്ങി. എന്നാൽ, എന്റെ പ്രവൎത്തി നല്ലതിനല്ലെന്നു് എന്റെ ഹൃദയം എന്നോടു മന്ത്രിക്കുവാൻ തുടങ്ങി.

ഒരുദിവസം സൂൎയ്യൻ അസ്തമിച്ചു. ഞാൻ എന്റെ പ്രവൃത്തിമുറിയിൽ ഇരിക്കയായിരുന്നു. ചന്ദ്രൻ ചക്രവാളപരിധിയിൽനിന്നും എത്തിനോക്കുന്നുണ്ടായിരുന്നു ജോലിക്കു വേണ്ടത്ര വെളിച്ചമുണ്ടായിരുന്നില്ല അതിനാൽ ഞാൻ അതുമിതും തൊട്ടുതപ്പിക്കൊണ്ടു്, അലസനായിട്ടാണിരുന്നതു്. തുടൎന്നു് ജോലിചെയ്യുന്നതോ അതോ ...

ടുത്തദിവസം മതിയോ എന്ന ചിന്ത അപ്പോഴും എന്നെ അലട്ടിക്കൊണ്ടിരുന്നു. എന്റെ അതിപ്രയത്നത്തിന്റെ ഫലം ഏതായി അവസാനിക്കുമെന്ന വിചാരമായിരുന്നു മുന്നിട്ടുനിന്നിരുന്നതു്. ഞാൻ ആദ്യം സൃഷ്ടിച്ച ജീവൻ എന്റെ ഹൃദയത്തെ ശ്മശാനമാക്കിത്തീർത്തു. ഇനി ജനിപ്പിക്കുവാൻ പോകുന്നതിന്റെ പ്രകൃതം എങ്ങിനെയിരിക്കുമെന്നാരുകണ്ടു? അവനോടു വാഗ്ദത്തം ചെയ്തുപോയതു് ശരിതന്നെ. എന്നാൽ അതുപ്രകാരം ഞാൻ സൃഷ്ടിക്കുന്ന പെൺ അവനെക്കാളും പതിന്മടങ്ങു് ഭീകരരൂപംപൂണ്ടു കൊലപാതകാസക്തയിൽ മുഴുകിയവളായാൽ? അഥവാ രണ്ടും പരസ്പരം കലഹിച്ചു പ്രതികാരേച്ഛുക്കളായിത്തീന്നാലെങ്കിലോ? അതുമല്ല, അവൾ അവനെ വെറുത്തു മനുഷ്യവർഗ്ഗത്തിലെ പുരുഷന്മാരുടെ സൌന്ദര്യത്താൽ വശീകൃതയായി പാഞ്ഞുമറിക്കുന്നപക്ഷമോ? അതോടെ പ്രേതമനുഷ്യന്റെ ക്രൂരസ്വഭാവം ശക്തിപ്പെട്ടുവെന്നുംവരാവുന്നതാണു്. അങ്ങിനെ സംഭവിക്കുന്ന പക്ഷം എന്താണു ചെയ്യുക?

അതെല്ലാം അങ്ങിനേയുമാകട്ടെ. ഇവർ തങ്ങളുടെ കരാറനുസരിച്ചു് വനാന്തരത്തിൽപോയി ഒളിഞ്ഞുജീവിക്കുമെന്നുമിരിക്കട്ടെ. എന്നാൽ അവരുടെ ദാമ്പത്യജീവിതം പുഷ്പിച്ചു ഫലിച്ചുവെങ്കിലോ? അങ്ങിനെവന്നാൽ കാലക്രമത്തിൽ അവർ മാനവവംശത്തിനു നാശകാരികളായിത്തീരുകയില്ലേ? ഇങ്ങിനെ നിരവധി ചോദ്യങ്ങൾ എന്റെ ഹൃദയത്തിൽ ഉദിച്ചുയർന്നു. അതോടുകൂടി എ

ന്റെ സാധികാരം ശ്രമിക്കുവാൻ തുടങ്ങി. ഞാൻ കിളിവാതലിലൂടെ പുറത്തേക്കു നോക്കി. മങ്ങിയ നിലാവെളിച്ചത്തിൽ ആ ഭയങ്കര രൂപിയായ പ്രേതമനുഷ്യൻ പല്ലിളിച്ചുകൊണ്ടു് എന്നെ നോക്കിയിരിക്കുന്നതായി കാണപ്പെട്ടു.

ഞാൻ എന്റെ കരാറിനെ പാലിക്കുന്നുണ്ടോ എന്നു പരീക്ഷിക്കുവാൻവേണ്ടി അവൻ എന്നെ അനുഗമിച്ചിരുന്നതായിരിക്കണം. ഞാൻ അവനെ സൂക്ഷിച്ചുനോക്കി. അവന്റെ ഹൃദയം പ്രതീകാരപ്രേരിതമാണെന്നു ഒരു ഭാവത്താൽ ഞാൻ അനുമാനിച്ചു. അതോടെ അവനുമായി ചെയ്തിട്ടുള്ള കരാറു് പാലിക്കേണ്ടതു് മഠയത്തരമാണെന്നു തോന്നി. ഞാൻ അതുവരെ ചെയ്തുവച്ചിരുന്നതെല്ലാം ഒന്നായി നശിപ്പിച്ചുകളഞ്ഞു. എന്തെന്നില്ലാത്ത കോപവും പ്രതീകാരബുദ്ധിയും എന്നെ വലയംചെയ്തു. എന്റെ ശരീരം കലികൊണ്ടു വിറച്ചു.

ഇതെല്ലാം വീക്ഷിച്ചുകൊണ്ടുനിന്നിരുന്ന പ്രേതമനുഷ്യൻ അവന്റെ ഹൃദയത്തിലുണ്ടായ ശോകത്തെ ഒന്നുചേർത്തു ഗംഭീരമായി ഒന്നലറി.

ഇനി എന്തുതന്നെ നേരിട്ടാലും ഞാൻ ഈ വേലയിൽ കൈ വെയ്ക്കയില്ലെന്നു് പ്രതിജ്ഞയോടുകൂടി എഴുന്നേററു മുറി പൂട്ടി പുറത്തിറങ്ങി.

കുറെ നേരത്തോളം അസ്വസ്ഥനായി സമുദ്രത്തിലേക്കു നോക്കിക്കൊണ്ടു ഇരുന്നു. അപ്പോൾ പിൻഭാഗത്തുനിന്നു കാൽ പെരുമാറ്റശബ്ദം കേട്ടു [illegible]

ൻ—പ്രേതമനുഷ്യൻ— തന്നെയായിരുന്നു. എന്നെ അവൻ സമീപിച്ചു.

'നിങ്ങൾ ആരംഭിച്ചുവെച്ച പ്രവൃത്തി നശിപ്പിച്ചുകളഞ്ഞു. എന്താണു് നിങ്ങളുടെ ഉദ്ദേശ്യം? ചെയ്ത കരാറിനെ ലംഘിക്കുവാൻ അത്ര കണ്ടു ധൈര്യമോ? ഞാൻ നിങ്ങളെ അന്നു മുതല്ക്കു നിഴൽ പോലെ പിൻ തുടരുന്നുണ്ടായിരുന്നു. താങ്ങാനാവാത്ത വിശപ്പും ക്ഷീണവും ഞാൻ പേറി. എന്നിട്ടെന്തുണ്ടായി? എന്റെ വിശ്വാസത്തെ ധ്വംസിക്കുവാൻ നിങ്ങൾക്കു് അത്രകണ്ടു ധൈര്യമുണ്ടായി അല്ലേ?'

'നിന്റെ വഴിക്കു പോകുന്നതാണു് നല്ലതു്. എന്തു തന്നെ സംഭവിച്ചാലും ഇനി എനിക്കു ആ ദുർഘടംപിടിച്ച പണി സാദ്ധ്യമല്ല. നിന്നെപ്പോലെത്തന്നെ ഭയങ്കരമായ മറ്റൊരു സൃഷ്ടികൂടി ഞാൻ ചെയ്യേണ്ടേ. അതു് സാദ്ധ്യമല്ല.'

അവൻ വീണ്ടും എതിർത്തു സംസാരിച്ചുവെങ്കിലും അതിനെല്ലാം ഞാനും എതിരായി മറുപടി പറഞ്ഞു.

ഒടുവിൽ എന്റെ ദൃഢനിശ്ചയമറിഞ്ഞ അവൻ പറഞ്ഞു:—

'ശരി! ഞാൻ പോകയാണു്. നിങ്ങളുടെ വിവാഹം നിശ്ചയിച്ചുവച്ചിരിക്കയാണല്ലോ. അന്നേദിവസം ഞാൻ നിങ്ങളുടെ അരികത്തുണ്ടായിരിക്കും എന്നുമാത്രം നിങ്ങൾ ഓർമ്മയിൽ വച്ചുകൊള്ളുക.'

'എടാ ദ്രോഹി! എന്റെ മരണത്തെ പ്രതീക്ഷിക്കുന്നതിനു മുമ്പ് നിന്റെ ജീവനെ രക്ഷിക്കുവാനുള്ള വഴി അന്വേഷിച്ചുകൊള്ളുന്നതായിരിക്കും നിനക്കു നല്ലതു്.'

അവൻ യാതൊന്നും പറവാൻ നില്ക്കാതെ അതിവേഗത്തിൽ കാടിപ്പോയി.

ആദ്യം വലിയ വെറുപ്പോടുകൂടിയെങ്കിലും വീണ്ടും ആ പണി ആരംഭിച്ചു പൂർത്തിയാക്കിക്കളയാമെന്നു നിശ്ചയിച്ചു. എന്നാൽ, അടിക്കടി എന്റെ മനഃസ്സാക്ഷി എന്നെ ആ ഉദ്യമത്തിൽനിന്നും തള്ളിനീക്കി.

എന്റെ സൃഷ്ട്യുപകരണങ്ങളെല്ലാം ഒരു കൂടയിലാക്കി ഞാൻ തോണികയറി. അടുത്ത കരയിലേയ്ക്കു നാലു മൈൽ ദൂരം മാത്രമെ ഉണ്ടായിരുന്നുള്ളു.

മേഘശകലങ്ങൾ ചന്ദ്രബിംബത്തെ മറച്ചു. ആ അരണ്ടവെളിച്ചത്തിൽ ഞാൻ കൂട വലിച്ചു വെള്ളത്തിലെറിഞ്ഞശേഷം തോണിയിൽ നീണ്ടുകിടന്നു.

വീണ്ടും എഴുന്നേററുനോക്കിയപ്പോൾ ദിക്കറിയാതെ ഞാൻ നടുക്കടലിൽ അകപ്പെട്ടിരിക്കുന്നതായി മനസ്സിലായി.

തോന്നിയ ദിക്കിലേയ്ക്കു തണ്ടുവലിച്ചു തോണി നയിച്ചു. കുറച്ചുനേരത്തിനുള്ളിൽ കര കണ്ടുകിട്ടി. എന്തെന്നില്ലാത്ത ക്ഷീണം എന്നെ ആക്രമിച്ചു. ഞാൻ താന്തനായി വീണ്ടും തോണിയിൽത്തന്നെ കിടന്നു.

ഞാൻ പിന്നീട പ്രജ്ഞവന്ന കണ്ണുതുറന്നപ്പോഠം കരയ്ക്കാരിടത്ത് എന്നെ ചുററി ചിലർ ഇരുന്നിരുന്നു. അവർ വളരെ പരുഷമായി എന്നോടു സംസാരിച്ചു. ഞാൻ വന്നുചേൎന്നതു് അയർലണ്ടിലാണെന്നു് പിന്നീടെനിക്കു മനസ്സിലായി.

"ഗാവ്വിൻെറ അടുക്കലേക്കു പോകാം" എന്നു പറഞ്ഞു് അവർ എന്നെ കൂട്ടിച്ചുകൊണ്ടുപോയി.

എന്നെ ഗാവ്വിൻെറ സമീപം കൊണ്ടുചെന്നു. അദ്ദേഹം അവിടത്തെ മജിസ്ട്രേട്ടായിരുന്നു. സാക്ഷികളായി ചിലരെ വിസ്തരിച്ചു. ഏതാണ്ടു് ആറുസാക്ഷികളോളും ഹാജരായിരുന്നു.

സമുദ്രതീരത്തായി കിടന്നിരുന്ന ശവശരീരത്തെ കണ്ട വിവരവും കഴുത്തിൽ പതിഞ്ഞിരുന്ന കൈവിരൽ അടയാളും കൊല നടത്തിയതിനുള്ള ലക്ഷ്യമാണെന്ന വിവരവും അവർ പറഞ്ഞു.

ഞാൻ പ്രേതത്തെ ഒന്നു കാണ്മാൻ ആഗ്രഹിച്ചു. മജിസ്ട്രേട്ട് അനുവാദവും നൽകി. എന്നെ ശവശരീരത്തിനുസമീപം കൊണ്ടുപോയി അതു കാട്ടിത്തന്നു. ഞാൻ ഇടിവെട്ടേററതുപോലെ ഒന്നു നടുങ്ങി. അതു് എൻെറ സുഹൃത്തായ ക്ലവർവെലിൻെറ മൃതശരീരമായിരുന്നു. പെട്ടെന്നെനിക്കു് വസ്തുത മനസ്സിലായി. പ്രേതമനുഷ്യൻെറ കരാള്ളകരാംഗുലികഠംതന്നെയാണു് ഈ കൊല നടത്തി

യതെന്നു് ഞാൻ അനുമാനിച്ചു. ഞാൻ പാവീട്ടനിലയ്ളിച്ചുപോയി. എന്റെ ആത്മസുഹൃത്തിനും ഞാൻ കാലനായി പരിണമിച്ചു. അതോടുകൂടി എനിക്കു് സന്നി പിടിപെട്ടു. ഞാൻ രണ്ടു മാസത്തോളം നിശ്ശേഷം കിടപ്പിലായി.

ഏതാണ്ടു് പ്രജ്ഞയുണ്ടായ തരുണത്തിൽ എന്റെ പിതാവു വന്നുചേർന്നു. വിധി എന്നെ വേട്ടയാടുന്നതുകണ്ടു് അദ്ദേഹം അളവറ്റു് പരിതപിച്ചു. ഗാൾവിൻ യഥാർത്ഥത്തിൽ ഒരു നല്ല മനുഷ്യനായിരുന്നു. വാസ്തവസ്ഥിതി ആരാഞ്ഞറിഞ്ഞു നിരപരാധികളെ നിയമത്തിന്റെ നിശിതഹസ്തങ്ങളിൽനിന്നും മോചിപ്പിക്കുന്നതിൽ അദ്ദേഹം തന്റെ കഴിവുകൾ മുഴുവൻ വിനിയോഗിച്ചിരുന്നു. തൽഫലമായി എന്റെ കഴുത്തിൽ കുടുങ്ങിയിരുന്ന കുരുക്കിൽനിന്നും ഞാൻ രക്ഷപ്പെട്ടു. എന്നാൽ, യഥാർത്ഥത്തിൽ കൊലയ്ക്കു് ഹേതുഭൂതൻ ഞാൻതന്നെയായിരുന്നുവല്ലോ.

അച്ഛൻ എന്നെ സമാശ്വസിപ്പിച്ചു് ജനീവയിൽ കൂട്ടിക്കൊണ്ടുവന്നു.

## XI

“കുററവാളി ഞാൻതന്നെയാണല്ലോ” എന്നു് അടിക്കടി ചിന്തിച്ചു ഞാൻ പശ്ചാത്തപിച്ചുകൊണ്ടിരുന്നതിനുള്ള കാരണം അച്ഛനു മനസ്സിലായിരുന്നില്ല. എന്റെ

കണനേരം ചുമക്കുവാനുള്ള കഴിവു് എനിക്കു് തെല്ലുമില്ലാതായി. ഒടുവിൽ മനുഷ്യസഹവാസംതന്നെ എനിക്കു് വെറുപ്പായി തോന്നി.

ഞങ്ങളുടെ വിവാഹദിവസവും ആഗതമായി. അധൈര്യത്താലോ മുൻപു ചെയ്തുപോയിരുന്ന പ്രതിജ്ഞയാലോ എന്തോ എന്റെ ഹൃദയം അതോൎക്കുംതോറും വെന്തുരുകിത്തുടങ്ങി. പുറമെ ഞാൻ സന്തുഷ്ടിഭാവം അഭിനയിച്ചു എന്നുമാത്രം.

എന്റെ സൃഷ്ടി എനിക്കു് യാതൊരുവിധ ദ്രോഹവും ചെയ്യാതിരിക്കത്തക്കവിധത്തിൽ ഞാൻ വേണ്ട ഏൎപ്പാടുകളൊക്കെ ചെയ്തുവെച്ചു. വിവാഹദിവസം സമീപിക്കുംതോറും എന്തു വിഘ്നംതന്നെ നേരിട്ടാലും ഇതു നടത്തുകതന്നെ വേണമെന്ന വൈരാഗ്യവും എനിക്കുണ്ടായികൊണ്ടിരുന്നു. ഞാൻ അതു് ഉറപ്പിച്ചും കഴിഞ്ഞു.

എലിസബെത്തും ഏററവും ഉത്സാഹവതിയായിരുന്നു. ആഡംബരപൂൎവ്വം ഞങ്ങളുടെ വിവാഹവും നടത്തപ്പെട്ടു.

വിവാഹം കഴിഞ്ഞ ഉടൻ ഞങ്ങൾ കടൽമാൎഗ്ഗമായി എവീയൻ എന്ന സ്ഥലത്തുചെന്നു് അവിടെ പ്രഥമരാത്രി കഴിച്ചശേഷം പിറേറദിവസം കാററു് അനുകൂലമെങ്കിൽ ഞങ്ങളുടെ ഉല്ലാസയാത്ര നടത്താമെന്നും തീൎച്ചയാക്കിയിരുന്നു.

എലിസബെത്തു് സന്തോഷസമേതം എന്റെ കൈകപിടിച്ചുകൊണ്ടു് കപ്പലിലേക്കു കയറി. എന്നാൽ, എന്റെ ഹൃദയമാകട്ടെ ചിന്താനിർഭരമായിരുന്നു.

രാത്രി എട്ടുമണിക്കു് ഞങ്ങൾ ഏവിയാനിൽ ചെന്നിറങ്ങി. ഏറ്റവും അടുത്തുസ്ഥിതിചെയ്തിരുന്ന ഒരു സത്രത്തിൽ ഞങ്ങൾ തങ്ങി.

എന്റെ അവസ്ഥാന്തരങ്ങൾ കണ്ടു എലിസബെത്തു് "വിക്റ്റർ! നിങ്ങൾ വളരെ സങ്കടം അനുഭവിക്കുന്നതുപോലെ തോന്നുന്നുവല്ലോ. എന്താണതിനു കാരണം?" എന്നു ചോദിച്ചു.

"ഒന്നുമില്ല. രാത്രി വളരെ ഭയങ്കരമായിരിക്കുന്നു" എന്നു് മറുപടി പറഞ്ഞശേഷം തെല്ലുസമയം ഉലാത്താമെന്നു കരുതി എലിസബെത്തിനോടു് മുറിയിൽ ചെന്നുകിടന്നു കൊള്ളുവാൻ പറഞ്ഞിട്ടു് ഞാൻ പുറത്തേക്കിറങ്ങി. പെട്ടെന്നൊരു ഭീകരശബ്ദം അന്ധകാരത്തേയും എന്റെ ഹൃദയത്തേയും ഭേദിച്ചുകൊണ്ടു് പാഞ്ഞു. ഞാൻ സംഭ്രാന്തനായി സ്തംഭിച്ചുനിന്നു.

ഞാൻ അവളുടെ മുറിയിലേക്കു പാഞ്ഞു. ആ പ്രേതമനുഷ്യൻ ചെയ്ത അക്രമം എന്തു പറയട്ടെ. അതുവരെ ആഹ്ലാദം പൂണ്ടിരുന്ന എലിസബെത്തു് പിണമായി അവശേഷിച്ചുകിടക്കുന്ന ഭയങ്കരകാഴ്ചയാണു് എന്റെ അക്ഷികൾക്കു ലക്ഷ്യീഭവിച്ചതു്.

ഞാൻ അവളുടെ മൃതദേഹത്തിന്മേൽ വീണു നിലവി

വിളിച്ചു. ജന്നൽ തുറക്കപ്പെട്ടു. ആ പിശാചു് എന്നെ നോക്കി പുഞ്ചിരിച്ചു. പിന്നത്തെ ചൂണ്ടിക്കാട്ടി അൎത്ഥഗൎഭമായി എന്തൊക്കെയോ പിറുപിറുത്തു. രോഷാവേശത്തോടെ ഞാൻ ഓടി എന്നീറ്റു് കൈത്തോക്കെടുത്തുകൊണ്ടു അവന്റെ നേക്കു് പാഞ്ഞു വെടിവെച്ചു. എന്നാൽ, അവനാകട്ടെ വായുഃവേഗത്തിൽ ഓടി ഒളിച്ചുകളഞ്ഞു.

വെടിനാദം കേട്ടു് ഓടിക്കൂടിയ ജനങ്ങൾ വസ്തുത ഗ്രഹിച്ചു് അവനെ പിൻതുടൎന്നുനോക്കി. യാതൊരു ഫലവുമുണ്ടായില്ല.

ശവസംസ്കാരകൎമ്മങ്ങളും യഥാവിധി നിൎവ്വഹിക്കപ്പെട്ടു. ഞാൻ ജന്മിവസ്ഥു മടങ്ങി. അവിടെചെന്നുനോക്കുമ്പോൾ എന്റെ പിതാവും മരിച്ചുകിടക്കുന്നതായിട്ടാണു് കാണപ്പെട്ടതു്. മനുഷ്യനു താങ്ങുവാനാകുന്ന ദുഃഖത്തിനുമില്ലേ ഒരതിരു്.

ആ പിശാചിനെ—പ്രേതമനുഷ്യനെ—എന്റെ കൈകൊണ്ടുതന്നെ നിഹനിക്കുന്നതാണെന്നു് ഞാൻ പ്രതിജ്ഞചെയ്തു. അവൻ പ്രയാണംചെയ്ത ദിക്കൊക്കെ ശ്മശാനമാണല്ലോ! അവനെ പിൻതുടരുവാൻ പ്രയാസമുണ്ടായില്ല. ഫ്രാൻസ്, ജൎമ്മനി, റഷ്യമുതലായ ദിക്കുകളൊക്കെ ചുററി കടുവിൽ ഘോരവനാന്തരമായ ഇവിടത്തോളം എത്തിച്ചേൎന്നു. എന്റെ ജീവനും എന്നെ വേൎപ്പിരിയാറായി എന്നു തോന്നുന്നു. നിങ്ങൾ, അവനെ അച്ഛൻ കൊലചെയ്യപ്പെട്ടതിന്റെ ജനങ്ങളുടെ പേർ പറ

ങ്ങളെ വധിക്കുക. ഇതാണ് മനുഷ്യൎക്ക് നിങ്ങൾ എനിക്കുവേണ്ടി ചെയ്യേണ്ട ഏറ്റവും വലിയ ഉപകാരം" എന്നു പറഞ്ഞവസാനിപ്പിച്ചു.

## XII

(വാൽടൻ തന്റെ സഹോദരിക്കെഴുതിയ മററു എഴുത്തുകളുടെ പൂരകം.)

ഞാൻ അവനു് അങ്ങിനെ വാക്കുകൊടുത്തു. എന്നാൽ കപ്പൽക്കാർ ഉടനെ നാട്ടിലേക്കു തിരിച്ചുപോകണമെന്നു ശഠിച്ചുതുടങ്ങി. വസ്തുത ഗ്രഹിച്ച ആ മാന്യൻ സ്വമേധയാ യാത്രക്കുദ്യമിച്ചു. പക്ഷേ, അവന്റെ ഉദ്യമം ഫലിച്ചില്ല. രോഗവും ക്ലേശഭാരവും ഒന്നുകൂടി വൎദ്ധിച്ചുകൊണ്ടിരുന്ന അവന്റെ ആത്മാവു നിശ്ശേഷം സ്തംഭിച്ചുപോയി. അവൻ അവിടെത്തന്നെ വീണുമരിച്ചു. ധീരനായ ആ അന്യൻ—രണ്ടാം ബ്രഹ്മാവു്—അന്തരിച്ചതിന്റെ അടുത്ത ദിവസം പ്രേതമനുഷ്യൻ എങ്ങിനെയോ വിവരമറിഞ്ഞു് അവിടെ എത്തിച്ചേൎന്നു. അവൻ ശവശരീരത്തിന്മേൽ വീണുരുണ്ടു് ദീനദീനം പ്രലപിച്ചു. ഞാനവനെ വളരെ അധിക്ഷേപിച്ചു. എന്നാൽ അവന്റെ പ്രത്യുത്തരങ്ങൾ എന്നെ സ്തബ്ധനാക്കിത്തീൎത്തു.

"നിങ്ങൾ ഫ്രാങ്കൻസ്റ്റീന്റെ ചങ്ങാതിയാണെന്നു പറയുന്നു. അദ്ദേഹം ബദ്ധപ്പാടോടെ പറഞ്ഞുകേൾപ്പിച്ച കഥയിൽ എന്റെ ഹൃദയവേദനയെക്കുറിച്ചു് പൂൎണ്ണമാ

യി വിവരിക്കുവാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചിരുന്നിരിക്കയില്ല. ഞാൻ ദയയേയും സൌഹാർദ്ദത്തെയും ആഗ്രഹിച്ചു. അതു ലഭിച്ചില്ല. യഥാർത്ഥത്തിൽ ഞാൻ തന്നെയാണു് പാപി. എന്നെ എന്തിനു ജനിപ്പിച്ചു?

"ഞാൻ ഇനി ജീവിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഉത്തരധ്രുവത്തിൽ ചെന്നു് ഒരഗ്നികുണ്ഡമുണ്ടാക്കി അതിൽ മുഴുകാനാണു് എന്റെ നിശ്ചയം. അതു തന്നെയാണു് എനിക്കു പരമശാന്തി. ഞാൻ പോകുന്നു."

ക്ഷണത്തിൽ അവൻ ധ്രുവപ്രദേശത്തെ ലക്ഷ്യമാക്കി നടന്നു. പ്രേതമനുഷ്യന്റെ ശോകം വാക്കിൽ അടങ്ങുകയില്ല.

202662
O:3L97:1
3259
MUL
202662

21 JUL 1967